# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



**ഒക്ടോബർ 16**

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

Vol. LXX October 2020 No.8













**ഇസ്രയേലിലെ നസ്രത്തിലുള്ള മംഗളവാർത്താ ദൈവാലയത്തിൽ കുറവിലങ്ങാട് മുത്തിയമ്മയുടെ ഛായാചിത്രം സ്ഥാപിക്കുന്നു**









സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേരി ഇമ്മാക്കുലേറ്റ് രൂപതാ പദവിയിലുള്ള
സമൂഹമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ ഡിക്രി
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നല്കുന്നു.



കോട്ടയം അതിരൂപത ക്നാനായ മലങ്കര സമൂഹത്തിന്റെ
നിയുക്തസഹായമെത്രാൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിന്
പാലാ രൂപതയിൽ നല്കിയ സ്വീകരണം.



മികച്ച പ്രവർത്തനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡുകൾ നേടിയ
നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർമാരെയും വൊളന്റിയർമാരെയും
പാലാ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അനുമോദിക്കുന്നു.



സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ 2020 വർഷത്തിലെ
സ്കോളർഷിപ്പ് വിതരണോദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**OCTOBER 2020**
**Vol. LXX No. 8**

# CONTENTS


ഫ്രാൻസിസ് പാപ്പായുടെ സന്ദേശം ........................................ 663

കച്ചേരിക്കാര്യം ........................................ 669

അറിയിപ്പ് ........................................ 670

വൈദികരുടെ ശ്രദ്ധയ്ക്ക് ........................................ 671

അറിയിപ്പ് ........................................ 672

ലേഖനങ്ങൾ ........................................ 675

വാർത്തകൾ ........................................ 718

ആദരാഞ്ജലികൾ ........................................ 753

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 755

Ref: 3355/K-5/KCBC/OL/DS 19/09/2020

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 2020 ലോക മിഷൻ ദിനം

*ഇതാ ഞാൻ, എന്നെ അയച്ചാലും (ഏശയ്യാ 6:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബർ മാസം സഭ ലോകമെമ്പാടും 'അസാധാരണ മിഷണറിമാസ'മായി അതീവശുഷ്കാന്തിയോടെ ആചരിച്ചതിൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന പ്രമേയത്തെ മുൻനിറുത്തി നടത്തിയ ഈ ആചരണം സമൂഹങ്ങളുടെ മിഷനറി മാനസാന്തരത്തിന് ഏറെ ഉണർവും ഉന്മേഷവും നൽകിയിട്ടുണ്ടെന്നതിൽ എനിക്ക് ഉറച്ച ബോധ്യമുണ്ട്.

കോവിഡ്-19 എന്ന മഹാമാരി വരുത്തിയ ക്ലേശങ്ങളും വെല്ലുവിളികളുംകൊണ്ട് അടയാളപ്പെടുത്തപ്പെട്ട ഈ വർഷം സാർവത്രികസഭ തന്റെ പ്രേഷിതയാത്ര തുടരുന്നത്, "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശയ്യാ 6:8) എന്ന ഏശയ്യാ പ്രവാചകന്റെ തിരുവെഴുത്തുപ്രകാരമാണ്. "ഞാൻ ആരെ അയയ്ക്കും?" എന്ന കർത്താവിന്റെ ചോദ്യത്തിനുള്ള എക്കാലത്തെയും പ്രത്യുത്തരമാണിത്. ലോകത്തിന്റെ വർത്തമാനകാല പ്രതിസന്ധിയിൽ ദൈവത്തിന്റെ കരുണാർദ്രമായ ക്ഷണം സഭയ്ക്കും മനുഷ്യവർഗത്തിനൊട്ടാകെയും ഒരു വെല്ലുവിളിയാണ്. "സുവിശേഷത്തിലെ ശിഷ്യരെപ്പോലെ നമ്മളും അപ്രതീക്ഷിതവും ക്ഷോഭജനകവുമായ കൊടുംകാറ്റിൽപ്പെട്ട് സുരക്ഷിതത്വം നഷ്ടപ്പെട്ട അവസ്ഥയിലാണ്. നമ്മളെല്ലാവരും ദുർബലരും മനമിടിഞ്ഞവരുമായി ഒരേ വഞ്ചിയിലാണെങ്കിലും പരിഗണനാർഹരും വേണ്ടപ്പെട്ടവരുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒത്തൊരുമയോടെ തുഴഞ്ഞ് പരസ്പരം ആശ്വസിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർ എല്ലാവരും ഒരേ സ്വരത്തിൽ ഉത്കണ്ഠാപൂർവം 'ഞങ്ങൾ നശിക്കുകയാണ്' (V. 38) എന്നു നിലവിളിച്ചു പ്രാർത്ഥിച്ചതുപോലെ നമ്മൾ എല്ലാ

വരും ഈ വഞ്ചിയിലായിരുന്നുകൊണ്ട് സ്വാർത്ഥത വെടിഞ്ഞ് കൂട്ടായ്മയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു" (ധ്യാനം, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ, 27 മാർച്ച് 2020). നമ്മൾ യഥാർത്ഥത്തിൽ ചകിതരും മനമിടിഞ്ഞവരുമാണ്. വേദനയും മരണവും നമ്മുടെ നശ്വരമായ മാനുഷികതയെ വെളിവാക്കുന്നു. അതേസമയം അത് ജീവനുവേണ്ടിയും തിന്മയിൽനിന്നു സ്വതന്ത്രരാകുന്നതിനുവേണ്ടിയുമുള്ള നമ്മുടെ ആഗ്രഹത്തെ ശക്തമായി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മിഷനിലേക്കുള്ള വിളി എന്നു പറയുന്നത് ദൈവസ്നേഹത്തെയും സഹോദരസ്നേഹത്തെയുംപ്രതി നമുക്കു പുറമെയുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാനും സേവനം ചെയ്യാനും മധ്യസ്ഥ പ്രാർത്ഥന നടത്താനുമുള്ള ഒരവസരം എന്നതാണ്. ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിക്കുന്ന ഈ ദൗത്യം ഭയത്തിൽനിന്നും അന്തർമുഖതയിൽനിന്നും നമ്മെ മുന്നോട്ടു നയിച്ച് പരോപകാരികളായി ജീവിക്കുവാൻ പ്രാപ്തരാക്കുന്നു. അതുവഴി നമ്മൾ സ്വയാവബോധമുള്ളവരായി മാറി ഒരു നവീകൃത ബോധ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**ദൈവത്തിന്റെ മിഷൻ**

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു (cf യോഹ 19:26-27)വെന്ന യാഥാർത്ഥ്യം പ്രകടമാകുന്നത് യേശു തന്റെ രക്ഷാകരദൗത്യം സാക്ഷാത്കരിച്ച കുരിശിലെ ബലിയിലാണ് (cf യോഹ 19:28-30). സദാ സക്രിയനായി ജീവൻ പ്രദാനം ചെയ്യാൻ എല്ലാവരിലേക്കും എല്ലായ്പോഴും എത്തിച്ചേരുന്ന സ്നേഹംതന്നെയാണ് ദൈവം. അതുകൊണ്ടുതന്നെ അയയ്ക്കപ്പെടാൻവേണ്ടി വ്യക്തിപരമായി മനസ്സാകുവാൻ അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു. പിതാവായ ദൈവം നമ്മോടുള്ള സ്നേഹത്തെപ്രതി തന്റെ പുത്രനായ യേശുവിനെ അയച്ചു (cf യോഹ 3:16). യേശു ദൈവപിതാവിന്റെ മിഷനറിയാണ്: പിതാവിന്റെ ഇഷ്ടത്തോട് അവിടത്തേക്കുള്ള പൂർണമായ അനുസരണം അവിടത്തെ ജീവിതവും ശുശ്രൂഷയുംവഴി വെളിപ്പെടുത്തുന്നു (cf യോഹ 4:34; 6:38; 8:12-30; ഹെബ്രാ 10:5-10). നമുക്കുവേണ്ടി ക്രൂശിതനായി ഉത്ഥാനം ചെയ്ത

ക്രിസ്തു തന്റെ സ്നേഹദൗത്യത്തിലേക്ക് നമ്മെ അടുപ്പിക്കുന്നു. സഭയെ സജീവമാക്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനോടു ചേർന്ന് അവിടന്നു നമ്മെ തന്റെ ശിഷ്യരാക്കുന്നു; ലോകത്തിലേക്കും അതിന്റെ ജനതകളിലേക്കും നമ്മെ അയയ്ക്കുകയും ചെയ്യുന്നു.

"സഭയുടെ പുറപ്പാടായ 'മിഷൻ' എന്നത് ഒരു കർമ്മപരിപാടിയോ ഇച്ഛാശക്തികൊണ്ട് നിർവഹിക്കപ്പെടേണ്ട ഒരു സംഭവമോ അല്ല. അത് തന്നിൽനിന്നു ബഹിർഗമിക്കുവാൻ സഭയെ സഹായിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. സുവിശേഷവത്കരണ ദൗത്യത്തിൽ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നതുകൊണ്ടും സഹായിക്കുന്നതുകൊണ്ടുമാണ് നമുക്ക് പ്രവർത്തിക്കാനാവുന്നത്" (അവനെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാനാവില്ല, LEV San Paolo, 2019, 16–17). ദൈവമാണ് എപ്പോഴും നമ്മെ ആദ്യം സ്നേഹിക്കുന്നതും സ്നേഹംകൊണ്ട് നമ്മെ കണ്ടുമുട്ടുന്നതും, വിളിക്കുന്നതും. നാം സഭയിൽ ദൈവത്തിന്റെ പുത്രീപുത്രന്മാരാണെന്നതിനാലാണ് നമുക്ക് വ്യക്തിപരമായ വിളി വരുന്നത്. സഭ അവിടത്തെ കുടുംബമാണ്. യേശുവിന്റെ സ്നേഹത്തിൽ നമ്മൾ സഹോദരീസഹോദരന്മാരാണ്. എന്നിരുന്നാലും, എല്ലാവർക്കും അവരവരുടേതായ മാനുഷിക മഹത്ത്വമുണ്ട്. അത് ദൈവത്തിന്റെ ക്ഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ ക്ഷണമാകട്ടെ, നമ്മൾ ദൈവമക്കളായിരിക്കാൻവേണ്ടിയുള്ളതാണ്. അതായത്, മാമ്മോദീസ എന്ന കൂദാശയിലും വിശ്വാസത്തിന്റെ സ്വാതന്ത്ര്യത്തിലും, ദൈവത്തിന്റെ ഹൃദയത്തിൽ നാം തുടക്കംമുതലേ എന്തായിരുന്നുവോ, അതായിത്തീരുവാൻ വേണ്ടിയാണ്.

**സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ**

സൗജന്യമായി ലഭിച്ച ഒരു സമ്മാനമെന്നനിലയിൽ മനുഷ്യജീവനിൽ ആത്മദാനത്തിലേക്കുള്ള ഒരു ക്ഷണം അന്തർലീനമായിട്ടുണ്ട്. മാമ്മോദീസ സ്വീകരിച്ചവരിൽ വിവാഹത്തിലും ദൈവരാജ്യത്തെപ്രതിയുള്ള ഷണ്ഡത്വത്തിലും സ്നേഹത്തിന്റെ പ്രത്യുത്തരമായി വികസിക്കുന്ന വിത്താണിത്. മാനുഷികജീവൻ ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് ജന്മമെ

ടുത്ത് സ്നേഹത്തിൽ വളർന്ന്, സ്നേഹത്തിലേക്കു നീങ്ങുന്നു. ദൈവസ്നേഹത്തിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. തന്റെ പുത്രനായ യേശു കുരിശിൽ സമർപ്പിച്ച വിശുദ്ധ ബലിയിലൂടെ പാപത്തെയും മരണത്തെയും ദൈവം കീഴടക്കി (cf. റോമ 8:31-39). ദൈവത്തെ സംബന്ധിച്ച് തിന്മ - പാപംപോലും - കൂടുതൽ സ്നേഹംകൊണ്ട് പ്രത്യുത്തരിക്കേണ്ട ഒരു വെല്ലുവിളിയാണ് (cf മത്താ 5:38-48; ലൂക്കാ 22:33-34). പെസഹാരഹസ്യത്തിൽ ദൈവികകാരുണ്യം നമ്മുടെ മുറിവേറ്റ വ്യക്തിത്വത്തെ സുഖപ്പെടുത്തുന്നു. മാത്രമല്ല, അത് പ്രപഞ്ചം മുഴുവനിലേക്കും ചൊരിയപ്പെടുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ സാർവത്രിക കൂദാശയാണ് സഭ. അത് ചരിത്രത്തിൽ യേശുവിന്റെ ദൗത്യം തുടരുന്നു, എല്ലായിടത്തേക്കും നമ്മെ അയയ്ക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവും സുവിശേഷണപ്രഘോഷണവുംവഴി ദൈവം തന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തുടരാനും അങ്ങനെ ഹൃദയങ്ങളെയും മനസ്സുകളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും എല്ലായിടത്തും എല്ലാക്കാലത്തും രൂപാന്തരപ്പെടുത്താനുമാണത്.

മിഷൻ എന്നത് ദൈവവിളിയോടുള്ള സ്വതന്ത്രവും ബോധപൂർവവുമായ പ്രത്യുത്തരമാണ്. എന്നാലും, സഭയിൽ സന്നിഹിതനായിരിക്കുന്ന യേശുവിനോടു വ്യക്തിപരമായ ബന്ധം ഉള്ളപ്പോൾ മാത്രമേ ഈ വിളി നമ്മൾ തിരിച്ചറിയുകയുള്ളൂ. നമുക്ക് നമ്മോടുതന്നെ ഇങ്ങനെ ചോദിക്കാം: നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാൻ നമ്മൾ തയ്യാറാണോ? മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ ഭാര്യാഭർത്താക്കന്മാരായാലും സമർപ്പിതവ്യക്തികളായാലും തിരുപ്പട്ടം സ്വീകരിച്ചു ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരായാലും, ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ തയ്യാറാണോ? കരുണനിറഞ്ഞ പിതാവായ ദൈവത്തിലുള്ള വിശ്വാസത്തിന് ഏതു സമയത്തും ഏതു സ്ഥലത്തും സാക്ഷ്യം വഹിക്കാനും യേശുക്രിസ്തുവിലുള്ള രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും സഭയെ പടുത്തുയർത്തിക്കൊണ്ട് പരിശു

ദ്ധാത്മാവിന്റെ ദൈവികത പങ്കുവയ്ക്കാനും നാം തയ്യാറാണോ? ദൈവേഷ്ടത്തിനു പൂർണമായി സേവനം ചെയ്യാൻ യേശുവിന്റെ അമ്മയായ മറിയത്തെപ്പോലെ (cf ലൂക്കാ 1:38) തയ്യാറാണോ? "കർത്താവേ, ഇതാ ഞാൻ എന്നെ അയയ്ക്കുക" (cf ഏശ 6:8) എന്ന് ദൈവത്തോട് നാം പറയണമെങ്കിൽ ഈ ആന്ത രിക തുറവ് നമുക്ക് അത്യാവശ്യമാണ്. ഇത് അമൂർത്തമായിട്ടു ള്ളതല്ല. പിന്നെയോ, സഭയുടെയും ചരിത്രത്തിന്റെയും ഈ അധ്യായത്തിലുള്ളതാണ്.

**കാലികമായ മിഷൻ**

ഈ മഹാമാരിയുടെ കാലത്ത് ദൈവം നമ്മോടു എന്താ ണു പറയുന്നതെന്ന് മനസ്സിലാക്കുകയെന്നത് സഭയുടെ മിഷ നറി പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. രോഗങ്ങളും സഹനങ്ങളും ഭയവും ഒറ്റപ്പെടുത്തലുമൊക്കെ നമുക്ക് വെല്ലു വിളിതന്നെയാണ്. ആരുംപോരുമില്ലാതെ തനിച്ചു മരിക്കാൻ വിധിക്കപ്പെട്ടവർ, പരിത്യക്തർ, തൊഴിലും വരുമാനവും നഷ്ട പ്പെട്ടവർ, ഭവനരഹിതർ, ഭക്ഷണമില്ലാത്തവർ എന്നിവരുടെ ദാരിദ്ര്യം നമുക്കൊരു കീറാമുട്ടിയാണ്. സാമൂഹിക അകലം പാലിക്കാനും ഒറ്റയ്ക്കു താമസിക്കാനും നിർബന്ധിക്കപ്പെടുന്ന അവസ്ഥ സാമൂഹികബന്ധങ്ങളും ദൈവവുമായിട്ടുള്ള നമ്മുടെ സാമൂഹികബന്ധവും വീണ്ടും കണ്ടെത്തണമെന്ന് ആവശ്യപ്പെ ടുന്നുണ്ട്. വർധിച്ചുവരുന്ന വിശ്വാസമില്ലായ്മയും നിസ്സംഗതയും ഒഴിവാക്കി, മറ്റുള്ളവരോടു ബന്ധപ്പെടാനുള്ള നമ്മുടെ മാർഗ ത്തെക്കുറിച്ചു കൂടുതൽ ശ്രദ്ധിക്കാൻപോലും ഈ അവസ്ഥ നമ്മെ നിർബന്ധിക്കണം. ദൈവം നമ്മെ സ്പർശിക്കുകയും നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥന വഴി മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളോട് നമ്മെ കൂടു തൽ തുറവുള്ളവരാക്കുകയും വേണം. അതുപോലെതന്നെ സർവസൃഷ്ടികളെയും സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ളവ രുമാക്കണം. ഒരു സഭയായി സമ്മേളിച്ച് കുർബാനയാഘോഷി ക്കാൻ സാധ്യമല്ലാത്ത അവസ്ഥ, ഓരോ ഞായറാഴ്ചയും കുർബാനയാഘോഷിക്കാൻ കഴിയാത്ത അനേകം ക്രൈസ്തവസമൂഹങ്ങളുടെ അനുഭവം തിരിച്ചറിയുന്നതിന്

നമ്മെ സഹായിച്ചിട്ടുണ്ട്. ഇതിലെല്ലാം ദൈവത്തിന്റെ ചോദ്യം ഒരിക്കൽക്കൂടി നമ്മിലേക്കു വരുന്നു. അവിടുന്ന് നമ്മുടെ ഉദാരപൂർണവും ബോധ്യമാർന്നതുമായ ഉത്തരത്തിനായി കാത്തിരിക്കുന്നു: "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ 6:8). ലോകത്തിലേക്കും ജനതകളിലേക്കും തന്റെ സ്നേഹത്തിനും പാപത്തിൽനിന്നും മരണത്തിൽനിന്നും താൻ നല്കുന്ന മോചനത്തിനും തിന്മയിൽനിന്നു നല്കുന്ന രക്ഷയ്ക്കും സാക്ഷ്യം വഹിക്കുന്നതിന് ആരെ അയയ്ക്കാൻ കഴിയുമെന്ന് കാണാൻ ദൈവം തുടർച്ചയായി കാത്തിരിക്കുന്നു (cf മത്താ 9:35-38; ലൂക്കാ 10:1-12).

ലോക മിഷൻദിനാഘോഷം സഭയിലെ യേശുവിന്റെ മിഷൻ പ്രവർത്തനങ്ങളിൽ പ്രാർത്ഥന, ധ്യാനം, സാമ്പത്തിക സഹായം നല്കൽ എന്നീ മാർഗങ്ങളിലൂടെ സജീവമായി പങ്കുചേരാനുള്ള ഉറപ്പാർന്ന സന്ദർഭങ്ങൾകൂടിയാണ്.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ എന്റെ പേരിൽ നിർവഹിക്കുന്ന പ്രേഷിതപ്രവർത്തനത്തെ പിന്താങ്ങാനും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ലോകമാസകലമുള്ള ജനതകളുടെയും സഭകളുടെയും ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഒക്ടോബർ മൂന്നാം ഞായറാഴ്ചയിലെ ആരാധനാക്രമാനുഷ്ഠാനമധ്യേ ശേഖരിക്കുന്ന സംഭാവനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പരസ്നേഹം.

സുവിശേഷവത്കരണത്തിന്റെ നക്ഷത്രവും പീഡിതരുടെ ആശ്വാസവും പുത്രനായ യേശുവിന്റെ മിഷണറി ശിഷ്യയുമായ പരിശുദ്ധ കന്യാസ്ത്രീമറിയം നമുക്കുവേണ്ടിയുള്ള മധ്യസ്ഥയാചന തുടരുകയും നമ്മെ താങ്ങിനിറുത്തുകയും ചെയ്യട്ടെ.

റോമാ, സെന്റ് ജോൺ ലാറ്ററൻ, 31 മേയ് 2020,

പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

# കച്ചേരിക്കാര്യം

# Transfer and Appointment

| | Name & Office | w.e.from |
|---|---|---|
| 1. | **Fr. Alvin Ettumanukaran**, appointed Eparchial Legal Adviser, Shalom Pastoral Centre, Palai | 03.09. 2020 |
| 2. | **Fr. Antony Vechoor OFM Cap**, re-appointed, Eparchial Spiritual Assistant of Secular Franciscan Order (SFO) | 08.09. 2020 |
| 3. | **Fr. Arun Elavumkal OFM Cap**, appointed, Assistant to Eparchial Spiritual Assistant of Secular Franciscan Order (SFO) | 08.09. 2020 |
| 4. | **Fr. George Ponnamvarickayil**, relieved, Assistant Vicar, Muttuchira & residence in Paurasthya Vidhyapitham, Vadavathoor for MTh | 23.09. 2020 |
| 5. | **Fr. Joseph (Sunny Thomas) Moolakarayil ISCH**, appointed, Assistant Vicar, Muttuchira | 23.09. 2020 |
| 6. | **Fr. Joseph Puthiyidath**, Medical leave & relieved from Vicar, Fathimapuram | 01.10.2020 |
| 7. | **Fr. Thomas Moolechalil**, appointed Vicar, Fathimapuram | 01.10.2020 |

## പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ് അഡ്മിഷൻ

നമ്മുടെ രൂപതയുടെ കീഴിലുള്ള പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ് പ്രവേശനത്തിന് മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കേണ്ടവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ബി.എഡിന് 55 ശതമാനത്തിൽ കുറയാത്ത മാർക്ക് ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. സ്കൂൾ അധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യതയായ KTET, SET എന്നിവയിൽനിന്നും എം.എഡ് ഡിഗ്രിയുള്ളവർക്ക് ഒഴിവ് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. Contact Nos. 04822 216537, 9495212730.

**ബിഷപ് ജേക്കബ് മുരിക്കൻ**
പാലാ രൂപത സഹായമെത്രാൻ
(മാനേജർ)

## കെ.എൽ.എം അറിയിപ്പ്

നിർമ്മാണത്തൊഴിലാളി, അസംഘടിത തൊഴിലാളി, കർഷകത്തൊഴിലാളി, മോട്ടോർ തൊഴിലാളി, തയ്യൽത്തൊഴിലാളി, ചെറുകിട തോട്ടംതൊഴിലാളി എന്നീ ആറു ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

**വിശദവിവരങ്ങൾക്ക്:**

പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**Mob: 8304981275 (O), 9400661492 (P)**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം**
(ഡയറക്ടർ)

## വൈദികരുടെ ശ്രദ്ധയ്ക്ക്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

12A / 12AA രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ 2020 സെപ്റ്റംബർ, സാന്ത്വന പ്രകാശം പേജ് 617– 620 ൽ അറിയിച്ചിരുന്നല്ലോ. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ശേഖരിച്ചും തയ്യാറാക്കിയും സൂക്ഷിക്കുക. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ നിർദ്ദേശങ്ങൾ വരാൻ സാധ്യത ഉള്ളതിനാൽ ഇത് സമർപ്പിക്കേണ്ട തീയതിക്ക് മാറ്റ മുണ്ടാകും. പ്രസ്തുത തീയതിയെക്കുറിച്ച് വീണ്ടും അറിയിക്കുന്നതാണ്. Email ൽ തന്നിരിക്കുന്ന Format പൂരിപ്പിച്ച് രേഖകളോടൊപ്പം തന്നാൽ മതിയാകും. രേഖകളുടെ ഇലക്ട്രോണിക് അപ്‌ലോഡിംഗും രജിസ്ട്രേഷൻ പ്രക്രിയയും പി.വി. ചാക്കോ & കമ്പനി യഥാസമയം നിർവഹിക്കുന്നതാണ്.

നമ്മുടെ എല്ലാ ഇടവകകളും Deemed Trust കൾ ആണ്. അതുകൊണ്ട് നമ്മുടെ ഇടവകകൾ ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന കാര്യം ശ്രദ്ധിക്കുക. നമ്മുടെ ട്രസ്റ്റ് ഡീഡ് പാലാ രൂപത നിയമാവലിയാണ്.

**ഫാ. ജോസ് നെല്ലിക്കത്തെരുവിൽ**
പ്രൊക്യൂറേറ്റർ

# പാലാ ഹോം പ്രോജക്ട്

**പാലാ ഹോം പ്രോജക്ടിലേക്കു സ്ഥലം സംഭാവന നല്കിയവർ**
ജോർജ്ജുകുട്ടി ഞാവള്ളിൽ,
പാലാ ളാലം പഴയ പള്ളി - 18 സെന്റ്

**പാലാ ഹോം പ്രോജക്ടിൽനിന്നു ഈ മാസം പണി പൂർത്തിയായ വീടുകൾ**
സുനിൽ തോപ്പിൽ മുത്തോലി

**പാലാ ഹോം പ്രോജക്ടിൽനിന്ന് ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ**

1. റ്റിൻജി വൈക്കംപറമ്പിൽ, മുത്തോലി - 50000
2. മാത്യു വെള്ളാപ്പള്ളിക്കുന്നേൽ, വടകര - 50000
3. ബാബു കടനാട് - 50000
4. സെന്റ് തോമസ് കത്തീഡ്രൽ - 100000
5. സെന്റ് അഗസ്റ്റിൻ ഫൊറോനാ പള്ളി - 150000
6. ബിൻസ് മഠത്തിപറമ്പിൽ, കാഞ്ഞിരത്താനം - 10000
7. തുഷാര കിഴക്കേടത്ത്, കത്തീഡ്രൽ പാലാ - 400000
8. ആന്റണി പുത്തൻപുരയ്ക്കൽ, ഇലപ്പള്ളി - 25000
9. ഏലിക്കുട്ടി തോമസ് ഊരമറ്റത്തിൽ, പിറവം -100000
10. ജോസ് കാഞ്ഞിലക്കാടൻ, കൂത്താട്ടുകുളം - 50000
11. ജോസ്, പൂഞ്ഞാർ - 50000
12. ആൻസി ബാബു, കവീക്കുന്ന് - 50000
13. ജോബി ആന്റണി, പൂഴിക്കോൽ - 100000

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**ഒന്നാം വാർഷികം ആഘോഷിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലാ ആശീർവദിച്ചതിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. വാർഷികത്തോടനുബന്ധിച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മെഡിസിറ്റി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി ചികിത്സ എത്തിക്കുക എന്ന മഹത്തായ ലക്ഷ്യം മുന്നിൽകണ്ട് പേട്രൻസ് കെയറിനു രൂപം നൽകി.

**മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് & റിസേർച്ച് ഉദ്ഘാടനം ചെയ്തു.**

മാർസ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് & റിസേർച്ച് പാലാ രൂപത മെത്രാന്മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. CMAI (ക്രിസ്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ) യുടെ ഡിപ്ലോമ ഇൻഡയാലിസിസ് ടെക്നീഷ്യൻ, ഡിപ്ലോമ ഇൻ അനസ്തേഷ്യാ & ക്രിട്ടിക്കൽ കെയർ, ഡിപ്ലോമ ഇൻ എമർജൻസി കെയർ തുടങ്ങിയ കോഴ്സുകളിലേക്കാണ് ആദ്യ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. പ്ലസ് 2 സയൻസ് പഠനം കഴിഞ്ഞ് നിൽക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാം. 2 വർഷത്തെ കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നിഷ്യൻ കോഴ്സിന് 10 സീറ്റുകളും ഡിപ്ലോമ ഇൻ അനസ്തേഷ്യാ & ക്രിട്ടിക്കൽ കെയർ കോഴ്സിനായി 6 സീറ്റുകളുമാണ് ആദ്യഘട്ടത്തിൽ ഒരുക്കിയിരിക്കുന്നത്. നഴ്സുമാർക്കായി ഒന്നര വർഷത്തെ ഡിപ്ലോമ ഇൻ എമർജൻസി കെയറിൽ 6 സീറ്റുകളുണ് മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് & റിസേർച്ചിൽ ഈ വർഷം ക്രമീകരിച്ചിരിക്കുന്നത്.

**അപൂർവമായ സ്കോളിയോസിസ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി.**

നട്ടെല്ലിന്റെ വളവുമാറ്റുന്ന സ്കോളിയോസിസ് കറക്റ്റീവ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. പൊക്കക്കുറവ്, ശ്വാസ

തടസ്സം, തോളെല്ല് പൊങ്ങിയിരിക്കുന്നു എന്നീ രോഗലക്ഷണങ്ങളുമായി ആശുപത്രിയിലെത്തിയ പതിനാലുകാരിക്കാണ് വിദഗ്ധരോഗനിർണയത്തിലൂടെ നട്ടെല്ലിന് 60 ഡിഗ്രിയിൽ അധികം വളവു കണ്ടെത്തുകയും ചികിത്സ നൽകുകയും ചെയ്തത്.

**അത്യപൂർവ്വ ട്യൂമർ ശസ്ത്രക്രിയയിലൂടെ നീക്കി.**

അത്യപൂർവ്വമായ ഫിയോക്രോമോസൈറ്റോമ ട്യൂമർ വിജയകരമായി ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത് മാർ സ്ലീവാ മെഡിസിറ്റിയിലെ ഡോക്ടർമാർ. 26 വയസുള്ള കോട്ടയം മീനടം സ്വദേശിയായ ചെറുപ്പക്കാരനെ വിശദപരിശോധനക്ക് വിധേയമാക്കുകയും സിറ്റിസ്കാനെ തുടർന്ന് അഡ്രിനൽ ഗ്രന്ധികളെ ബാധിക്കുന്ന ഫിയോക്രോമോസൈറ്റോമ എന്ന അത്യപൂർവ്വമായ ട്യൂമർ ആണെന്ന് കണ്ടെത്തുകയും ചെയ്യുകയായിരുന്നു. വിദഗ്ധ പരിശോധനയിൽ രോഗിയുടെ ഇടത്തെ അഡ്രിനൽഗ്രന്ഥിയിൽ കണ്ടെത്തിയ ട്യൂമർ ഡോ. മഞ്ജുരാജ് കെ.പി. യുടെ നേതൃത്വത്തിൽ മണിക്കൂറുകൾ നീണ്ടുനിന്ന അതിസങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു. ശസ്ത്രക്രിയക്കുശേഷം ഒരാഴ്ചക്കുള്ളിൽ തന്നെ രോഗിപൂർണ്ണമായും സുഖപ്പെട്ട് ആശുപത്രി വിടുകയും ചെയ്തു.

**മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ**

(എക്സിക്യൂട്ടീവ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ)

ലേഖനം

# കൃഷിയിലൂടെയുള്ള അതിജീവനം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

കേരളത്തിന് ഒരു കർഷകത്തനിമ നല്കിയതിൽ ക്രൈസ്തവർ ഏറെ പങ്കുവഹിച്ചു. കൃഷി ചെയ്ത് വിയർപ്പൊഴുക്കി. മണ്ണിൽ പണിതുള്ള ജീവിതം തികച്ചും ബൈബിളധിഷ്ഠിതമായ ഒന്നാണ്. മൂല്യാധിഷ്ഠിത സ്വഭാവമുള്ള ഒരു സമൂഹമായി കേരളം നിന്നതിൽ കൃഷി വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഈ ലോക്ക് ഡൗൺ കാലത്തിലൂടെ ഒരു പുതിയ അതിജീവനകല വികസിപ്പിച്ചെടുക്കാൻ ശ്രമിക്കാം. എല്ലാ കുടുംബങ്ങളിലും പള്ളികളിലും സന്ന്യാസ ഭവനങ്ങളിലും മഠങ്ങളിലും ഇതര സ്ഥാപനങ്ങളിലും കൃഷിചെയ്യുക എന്നതാണ് പ്രധാനകാര്യം.

ലോക്ക് ഡൗൺ, നല്ല ഒരു പുനഃക്രമീകരണം, പുനർവിചാരം എന്നിവയിലേക്കു നമ്മെ നയിക്കുന്നു. പ്രകൃതിയിൽ അണുബാധയോടൊപ്പംതന്നെ മറ്റുവിധത്തിൽ അണുവിമുക്തമാക്കലും നടക്കുന്നുണ്ട്. പ്രകൃതി മരണങ്ങളും രോഗബാധകളുമൊക്കെ മാനസാന്തരത്തിനുള്ള ആഹ്വാനമായിട്ടാണ് ബൈബിളിൽ നാം കാണുന്നത്. മാനസാന്തരം മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്നതാണ്. ആത്മീയമേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ജീവിതശൈലിയിൽ മാറ്റം വരുത്തുക എന്നതാണ് പ്രധാനം. കൃഷി ഒരു മൂല്യമാണ്. കാർഷികമേഖലയിലെ പാളിച്ചകൾ നമ്മുടെ മൂല്യശ്രേണികളെ തകിടംമറിച്ചു. അദ്ധ്വാനത്തിന്റെ സംസ്കാരം മാറി അലസത വേരെടുത്തു. പങ്കുവയ്ക്കലിന്റെ സംസ്കാരം മാറി സ്വാർത്ഥതയുടെ കാഴ്ചപ്പാടുകൾ ഉടലെടുത്തു. സ്വയംപര്യാപ്തതയുടെയും സംതൃപ്തിയുടെയും മനോധൈര്യത്തിന്റെയും സംസ്കാരം മാറി അന്ധമായ പരാശ്രയത്വവും വളർന്നു. കൃഷിയിടത്തിലൂടെയും പച്ചക്കറിത്തോട്ടത്തിലൂടെയും ഒന്നു നടന്നാൽത്തന്നെ എന്തൊരു കുളിർമയാണ്. കുട്ടികളെ കൃഷിയിടങ്ങളിൽനിന്ന് അകലാൻ പഠിപ്പിച്ച വിദ്യാഭ്യാസസംസ്കാരം നമ്മുടെ രാജ്യത്ത് വളർന്നുവന്നു. തീ പുക

യാത്ത അടുക്കളകളും പാചകമില്ലാത്ത വീടുകളും ഏറെയായി. വീടിനുപുറത്തുനിന്നുള്ള ആഹാരം കഴിച്ച് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നു.

**കാർഷികമേഖലയിലേക്കു തിരിച്ചുവരുക**

പൊന്നുവിളയുന്ന മണ്ണ് എന്നാണ് നമ്മുടെ പ്രദേശത്തെക്കുറിച്ചു പറയാറുള്ളത്. എന്നാൽ, ഏക്കറുകണക്കിനു ഭൂമി പലയിടങ്ങളിലായി കൃഷി ചെയ്യാതെ കിടക്കുന്നു. ജനവാസമില്ലാത്ത വീടുകൾ നാട്ടിൽ കൂടിവരുന്നു. കൃഷിയോട് അസ്പൃശ്യ വളർന്നുവന്നു. ഇന്ത്യയിലെ ഒരു പൂർവ്വകാല അനീതിയായ തീണ്ടലും തൊടീലും കാർഷികമേഖലയിലേക്കു തിരിച്ചുവന്നു. കൃഷിക്കാരനെ അധമനായും കർഷകകുടുംബങ്ങളെ വിലകുറഞ്ഞതായും കൃഷിയെ ഒരു വിലകെട്ട വൃത്തിയായും പരിഗണിക്കുന്ന സംസ്കാരം വന്നു. പുതിയ വേഷഭൂഷാദികളോടെ പഴയ ഉച്ചനീചത്വം കൃഷിക്കാരും തൊഴിലാളികളും ഉദ്യോഗസ്ഥരും പ്രവാസികളും തമ്മിൽ ഉടലെടുത്തു. എല്ലായിടത്തും ഒരു വീണ്ടുവിചാരം ലോക്ക്ഡൗൺ നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

നല്ല കർഷകരും നാമമാത്ര കർഷകരുമുണ്ട്. മണ്ണിന്റെയും കൃഷിയുടെയും കാര്യത്തിൽ തികഞ്ഞ ധാർമ്മികത പുലർത്തേണ്ടതുണ്ട്. മണ്ണിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കുന്ന തരത്തിലുള്ള വളപ്രയോഗവും വിഷലിപ്തമായ ഭക്ഷ്യോത്പാദനവും ഈ മേഖലയിൽ തത്ത്വദീക്ഷയില്ലാത്ത കച്ചവടശൈലികളും എല്ലാം കടന്നുകൂടിയിട്ടുണ്ട്. മണ്ണിന്റെ ശുദ്ധി കാത്തുസൂക്ഷിക്കാൻ നമുക്കാവണം. മായവും വിഷവും ഹൃദയത്തിൽ ഉള്ളപ്പോഴാണ് അതു പുറത്തും പ്രയോഗിക്കുന്നത്. നല്ല കർഷകർ സാമ്പത്തിക ലാഭം മാത്രമല്ല നോക്കുന്നത്, എല്ലാവരുടെയും നന്മയാണ്.

കേരളത്തിന്റെ പേരിനുതന്നെ കാരണമായ തെങ്ങിൻതോട്ടങ്ങൾ അപ്രത്യക്ഷമായി. നയനമനോഹരമായ നെൽപ്പാടങ്ങൾ നമ്മുടെ നാട്ടിൽ രക്തധമനികൾപോലെയുണ്ടായിരുന്നു. പുഴകളും തോടുകളുംമൂലം ജലസമൃദ്ധമായ നാട്ടിൽ വരൾച്ച കൂടിവരുന്നു. വീടിനു പരിസരത്തുള്ള ജാതിത്തോട്ടങ്ങൾ ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. കമുകിൻതോട്ടം, വിവിധയിനം പഴത്തോട്ട

ങ്ങൾ എന്നിവ കണ്ണിനു നിറകാഴ്ചകളായിരുന്നു. കൃഷി ചെയ്യുക എന്നത് ഉത്സാഹവും വിളവെടുപ്പ് ഉത്സവവുമായി നമുക്കിനിയും മാറ്റണം.

**നാട്ടറിവുകളിലൂടെ കൃഷിയിടങ്ങളിലേക്ക്**

ഓരോ പ്രദേശത്തിനും സീസൺ അനുസരിച്ചുള്ള കൃഷി രീതികൾ നമ്മുടെ മാതാപിതാക്കൾക്കു ഹൃദിസ്ഥമായിരുന്നു. ഈ മേഖലകളിലൊക്കെ നമുക്കിനിയും പലതും തിരിച്ചുപിടിക്കാനുണ്ട്. നാട്ടറിവുകളും വാമൊഴികളും ആരോഗ്യശീലങ്ങളും ഒക്കെ അറിയാവുന്ന മുതിർന്ന തലമുറകളിൽനിന്ന് ഇളംതലമുറകൾക്ക് അവ നഷ്ടമാകാതെ പകർന്നുകൊടുക്കണം. മരങ്ങളും മലനിരകളും വയലുകളും നീർച്ചാലുകളും ഇല്ലാതാക്കി സ്വയം നശിക്കുന്ന ഒരു രീതിയിലേക്ക് നമ്മുടെ നാട് എത്തിക്കഴിഞ്ഞു. വരുംതലമുറകൾക്ക് ഇവിടെ ജീവിക്കാൻ അനുയോജ്യമായ സാഹചര്യങ്ങൾ നമുക്കിനിയും ഏറെ പണിപ്പെട്ടു രൂപീകരിക്കേണ്ടതുണ്ട്. ശുദ്ധ വെളിച്ചെണ്ണ സ്വന്തമായി ഉത്പാദിപ്പിക്കുന്ന തരത്തിൽ തെങ്ങുകൾ സമൃദ്ധമായിരുന്ന നമ്മുടെ നാട്ടിൽ ഭൂരിഭാഗം കുടുംബങ്ങളിലും ഇപ്പോൾ തേങ്ങ വിലയ്ക്കു വാങ്ങുകയാണ്. നെല്ലു കുത്തി അരി ഉത്പാദിപ്പിച്ചിരുന്ന വീടുകൾ ഉണ്ടായിരുന്ന നമ്മുടെ നാട്ടിൽ ഭൂരിഭാഗം ആളുകളും ഇന്ന് അരി വാങ്ങുകയാണ്. പച്ചക്കറികൾ, ഇലക്കറികൾ പറമ്പിൽനിന്ന് അതാതു കാലങ്ങൾ ലഭിക്കുന്ന വിഭവങ്ങൾ നിത്യേന ഉപയോഗിച്ചിരുന്ന വീടുകളിൽ ഇന്ന് എല്ലാ ദിവസവും പാചകം പുറമേനിന്നു വാങ്ങുന്ന വിഭവങ്ങൾക്കൊണ്ടാണെന്ന സ്ഥിതി വന്നിട്ടുണ്ട്. പാൽ, മാംസം എന്നിവയൊക്കെ പണ്ട് വീടുകളിൽനിന്നുതന്നെ കണ്ടെത്താൻ പറ്റിയിരുന്നെങ്കിൽ ഇന്ന് ഇവ പുറത്തുനിന്നു വാങ്ങുകയാണ് കൂടുതൽ കുടുംബങ്ങളും ചെയ്യുന്നത്. ഉപ്പ്, പഞ്ചസാര തുടങ്ങിയ വിരളമായ സാധനങ്ങൾ മാത്രം പുറമേനിന്നു വാങ്ങുന്ന ധാരാളം കുടുംബങ്ങൾ ഉണ്ടായിരുന്ന നാട്ടിൽ ഇന്ന് അത്തരം കുടുംബങ്ങൾ വിരലിലെണ്ണാവുന്നവയേ കാണൂ. അതേസമയം നിരവധി കുടുംബങ്ങളിൽ പലവക കൃഷിയും മറ്റും ധാരാളമായി തുടങ്ങിയിട്ടുണ്ടെന്നതും പ്രത്യാശപകരുന്ന കാര്യമാണ്.

### കുട്ടികൾ കൃഷിയിടങ്ങളിലേക്ക്

വീടിനകത്തു മാത്രമിരിക്കാതെ പുരയിടത്തിലെയും പറമ്പിലെയും സസ്യലതാദികളെ പരിചരിച്ചും പ്രകൃതിയോടു സംവദിച്ചും കുട്ടികളെ വളർത്തണം. ജീവന്റെ മൂല്യം കൃഷിയിലൂടെ മനസ്സിലാക്കാൻ സാധിക്കും. യന്ത്രങ്ങളോടും മറ്റു വസ്തുക്കളോടുമെന്നതിനെക്കാൾ ജീവനുള്ള മനുഷ്യരോടും ജന്തുജാലങ്ങളോടും സസ്യലതാദികളോടും നമ്മൾ പരിചയം സ്ഥാപിക്കണം. ഏതുസമയവും മൊബൈൽ, കമ്പ്യൂട്ടർ, ലാപ്ടോപ്, ടി.വി. എന്നിവയുപയോഗിച്ചുകൊണ്ടിരുന്നാൽ ഭക്ഷണമേശയിൽ ആഹാരമെത്തില്ല. ഒട്ടേറെ വ്യക്തികളുടെ ത്യാഗമാണ് നമ്മുടെ ജീവിതം. ഇന്റർനെറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത് നമുക്കു ഭക്ഷണപദാർത്ഥങ്ങൾ കിട്ടില്ല. കുറെക്കൂടി യാഥാർത്ഥ്യബോധത്തിലേക്ക് നമ്മുടെ പുതിയ തലമുറയെ നാം നയിക്കേണ്ടതുണ്ട്. ആൺകുട്ടികളെ കൃഷിയും പെൺകുട്ടികളെ പാചകവും പരിശീലിപ്പിക്കേണ്ടത് ഏറെ ഗൗരവമായി ഇനിയും നാം ഏറ്റെടുക്കണം. വിദേശത്തുപോയാൽ മാത്രമേ രക്ഷയുള്ളൂ, ഗവൺമെന്റ് ജോലി കിട്ടിയാൽ മാത്രമേ രക്ഷപ്പെടൂ എന്നിങ്ങനെ സമ്പത്തിലധിഷ്ഠിതമായ ഒരു കാഴ്ചപ്പാട് മലയാളികളുടെ മനസ്സിലുണ്ടായി. ഏതു തൊഴിൽ ചെയ്താലും കൃഷിയും കൂടെ കൊണ്ടുനടക്കാൻ പറ്റണം. വിദേശത്തുള്ള ജോലിയോ ഗവൺമെന്റ് ജോലിയോ വ്യാപാരമോ ഇതരമേഖലകളിലോ ഒക്കെയുള്ള വരുമാനമാർഗ്ഗങ്ങൾ ലഭ്യമായപ്പോൾ പലരും കൃഷി ഉപേക്ഷിച്ചു. ഇതുവഴി ഒട്ടേറെപ്പേർക്ക് തൊഴിലവസരങ്ങൾ നഷ്ടമായി.

നാണ്യവിള കൃഷിയെന്ന രീതിയിൽ റബ്ബറിനെ ഏറെ ശ്രദ്ധിച്ച നമ്മുക്ക് ഈ മേഖലയിലുണ്ടായ ഉയർച്ചതാഴ്ചകൾ ഗുണവും ദോഷവും ചെയ്തു. ഈ പ്രതിസന്ധിഘട്ടങ്ങളിലാണ് ഇൻഫാം, കർഷകദള കൂട്ടായ്മ എന്നിവ ആരംഭിച്ചത്. എല്ലാ ഇടവകകളിലും രൂപീകൃതമായ കർഷകദളങ്ങൾ അവ കൂട്ടിച്ചേർത്തുണ്ടായ ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവയിലൂടെ സർക്കാർ, അർദ്ധസർക്കാർ, ത്രിതലപഞ്ചായത്ത്, നബാഡ് തുടങ്ങിയ ഏജൻസിയുടെ സഹായത്തോടെ ക്രിയാത്മകമായ മുന്നേറ്റം കുറിച്ചു.

ഇൻഫാമിലൂടെ ഒരു കർഷകസംസ്കാരം നമ്മൾ വളർത്തിയെടു ത്തു. നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെയും പൊതുജനത്തി ന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ വിവിധ തലങ്ങളിൽ സാധി ച്ചു.

**എല്ലാവരും കൃഷിക്കാരാവണം**

നാമെല്ലാവരും കർഷകരും കർഷകരുടെ മക്കളുമാണ്. കൃഷിയെ മറന്നുള്ള ഏതു വികസനവും ആപത്താണ്. മുതിർന്നവരും യുവാക്കളും കുട്ടികളും കൃഷിയുടെ നന്മകൾ സ്വന്തമാക്കണം. ഒരുതുണ്ടു ഭൂമിപോലും കൃഷി ചെയ്യപ്പെടാത്ത തായി വിട്ടുകളയരുത്. ഒരൊറ്റ വ്യക്തിപോലും അല്പസമയമെ ങ്കിലും കൃഷി ചെയ്യാത്തതായി ഒരു ദിവസംപോലുമുണ്ടാകരുത്. എല്ലാ യുവജനങ്ങളും കർഷരാണ്. മറക്കരുത്. രണ്ടേക്കറിൽ കൂടു തലുള്ളവർ വിവിധയിനം കൃഷികൾ ചെയ്യാൻ ശ്രദ്ധിക്കണം. ഒരു ഭക്ഷ്യസ്വയംപര്യാപ്തത നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. നമ്മുടെ സംസ്ഥാനം ഇന്നു നേരിടുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധി ഭക്ഷ്യമേഖലയോടു ബന്ധപ്പെട്ടാണ്. തന്മൂലം സർക്കാർ കൃഷി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കാണിച്ചുതുടങ്ങി. കേന്ദ്രസംസ്ഥാന സർക്കാരുകളും സമൂഹത്തിലെ എല്ലാ തുറകളിലുള്ളവരും ഇതു ഗൗരവമായി എടുക്കാൻ ശ്രമിക്കുന്നത് ഏറെ സന്തോഷവും നൽകുന്നുണ്ട്. പുരാതനകാലംമുതൽ ശീലിച്ചുപോന്നിരുന്ന ഭക്ഷ്യ വിള കൃഷിയും ആധുനിക കാലത്തു സ്വന്തമാക്കിയ നാണ്യവിള ക്കൃഷിയും നമ്മെ ഏറെ സ്വാധീനിച്ചവയാണ്. അടുക്കളയിൽ പാച കത്തിനുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ അടുക്കള ത്തോട്ടങ്ങൾ നിർമ്മിക്കണം. പാത്രം കഴുകുന്ന വെള്ളംപോലും പാഴാക്കാതെ ഭക്ഷ്യാവശിഷ്ടങ്ങൾക്കൊണ്ട് കൃഷിചെയ്യാൻ സ്ത്രീകൾ നേതൃത്വം നൽകണം. ഫലവൃക്ഷങ്ങളും ബഹുവിള കളും മറ്റും കൃഷിചെയ്യാൻ പുരുഷന്മാർ മുൻകൈ എടുക്കണം. കുഞ്ഞുങ്ങളെ കൃഷിയിൽനിന്ന് അകറ്റിനിർത്താതെ ചേർത്തു നിർത്താം. പച്ചക്കറിവിത്തുകളും തൈകളും മറ്റും നടാനും കള പറിക്കാനും വെള്ളമൊഴിക്കാനുമൊക്കെ കുഞ്ഞുങ്ങളെ ഏല്പി ക്കണം. കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിലും കൃഷിക്കു

വലിയ പങ്കുണ്ട്. വീട്ടിൽ കൃഷി പരിശീലിക്കാത്ത ധാരാളം യുവാക്കൾ മൊബൈലിലും മോശം കൂട്ടുകെട്ടിലും ലഹരിവസ്തുക്കളുടെയും മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളുടെയും പിടിയിലമരുന്നുണ്ട്.

**പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും**

പച്ചക്കറികൾ നല്ല സൂര്യപ്രകാശം ലഭിക്കത്തക്ക വിധത്തിൽ മരങ്ങൾക്കിടയിലല്ലാതെ അടുക്കളവശത്തോ മറ്റിടങ്ങളിലോ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. പടർന്നു കയറുന്നവയ്ക്ക് പന്തൽ നിർമ്മിക്കണം. ചിലയിനം പച്ചക്കറിച്ചെടികൾ ഉയരംകൂടിയതാണ്. അവയ്ക്കു താങ്ങുകൊടുക്കണം. വിവിധയിനം പയർ, വഴുതിന, തക്കാളി, മുളകുകൾ, പാവൽ, പടവലം, വെള്ളരി, കുമ്പളം, മത്തൻ, ചുരയ്ക്ക, വെണ്ട, കാബേജ്, കോളിഫ്ളവർ, കറിവേപ്പില എന്നിവയൊക്കെ നമ്മുടെ നാട്ടിൽ നന്നായിട്ട് കൃഷി ചെയ്യാവുന്നവയാണ്. എന്നിട്ടും നമ്മൾ അവയ്ക്കായി വിപണികളെ ആശ്രയിക്കുകയാണ്. എല്ലാവിധ പച്ചക്കറികളും നമ്മുടെ വീടിൻപരിസരത്ത് ഉണ്ടാവണം.

കിഴങ്ങുവർഗ്ഗങ്ങളായ കപ്പ, ചേന, കാച്ചിൽ, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയവയൊക്കെ നമുക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തണം. മുഖ്യവിഭവങ്ങളോ നാലുമണിക്കാപ്പി വിഭവങ്ങളോ ഒക്കെയാക്കി അവയെ ഇനിയും നമ്മുടെ ഭക്ഷണമേശമേൽ എത്തിക്കണം. ഇഞ്ചി, കൂവ, മഞ്ഞൾ എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തതയുള്ള കുടുംബങ്ങൾ ആയിരുന്നു നമ്മുടേത്. വിത്തുകൾ മുളപ്പിച്ച് തണ്ടുകൾ ഒടിച്ച് മുറിച്ചുനട്ട് വേരുകിളിർത്ത് അടുത്ത തലമുറകളെ നാം സൃഷ്ടിക്കുകയാണ്. വിത്തിന്റെ ഗുണം, ഇവ മുളപ്പിക്കുന്നതെങ്ങനെ, വളരുന്നതെങ്ങനെ, പറിച്ചു നടുന്നതെങ്ങനെ, കീടങ്ങളിൽനിന്നും കേടുപാടുകളിൽനിന്നും പ്രതിരോധിക്കുന്നതെങ്ങനെ, നനയ്ക്കുന്നതെങ്ങനെ, വളമിടുന്നതെങ്ങനെ എപ്പോൾ എന്നിവ ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതാണ്. ഇവ വഴി നാം ജീവിക്കാൻ പഠിക്കുകയാണ്.

സങ്കരയിന(ഹൈബ്രിഡ്)ങ്ങളുടെ ഉപയോഗത്തിനൊപ്പം തന്നെ പച്ചക്കറികളായാലും പഴവർഗ്ഗങ്ങളായാലും ജന്തുജാലങ്ങ

ളായാലും നാടൻ ഇനങ്ങൾ നഷ്ടമാകാതെയും നോക്കേണ്ടതുണ്ട്. ലാഭംമാത്രം നോക്കിയല്ലാതെയുള്ള ഒരു കൃഷി ധാർമ്മികതയും ആത്മീയതയും ഇനിയും നാം കൈവരിക്കേണ്ടതുണ്ട്. നമ്മുടെ കർമ്മഭൂമികൾ ധർമ്മഭൂമിയുംകൂടിയാണ് എന്നു നാം മറക്കരുത്. മഴ ഒരു ശല്യമാകാതെ മഴ മറ, ഗ്രീൻ നെറ്റ്, ഗ്രോ ബാഗുകൾ, ടെറസ് കൃഷി എന്നിവയിലൂടെ ഏതു സമയത്തും വിളവെടുക്കാവുന്ന കൃഷിരീതി സ്വായത്തമാക്കാം. ജലത്തിലൂടെ വളം ക്രമീകൃതമായി നൽകുന്ന ഹൈഡ്രോളിക് കൃഷിരീതിയും മറ്റും നാം പരിശീലിക്കേണ്ടതുണ്ട്. മണ്ണിരക്കമ്പോസ്റ്റും മറ്റു തരത്തിലുള്ള ജൈവവളനിർമ്മാണവും സ്വായത്തമാക്കിയാൽ കൃഷി എളുപ്പമാകും. ചാണകത്തിൽനിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ സാധിച്ചാൽ വീടുകളിൽ ഏറെ സാമ്പത്തികലാഭം ഉണ്ടാക്കാം. മഴവെള്ളത്തിന്റെ സംഭരണവും നീർക്കുഴികളും വ്യാപകമാക്കാൻ നാം ഇനിയും ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ മണ്ണിൽ വീഴുന്ന വെള്ളത്തെ ഒഴുകിപ്പോകാനനുവദിക്കാതെ മണ്ണിൽത്തന്നെ താഴാനുള്ള രീതിയിൽ ക്രമീകരണങ്ങൾ ചെയ്യണം. നമ്മുടെ പൂർവ്വികർ പറമ്പുമുഴുവൻ കയ്യാലകെട്ടി തട്ടുകളാക്കിയത് എത്രയോ ദീർഘവീക്ഷണത്തോടുകൂടി ആയിരുന്നുവെന്നത് നമ്മിൽ അദ്ഭുതം ജനിപ്പിക്കുന്നുമുണ്ട്. നമ്മുടെ പുരയിടങ്ങൾ ഫലസമൃദ്ധമാകട്ടെ. വാഴ, പേര, ചാമ്പ, പപ്പായ, മാവ്, പ്ലാവ്, പുളി, ആത്ത, സപ്പോട്ട, ഇലുമ്പി, ആനിക്കാവിള, കശുമാവ്, കടപ്ലാവ്, റമ്പൂട്ടാൻ തുടങ്ങിയവയെല്ലാം നമ്മുടെ പറമ്പിൽ ഉറപ്പാക്കണം. മുതിർന്നവരും കുഞ്ഞുങ്ങളും പറമ്പിൽനിന്ന് പഴങ്ങൾ പറിച്ച് കഴിച്ച് സന്തോഷത്തോടെ ജീവിക്കുന്ന സംസ്കാരം നമ്മുക്കു വീണ്ടെടുക്കണം. തണലും തടിയുമായി പ്ലാവ്, മാവ്, ആഞ്ഞിലി, പുളി എന്നിവ ഉപയോഗിക്കാനാവും. 'ചക്ക ചതിക്കില്ല' എന്നു പറയാറുണ്ട്. ചക്കയും മാങ്ങയുമൊക്കെ നമ്മുടെ നിത്യവിഭവങ്ങളാകണം. കൂടാതെ, തടിവ്യവസായവും ഏറെ പ്രാധാന്യമേറിയതാണല്ലോ. ഒരേക്കർ തേക്കിൻതോട്ടം ഇരുപത്തേഞ്ചേക്കർ റബറിനു തുല്യമാണെന്നു പറയാറുണ്ട്.

**മീൻകുളങ്ങളും കോഴിവളർത്തലും**

മീൻകുളങ്ങൾ ചെറിയ തോതിലെങ്കിലും നമ്മുടെ വീടുകളിൽ തുടങ്ങിയാൽ വിഷമില്ലാത്തതും പഴകാത്തതുമായ മീൻ ലഭ്യ

മാക്കാൻ കഴിയും. ഇതു സാധ്യമാണെന്നതിന് ധാരാളം ഉദാഹരണങ്ങൾ നാട്ടിൽതന്നെ ഇപ്പോഴുണ്ട്. കോഴി, കാട, ആട്, മുയൽ, പശു, പോത്ത്, തുടങ്ങിയവയൊക്കെ സാധിക്കുന്നതുപോലെ വളർത്താൻ പരിശ്രമിക്കണം. കൃഷിയോടു ചേർന്നുപോകുന്നതാണ് ഇവയെല്ലാം. ഇവയും കൃഷിതന്നെയാണ്. ജലക്ഷാമമില്ലാത്തിടത്ത് താറാവുകൃഷി നടത്താം. കൾഗം, പാത്ത, ഗിനിക്കോഴി എന്നിവയും ഉപകാരപ്രദമാണ്. പന്നിവളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്. പാൽ, മുട്ട, മത്സ്യം, മാംസം എന്നിവയുടെ കാര്യത്തിൽ ഇപ്രകാരം സ്വയംപര്യാപ്തത കുടുംബത്തിൽ കൈവരിക്കാൻ സാധിച്ചാൽ വലിയ നേട്ടമാണ്. ആരോഗ്യനിലവാരവും സാമ്പത്തികനിലവാരവും ഉയർത്താൻ കഴിയും. മോരും തൈരും പുളിശ്ശേരിയുമൊക്കെ നമ്മുടെ സാധാരണവിഭവങ്ങളായിരുന്നുവല്ലോ. പശുവിന്റെ ചാണകവും മറ്റു മൃഗങ്ങളുടെയും ജീവികളുടെയുമൊക്കെ ഉച്ഛിഷ്ടവും നല്ല വളമായി ഉപയോഗിച്ചു ജൈവകൃഷിയും പ്രോത്സാഹിപ്പിക്കാം. മത്സ്യങ്ങളുടെ വേസ്റ്റുകൾ ഉപയോഗിച്ചുള്ള അക്വാപോണിക് കൃഷിരീതി നല്ല രീതിയിൽ പലയിടത്തും ആരംഭിച്ചുകഴിഞ്ഞു.

പൂന്തോട്ടങ്ങൾ പെൺകുട്ടികളുടെയും സ്ത്രീകളുടെയും മേൽനോട്ടത്തിൽ വീടുകളിലുണ്ടാക്കണം. ഇവയോടു ചേർന്നുപോകുന്നതാണല്ലോ ആയുർവേദചെടികളുടെ സംരക്ഷണവും. സുഗന്ധവ്യഞ്ജനവിളകളായ ഏലം, കാപ്പി, കുരുമുളക്, ഗ്രാമ്പു തുടങ്ങിയവയുടെ കൃഷിയും നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. മലയോരങ്ങളിൽ സാധ്യമായ ഇടത്ത് തേയിലത്തോട്ടങ്ങൾ പിടിപ്പിക്കുന്നത് നല്ലതാണ്. ജാതി, കൊക്കോ, കമുക് എന്നിവയൊക്കെ നാം പ്രധാനകൃഷിയിൽത്തന്നെ പെടുത്തേണ്ടതാണ്. കൈത മിക്ക സ്ഥലങ്ങളിലും നന്നായിട്ടു കൃഷി ചെയ്യപ്പെടുന്നുണ്ട്.

**ആയുർവേദത്തോട്ടങ്ങൾ**

ആയുർവേദത്തോട്ടങ്ങൾ നമ്മുടെ കൃഷിയിട സൗന്ദര്യവത്കരണത്തിന്റെ ഭാഗമാകണം. തുളസിച്ചെടികൾ, ചെമ്പരത്തി എന്നിവയെല്ലാ വീട്ടുമുറ്റത്തുമുണ്ടാകട്ടെ. ചുമക്കൂർക്ക, പനിക്കൂർക്ക, ആടലോടകം, തഴുതാമ തുടങ്ങിയ ഔഷധച്ചെടികൾ

നമ്മുടെ സാധാരണജീവിതത്തിന്റെ ഭാഗമാകണം. പേര, തഴുതാമയില, ജീരകം, ചുക്ക് തുടങ്ങിയവയൊക്കെയിട്ട് വെള്ളം കുടിച്ചാൽ പ്രതിരോധശേഷി വർദ്ധിക്കുമെന്ന് കാലം തെളിയിച്ചതാണല്ലോ. പഴങ്ങളും ഇലക്കറികളും പച്ചക്കറികളുമൊക്കെ കുഞ്ഞുനാൾമുതൽ കഴിച്ചു ശീലിച്ചില്ലെങ്കിൽ പുതിയ തലമുറയ്ക്ക് വിവിധ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി നാം കേൾക്കാറുണ്ടല്ലോ. ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുഡ് മുതലായവ സ്ഥിരം കഴിച്ചാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതും സാധാരണമായി കഴിഞ്ഞല്ലോ.

രോഗം വരാതെ നോക്കുകയെന്നതാണ് രോഗം വന്നിട്ടു ചികിത്സിക്കുന്നതിനെക്കാൾ പ്രധാനം. രോഗം വന്നാൽ ചികിത്സിക്കണമെന്നത് ശരിയായിരിക്കുമ്പോഴും മേല്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ച് നമ്മുടെ സാധാരണജീവിതത്തിന്റെ ഭാഗമായി കൃഷിയും കാർഷികവിഭവങ്ങളും മാറുമ്പോൾ ആരോഗ്യം മെച്ചപ്പെടുന്നതായിത്തോന്നും. അദ്ധ്വാനം ആരോഗ്യം പ്രധാനം ചെയ്യുമ്പോൾ അലസത രോഗത്തെ ക്ഷണിച്ചുവരുത്തുന്നു.

**കൃഷിയിടങ്ങളും പക്ഷികളും**

നമ്മുടെ വീടിനുചുറ്റും കൃഷിയിടങ്ങൾ പക്ഷികളുടെ ആവാസവ്യവസ്ഥയായി മാറട്ടെ. പ്രകൃതിയെ ചൂഷണം ചെയ്യാത്ത ഒരു കൃഷിരീതി ഇനിയും നാം വളർത്തേണ്ടതായിട്ടുണ്ട്. കുയിലും തത്തയും പൊന്മാനും പ്രാവുകളും ഇരട്ടവാലൻ പക്ഷികളും അണ്ണാനും സമൃദ്ധമായി നമ്മുടെ വീട്ടുമുറ്റത്തെ വൃക്ഷങ്ങളിൽ ചേക്കേറട്ടെ. നീറിനെയും ഉറുമ്പുകളെയും ഗുണപ്രദമായി ഉപയോഗിക്കുന്ന കർഷകർ ധാരാളമുണ്ട്. തേനീച്ച വളർത്തൽ ഏറെ ലാഭകരമായ ഒന്നാണ്. എല്ലാ കുടുംബങ്ങളിലുംതന്നെ ചെറുതേൻ, വൻതേൻ വളർത്തൽ ചെയ്യാവുന്നതാണ്.

ലോക്ഡൗണിനുശേഷം ഫലപ്രദവും ഗുണപ്രദവുമായ നല്ല ഒത്തുചേരലുകൾ നടക്കട്ടെ. അതിൽ പ്രാമുഖ്യമുള്ളത് കർഷകസംഘക്കൂട്ടായ്മകൾ ആകട്ടെ. വ്യക്തിപരമായി കുടുംബങ്ങളിൽ കൃഷി ചെയ്യുന്നതിനോടൊപ്പം കർഷക ക്ലസ്റ്ററുകൾ അല്ലെങ്കിൽ സംഘങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഏതൊരു

കർഷകനും സംഘംചേർന്നാൽ കൂടുതൽ ഉപകാരങ്ങൾ ഗവൺമെന്റ് തലത്തിലും ലഭിക്കും. സ്വാശ്രയസംഘങ്ങൾ പണ്ടു കാലത്തെ തനിമയുള്ള കൂട്ടായ്മകൾ വീണ്ടെടുക്കാൻ ഉപയുക്തമാണ്. കൂടുതൽ സാമൂഹികപ്രതിബദ്ധതയോടെയും കുടുംബങ്ങളിൽ സാമ്പത്തികസ്ഥിരത ഉറപ്പുവരുത്താനും നല്ല സംഘങ്ങൾക്കു കഴിയുന്നുണ്ട്. എല്ലാ ഇടവകകളിലും ഇനിയും ഇത്തരം കാര്യങ്ങളിൽ നാം മുന്നേറേണ്ടതുണ്ട്. പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പണികളിലും മറ്റും സഹായിച്ചും കാർഷികവിഭവങ്ങൾ പരസ്പരം പങ്കുവച്ചും കൂട്ടായ്മയുടെ ശരിയായ മാനങ്ങൾ നമുക്കു വീണ്ടെടുക്കാം. തമ്മിൽ കാണാനും വർത്തമാനം പറയാനും വിഷമതകൾ മനസ്സിലാക്കാനുമുള്ള വേദിയായി കൂട്ടുകൃഷിസമ്പ്രദായങ്ങളും സംഘം ചേർന്നുള്ള കൃഷിയും സഹായിക്കും. നഷ്ടത്തിന്റെയും നിരാശയുടെയും കണക്കുകൾ കർഷകനുള്ളപ്പോഴും അതിലേറെയും സ്വന്തം ഇച്ഛാശക്തികൊണ്ട് സ്വന്തമാക്കിയ പൂർവ്വികർ നമുക്കു മാതൃകയാണ്. ഇപ്പോൾ മലബാറിലും ഹൈറേഞ്ചിലും നാട്ടിലുമുള്ള പ്രായമായവർക്കൊക്കെയും ഇത്തരം ധാരാളം വിജയകഥകളുണ്ട്. അപ്രതീക്ഷിതമായ പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കീടരോഗബാധകൾ, മഴയടപ്പ്, കഠിനവേനൽ ഇവ കൂടാതെ ഇവയെക്കാളൊക്കെ അധികം വേദനാജനകമായ കാര്യം മനുഷ്യനിർമ്മിതമായ വിലത്തകർച്ചയാണ്. വാങ്ങുന്ന സാധനങ്ങൾക്ക് അന്യായവിലയും ഉത്പാദിപ്പിക്കുന്ന കർഷകന് വില ലഭിക്കാത്തതുമായ സാഹചര്യം ഗവൺമെന്റുകൾ മനസ്സിലാക്കി താങ്ങുവില പ്രഖ്യാപിച്ച് ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കാനായി നൽകുന്ന വാഗ്ദാനങ്ങൾ പൊള്ളവാക്കുകളാകാതെ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. കർഷകപെൻഷൻ, സൗജന്യ ഇൻഷുറൻസുകൾ, കൃഷി സബ്സിഡികൾ എന്നിവയൊക്കെ ഇനിയും നടപ്പാക്കേണ്ടിയിരിക്കുന്നു. കർഷകർക്കായി പ്രഖ്യാപിക്കുന്ന സഹായങ്ങൾ കർഷകരിൽത്തന്നെയെത്തുന്നുണ്ട് എന്ന കാര്യം ഉറപ്പാക്കേണ്ടതുണ്ട്. മാറിമാറി സർക്കാരുകൾ ഭരിച്ചിട്ടും കർഷകന് എന്നും ദുരവസ്ഥയാണെന്ന കാര്യം അനിഷേധ്യമാണ്. സമഗ്രമായ പദ്ധതികൾ ഉണ്ടാവാത്തതാവാം മുഖ്യകാരണം.

**മൂല്യവർദ്ധിത ഉത്പന്നങ്ങൾ**

പുറമേനിന്ന് ഇങ്ങോട്ട് ഭക്ഷ്യവിഭവങ്ങൾ വരാതെ നമ്മുക്കാവശ്യമുള്ളതു കഴിഞ്ഞ് കയറ്റുമതി ചെയ്യാൻ പരിശ്രമിക്കണം. പഴങ്ങളുടെ സംഭരണകേന്ദ്രങ്ങളും പച്ചക്കറിസംഭരണകേന്ദ്രങ്ങളും നമ്മുടെ ലക്ഷ്യങ്ങളാണ്. എല്ലാ പള്ളികളോടും ചേർന്ന് വിപണനസാധ്യതകൾ തുടങ്ങി അവയുടെ ഒരു ശൃംഖല നമുക്കു രൂപീകരിക്കാൻ സാധിക്കും. കർഷകരുടെ അദ്ധ്വാനത്തിന് ഉചിതമായ പ്രതിഫലം അവർക്കു ലഭിക്കുവാൻ നമ്മൾ ഒന്നിച്ചുനിന്നു പ്രവർത്തിച്ചാലേ സാധിക്കൂ.

മറ്റൊരു പ്രധാനസംഗതി മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി കയറ്റുമതി വിപണനസാധ്യതകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇതു വളർത്തിയെടുത്താൽ സാമ്പത്തികനേട്ടം ഉറപ്പാണ്. പല സ്ഥലങ്ങളിലും വളരെ ഭംഗിയായി ഈ പ്രസ്ഥാനം മുന്നോട്ടുപോകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും വലിയ ഓപ്പണിംഗ് ഇതിനുണ്ടാവും. Value added products നമ്മുടെ ഒരു പ്രധാന ലക്ഷ്യമായി എടുക്കണം. വിരലുകൾ അന്യർക്കുനേരേ ചൂണ്ടി സ്വയം വിഡ്ഢിയാകാതെ നമ്മുക്കൊത്തൊരുമിച്ചു ചിന്തിക്കാം; മുന്നേറാം. കാർഷിക സർവ്വകലാശാലകൾ കുറെക്കൂടി സാധാരണ കർഷകരോട് ബന്ധപ്പെട്ട പ്രോഗ്രാമുകൾ കണ്ടെത്തുന്നതു നല്ലതാണ്.

---

NB: 15-05-2020-ൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# ദേശീയ വിദ്യാഭ്യാസനയത്തിൽ ന്യൂനപക്ഷാവകാശങ്ങൾ എവിടെ?

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ധാരാളം പഠനങ്ങൾ വന്നുകൊണ്ടിരിക്കുകയാണല്ലോ. വളരെയധികം വികസനപ്രതീക്ഷകൾ നൽകുന്നവിധത്തിലാണ് ഇവ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്നതിൽ സംശയമില്ല. 2015 മുതൽ ആരംഭിച്ച പഠനമാണിത്. രണ്ടു ലക്ഷത്തിലധികം നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന അതിബൃഹത്തായ ഒരു പദ്ധതിയാണിത്. ഡോ. കെ. കസ്തൂരി രംഗന്റെ അധ്യക്ഷതയിൽ സ്ഥാപിച്ച കരട് ദേശീയ വിദ്യാഭ്യാസ നയത്തിനായുള്ള കമ്മിറ്റി ദേശീയ വിദ്യാഭ്യാസനയം 2019 മേയ് 31 ന് മാനവവിഭവശേഷി മന്ത്രിക്കു സമർപ്പിച്ചു. ന്യൂനപക്ഷാവകാശം എന്ന ഭരണഘടനാവകുപ്പിന്റെ വെളിച്ചത്തിൽ ഉള്ള നിരീക്ഷണങ്ങൾ മാത്രമാണിവിടെ ഈ ലേഖനത്തിൽ രേഖപ്പെടുത്തുന്നത്.

**ഭാഷാപരമായ വൈവിധ്യം; സുറിയാനിയും പരിഗണിക്കണം**

പുതിയ വിദ്യാഭ്യാസനയത്തിൽ മാതൃഭാഷയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടുതൽ ഭാഷകൾ പഠിക്കാൻ സംവിധാനങ്ങളും ചേർത്തിട്ടുണ്ട്. എല്ലാ ഇന്ത്യൻ ഭാഷകളുടെയും സംരക്ഷണം, വികസനം എന്നിവ ഉറപ്പാക്കാൻ Indian Institute of Translation and interpretation, National Institutes എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. പുരാതനഭാഷകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാലി (ബുദ്ധമതക്കാരുടെ ലിറ്റർജിക്കൽ ഭാഷയാണ്) സംസ്കൃതം (പൊതുവിൽ ഹൈന്ദവസംസ്കൃതിയോടു ബന്ധപ്പെട്ടതാണ്); പ്രാകൃത് - (ജൈനിസത്തോട് ബന്ധപ്പെട്ടതാണ്); പേർഷ്യൻ - (പ്രധാനമായും മുഗൾ court ന്റെ ഔദ്യോഗികഭാഷയായിരുന്നു). ഭാഷകൾ എപ്പോഴും മതപരമായ കാര്യങ്ങളോടും ഇഴുകി ചേർന്നാണു നില്ക്കുന്നത്. മതങ്ങളുടെ ഒരു സംരക്ഷണവും ഇതിന്റെ പിന്നിലുണ്ട്. സെക്കുലർ ഇന്ത്യ അതാണ്. ഇവിടെയാണ് പുരാതനമായ

ഇന്ത്യൻ ക്രൈസ്തവരുടെ സാന്നിദ്ധ്യവും അവരുടെ ലിറ്റർജിക്കൽ ഭാഷയായ സുറിയാനിയുടെ തനിമയും. ക്രൈസ്തവസമൂഹത്തെ മാറ്റിനിർത്താതെ ഈ ദേശീയ വിദ്യാഭ്യാസനയത്തിൽ സുറിയാനിഭാഷ ചേർക്കുകയും അതിന്റെ പഠനവും റിസേർച്ചും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. സുറിയാനി, ഭാരതത്തിലെ ക്രൈസ്തവരുടെ ലിറ്റർജിക്കൽ ഭാഷയായിരുന്നു എന്നു മാത്രമല്ല നൂറ്റാണ്ടുകളിലൂടെ പ്രത്യേകിച്ച് തെക്കേ ഇന്ത്യയിൽ അനേകം ലക്ഷം ജനങ്ങൾ പ്രാർത്ഥിച്ചും കേട്ടും പഠിച്ചും ഈ രാജ്യത്തിന്റെ സാംസ്കാരികവളർച്ചയെ ഏറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഒരു സുറിയാനി സംസ്കാരം ഈ നാട്ടിലുണ്ട്. സ്കൂളുകളിലും കോളജുകളിലും ഇപ്പോഴും ഐച്ഛികഭാഷയായിട്ടുണ്ട്.

**ന്യൂനപക്ഷാവകാശം എന്തെങ്കിലും ആനുകൂല്യം അനുഭവിക്കലല്ല**

ഇന്ത്യൻ സെക്കുലറിസം constitutional സെക്കുലറിസമാണ്. അത് ജനാധിപത്യത്തോടും വൈവിധ്യങ്ങളോടും ഏറെ ബന്ധപ്പെട്ടിരിക്കുന്നു. അസാധാരണമായ സാംസ്കാരിക വൈവിധ്യമുള്ള രാജ്യമാണ് ഇന്ത്യ. ഈ വൈവിധ്യങ്ങളാണ് ഭാരതത്തിന്റെ അനന്യമായ സമ്പത്ത്. Article 30:1, "All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice." ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേകം തിട്ടപ്പെടുത്തിയിരിക്കുന്ന അവകാശമാണിത്. രാഷ്ട്രീയ സാമ്പത്തിക reservation ൽനിന്നും ക്രൈസ്തവരെ മാറ്റിനിർത്തിയപ്പോഴും അതിനുപകരമെന്നനിലയിൽ വിദ്യാഭ്യാസസംസ്കാരിക അവകാശം അവർക്കു നല്കി. ഒരു ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം സംസ്കാരവും വിദ്യാഭ്യാസവും അതിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. പിന്നോക്കസമുദായങ്ങൾക്ക്/വിഭാഗങ്ങൾക്കു വ്യക്തികളെന്നനിലയിൽ ലഭിക്കുന്ന ആനുകൂല്യം ന്യൂനപക്ഷാവകാശമല്ല. അത് സർക്കാരുകൾ കാലാകാലങ്ങളിൽ നല്കുന്ന ആനുകൂല്യങ്ങളാണ്. ന്യൂനപക്ഷ സംരക്ഷണം ഈ പുതിയ നയത്തിൽ തെളിഞ്ഞുവന്നിട്ടില്ല. ന്യൂനപക്ഷങ്ങളെക്കു

റിച്ച് ശരിയായ പരാമർശമുണ്ട്. പക്ഷേ, ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ച് പരാമർശമില്ല. ക്രൈസ്തവസഭകളുടെ അസ്തിത്വത്തെപ്പോലും ഏതാണ്ട് അവഗണിച്ചിരിക്കുകയാണ്. ഭാരതമെന്ന രാഷ്ട്രനിർമ്മിതിയിൽ അസാധാരണമായ പങ്കു വഹിച്ചുകൊണ്ടിരിക്കുന്നവരാണ് ക്രൈസ്തവർ. ന്യൂനപക്ഷക്കാരെ സംരക്ഷിച്ചു വളർത്തണമെന്നാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ന്യൂനപക്ഷാവകാശം ഒരിക്കലും തീർന്നുപോകുന്ന ഒന്നല്ല. സംവരണങ്ങൾ ആവശ്യമില്ലാത്ത സമയം ഉണ്ടായേക്കാം. തന്മൂലം ഇവ കൂടിക്കുഴയുന്നത് അപകടകരമാണ്. പൊതുസമൂഹത്തിലേക്ക് ഉൾച്ചേരുക എന്നതല്ല ന്യൂനപക്ഷാവകാശങ്ങളുടെ യുക്തി, അവരുമായി സഹവർത്തിത്വത്തിൽ കഴിയുക എന്നാണർത്ഥം. പൊതുസമൂഹം ഭൂരിപക്ഷസമുദായത്തിന്റെ സാംസ്കാരിക ശൈലികളാവും സ്വീകരിക്കുക. ന്യൂനപക്ഷങ്ങൾ അവരുടെ വ്യതിരിക്തത കാത്തുസൂക്ഷിച്ചുകൊണ്ട് വളരാനാണ് ഈ അവകാശങ്ങൾ നല്കപ്പെട്ടിരിക്കുന്നത്. ന്യൂനപക്ഷാവകാശങ്ങൾ ഒരു Collective/corporate/rights ആണ്. സംവരണം/ആനുകൂല്യങ്ങൾ സമുദായ അടിസ്ഥാനത്തിലാണെങ്കിലും വ്യക്തിഗതമാണ്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ന്യൂനപക്ഷാവകാശം സമത്വത്തിനുള്ള അവകാശം മാത്രമല്ല എന്ന തിരിച്ചറിവാണ്. ന്യൂനപക്ഷാവകാശം സ്വാതന്ത്ര്യത്തിനുള്ള അവകാശത്തോടാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. ഭൂരിപക്ഷസമുദായത്തോടു തുല്യമാകുമ്പോഴും ഈ സ്വാതന്ത്ര്യം അവസാനിക്കുന്നില്ല. അച്ചടക്കമില്ലാത്ത സമൂഹത്തിന് സ്വാതന്ത്ര്യം ഉപയോഗിക്കാൻ പറ്റില്ല. ജയമായാലും അപജയമായാലും അച്ചടക്കത്തോടുകൂടിയ സ്വാതന്ത്ര്യമാണ് ന്യൂനപക്ഷ സമുദായങ്ങളുടെ കരുത്ത്.

### ദേശീയത - ഹിന്ദുദേശീയതയല്ല

ഭാരതീയസംസ്കാരത്തിന്റെ കാതൽ നാനാത്വത്തിലെ ഏകത്വമാണ്. ഈ രാജ്യത്തുള്ള എല്ലാ മത - ഭാഷ വിഭാഗങ്ങളും വളർന്നുവളരട്ടെ. അതാണ് ഇന്ത്യ. ഈ വളർച്ചയിൽനിന്നു വരുന്ന സ്ഥായിയായ ഉത്പന്നമായിരിക്കണം ദേശീയത. പുതിയ ദേശീയനയത്തിൽ ക്രൈസ്തവർക്ക് ഒരു ഇടം നൽകിയിട്ടില്ല.

ന്യൂനപക്ഷാവകാശം വേണ്ടരീതിയിൽ ശ്രദ്ധിക്കപ്പെടുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല. ജനനത്തിന്റേയോ പശ്ചാത്തലത്തിന്റെയോ സാഹചര്യങ്ങളാൽ ഒരു കുട്ടിക്കുപോലും പഠിക്കാനും മികവു തെളിയിക്കാനുമുള്ള അവസരം നഷ്ടപ്പെടില്ലെന്ന് ഉറപ്പുപറഞ്ഞിട്ടുണ്ട്. ലിംഗം, സാമൂഹിക, സാംസ്കാരിക ഭൂമിശാസ്ത്ര പ്രത്യേകതകളും വൈകല്യങ്ങളും ഉൾപ്പെടുന്ന സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കവിഭാഗങ്ങൾക്ക് പ്രത്യേക ഊന്നൽ ഉണ്ട്. ജെൻഡർ ഇൻക്ലൂഷൻ ഫണ്ട്, പിന്നാക്ക പ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കുമായി പ്രത്യേക വിദ്യാഭ്യാസ മേഖല സ്ഥാപിക്കൽ എന്നിവയുമാണ്. ഭിന്നശേഷിക്കാരായ കുട്ടികളെയും പരിഗണിക്കുന്നുണ്ട്. ഇതെല്ലാം നല്ല കാര്യങ്ങളാണ്. പക്ഷേ, ന്യൂനപക്ഷാവകാശം ഇതൊന്നുമല്ല. ഏന്തെങ്കിലും സഹായം ലഭിക്കുന്നതിന്റെ പേരിൽ മൗനം ദീക്ഷിച്ചു എല്ലാം വിട്ടുകളയുന്ന ഒരു വിഭാഗമായി ക്രൈസ്തവർ മാറരുത്. ദേശീയത ഹിന്ദുദേശീയത എന്ന് ചുരുങ്ങിപ്പോകരുത്. നെഹ്റു പറഞ്ഞു: "വിദ്യാഭ്യാസത്തിന്റെ ക്ഷേത്രങ്ങൾ ഇടുങ്ങിയ ചിന്താഗതികളുടെയും ചെറിയ വീക്ഷണങ്ങളുടെയും സൂക്ഷിപ്പുകാരായി മാറുമ്പോൾ രാഷ്ട്രത്തിനു പുരോഗതി ഉണ്ടാവില്ല."

ഈ ദേശീയനയത്തിൽ ന്യൂനപക്ഷങ്ങൾക്കായി മാറ്റിവച്ചിരിക്കുന്ന ആനുകൂല്യങ്ങൾ വാസ്തവത്തിൽ ന്യൂനപക്ഷാവകാശങ്ങളല്ല. ആനുകൂല്യങ്ങളിൽത്തന്നെ ക്രൈസ്തവർക്ക് ആനുപാതികമായ പങ്കു ലഭിക്കാതിരിക്കുന്നതിനെക്കുറിച്ച് നമ്മുടെ പ്രതികരണങ്ങൾ സർക്കാരിനെ ശക്തമായിട്ട് അറിയിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷാവകാശത്തിന്മേൽ വളരെയേറെ കടന്നകയറ്റങ്ങൾ ഉണ്ടാകുന്നുണ്ട്.

**ന്യൂനപക്ഷങ്ങൾ സംരക്ഷിക്കുന്ന ധാർമ്മികത**

ഭാരതത്തിന്റെ ഏറ്റം വലിയ കീർത്തി ധാർമ്മികമാനദണ്ഡങ്ങളും മൂല്യങ്ങളും സംരക്ഷിക്കുന്ന ഒരു ജനതതി എന്നതത്രേ. ധാർമ്മികതയും ആത്മീയതയും നഷ്ടപ്പെടുന്ന ഒരു ജനതയ്ക്കും മുമ്പോട്ടുപോകാനാവില്ല. ഏതൊരു സമൂഹവും നശിക്കുന്നത് ഉള്ളിൽനിന്നാണ്. ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ ഇവിടുത്തെ

ധാർമ്മിക മൂല്യങ്ങൾ പരിരക്ഷിക്കുന്നതിനു നിർണ്ണായകമായ പങ്കു വഹിച്ചുകൊണ്ടാണിരിക്കുന്നത്. ക്രൈസ്തവസഭകൾക്ക് അതിൽ വലിയ സ്ഥാനമുണ്ട്. ക്രൈസ്തവസഭകളുടെ മേൽനോട്ടത്തിൽ നടക്കുന്ന കലാലയങ്ങളിലൂടെ ഈ രാജ്യത്തിനു കൈവന്ന നേട്ടങ്ങൾ ആർക്കാണു നിഷേധിക്കാൻ കഴിയുക. ന്യൂനപക്ഷത്തെ അപ്രധാനഘടകമായിട്ടോ എന്തെങ്കിലും ആനുകൂല്യം നൽകി മുഖ്യധാരയുടെ പൊതുസംസ്കാരത്തിലേക്ക് ഉൾച്ചേർക്കേണ്ടവ രായോ കാണരുത്.

**ദേശീയ വിദ്യാഭ്യാസനയത്തിൽ ഭൂരിപക്ഷത്തിന്റെ സ്വരം മാത്രം പോരാ**

ഇത് ദേശത്തിന്റെ വിദ്യാഭ്യാസനയമാണ്. സെക്കുലർ ഇന്ത്യയുടെ മുഖ്യധാര ആഭിമുഖ്യങ്ങൾ പലതും ഈ NEP ൽ നഷ്ടപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷത്തിന്റെ culture promote ചെയ്യാ നുള്ള അവസരമാണു വേണ്ടത്. സാമൂഹിക സാമ്പത്തിക മേഖ ലകളിൽ പിന്നാക്കം നില്ക്കുന്നവരെ സഹായിക്കുന്നത് നല്ലതാ ണ്. പക്ഷേ, അടിസ്ഥാനത്തത്വം ബലികഴിക്കരുത്. ന്യൂനപക്ഷ ങ്ങളിൽത്തന്നെ ആനുകൂല്യങ്ങൾ ആവശ്യമുള്ളവരുണ്ട്. അവി ടെയും സാമ്പത്തികവളർച്ച സംസ്കാരത്തെ തകർക്കരുത്. അവർ ഭൂരിപക്ഷത്തിൽ ലയിക്കാൻ വേണ്ടിയല്ല അത്. ന്യൂനപക്ഷ അവ കാശം എന്നുപറയുന്നത് ആരുടെയെങ്കിലും മുമ്പിൽ കയറി ഓടാ നോ സ്വകാര്യവത്കരണത്തിനോ വാണിജ്യവത്കരണത്തിനോ വേണ്ടിയല്ല. ഈ പറഞ്ഞതിനൊന്നും അവിടെ സ്ഥാനമില്ല. മതം ഒരിക്കലും മത്സരത്തിലൂടെ സ്ഥാനം പിടിക്കേണ്ടതല്ല. രാഷ്ട്രീ യ, സാമ്പത്തികമേഖലകളിൽ മത്സരങ്ങൾ ആവശ്യമാണ്. മതം ജീവിതമാണ്. ഒരു ജനതതി ദൈവവിചാരത്തോടുകൂടി മുമ്പോ ട്ടുപോകാനുള്ള സംവിധാനമാണ്. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് എല്ലാ മതങ്ങളും മത്സരങ്ങളും വർഗ്ഗീയതയും ഉപേ ക്ഷിക്കണം. യഥാർത്ഥവൈവിധ്യങ്ങൾ സംരക്ഷിക്കപ്പെടണം. അവിടെയാണ് ഐക്യത്തിന്റെ ആത്മാവു വസിക്കുന്നത്. വർഗ്ഗീയവത്കരണം ആർക്കും നല്ലതല്ല. ചില സ്ഥലങ്ങളിൽ സർക്കാരുകൾ ഭൂരിപക്ഷത്തിനില്ലാത്ത അവകാശങ്ങൾ ചില

cultural and religious വിഭാഗത്തിന് നല്കുന്നത് അവർ നശിക്കാതിരിക്കാൻവേണ്ടിയാണ്. ഉദാ: ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങൾ മറ്റു ഭാഷകളും സംസ്കാരങ്ങളും കാത്തുസൂക്ഷിക്കുന്നവരെ എത്രയോ ഇടങ്ങളിൽ സംരക്ഷിക്കുന്നു. ഈ അവകാശങ്ങളെല്ലാം പറയുന്നത് സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദം സംരക്ഷിക്കണം എന്നാണ്.

ഇന്ത്യൻ ഭരണഘടന അനുവദിച്ചുതന്നിട്ടുള്ള മൗലിക അവകാശമാണ് മതന്യൂനപക്ഷങ്ങൾക്കായുള്ള പ്രത്യേക അവകാശങ്ങൾ. ഇതനുസരിച്ച് വിദ്യാലയങ്ങൾ ആരംഭിക്കുവാനും അവരവരുടെതായ പാരമ്പര്യങ്ങൾക്കും വിശ്വാസത്തിനും ധാർമ്മികമൂല്യങ്ങൾക്കും അനുസൃതമായി ഈ സ്ഥാപനങ്ങൾ നടത്തുവാനും അവകാശമുണ്ട്. ഈ അവകാശങ്ങൾ നിഷേധിക്കുവാൻ ഭരണകൂടത്തിനും സാധ്യമല്ല. അധ്യാപകനിയമനവും വിദ്യാർത്ഥികളുടെ പ്രവേശനവും ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേക അവകാശങ്ങളാണ്. സംശുക്തവും സുതാര്യവുമായ രീതികളാണ് ഈ രണ്ടു കാര്യങ്ങളിലും എല്ലാവരും സ്വീകരിക്കേണ്ടത്.

ന്യൂനപക്ഷാവകാശങ്ങളിൽ രാഷ്ട്രപുരോഗതിക്കുള്ള വലിയ അവകാശമാണ് അന്തർലീനമായിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രത്യേക സമുദായം തഴച്ചുവളരുന്നു, അതുകൊണ്ട് അവർ ന്യൂനപക്ഷാവകാശങ്ങൾ അർഹിക്കുന്നില്ല എന്ന് ആർക്കും പറയാൻ സാധ്യമല്ല. അവകാശത്തിലൂടെ നടക്കുന്നത് പരിപോഷിപ്പിക്കലും വളർത്തലും വർധിപ്പിക്കലുമാണ്. ന്യൂനപക്ഷങ്ങൾ വൈവിധ്യത്തിലെ ഐക്യത്തിന്റെ അടയാളങ്ങളുമാണ്. സംവരണം എന്നുപറയുന്നത് ഒരാൾ മറ്റൊരാളോടു തുല്യനാകുന്നതുവരെ, വളരുന്നതുവരെയുള്ള ചില ആനുകൂല്യങ്ങൾ മാത്രമാണ്. ഈ ബോധ്യം ന്യൂനപക്ഷസമുദായങ്ങൾക്കുവേണം. ബോധ്യമില്ലായ്മ ന്യൂനപക്ഷസമുദായങ്ങളുടെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യും. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുമ്പോൾ വരുംതലമുറയുടെ അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത് എന്നും മറക്കരുത്.

---

NB: 19-08-2020-ൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# പ്രീസ്കൂൾ പൊതുവിദ്യാഭ്യസത്തിന്റെ ഭാഗമാകുമ്പോൾ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഒരു സിസ്റ്റം അല്ലെങ്കിൽ യന്ത്രം ബലഹീനമാകുമ്പോൾ കേടുപാടുകൾ മാറ്റേണ്ടത് ആവശ്യമാണ്. റിപ്പയർ അല്ലെങ്കിൽ മെയ്ന്റനൻസ് എന്നൊക്കെ നമ്മൾ പറയാറുണ്ടല്ലോ. ഇത് ഒരു ജീർണ്ണോദ്ധാരണമാണ്. പണിക്കുറ്റംതീർത്ത് പുതുക്കുക സമസ്തമേഖലകളോടും ബന്ധപ്പെട്ടുകിടക്കുന്ന ഒരു പദ്ധതിയാണ്. ഇത്തരം നവീകരണപ്രക്രിയയിലൂടെ ഗുണമേന്മ അസാധാരണമായ രീതിയിൽ മെച്ചപ്പെടാനും സാധ്യതയുണ്ട്. വാസ്തവത്തിൽ അതൊരു അടിച്ചുവാരി വൃത്തിയാക്കൽതന്നെയാണ്. ദേശീയ വിദ്യാഭ്യാസപദ്ധതയിൽ (NEP) വളരെയേറെ അഴിച്ചുപണികൾ നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും ആദ്യത്തെ ഭാഗത്തെക്കുറിച്ചുള്ള ഒരു നിരീക്ഷണമാണ് ഇവിടെ നടത്തുന്നത്.

**വിദ്യാഭ്യസമേഖല കെട്ടിടമോ യന്ത്രമോ അല്ല**

ഏതൊരു രാജ്യത്തിന്റെയും വിദ്യാഭ്യാസമേഖല ജീവനുള്ള ഒരു വ്യക്തിയെപ്പോലെ(Living Organism)യാണ്. യന്ത്രം നന്നാക്കുന്നതുപോലെ വിദ്യാഭ്യാസമേഖലയെ നന്നാക്കാനാവില്ല. വിദ്യാഭ്യാസത്തിന്റെ ലെഗസ്സി അല്ലെങ്കിൽ പാരമ്പര്യം, ആഭിമുഖ്യങ്ങൾ എന്നിവയെല്ലാം ആ ദേശത്തെ വിശാലമായ സാമൂഹിക ഇത്തോസുമായിട്ട് (ethos) ഗാഢമായ രീതിയിൽ ബന്ധപ്പെട്ടതാണ്. ഇതിൽ ആചാരവൈവിധ്യം, ഭാഷാവൈവിധ്യം, ധർമ്മചിന്ത, ജാതിചിന്ത, മൂല്യചിന്ത, തുടങ്ങി ഒട്ടനവധികാര്യങ്ങൾ ഉണ്ടാവും. തന്മൂലം വിദ്യാഭ്യാസത്തിൽ അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ ഇത്തരത്തിലുള്ള മേഖലകളെക്കുറിച്ചുള്ള അടിസ്ഥാനപഠനങ്ങൾ ആവശ്യമാണ്. നവീകരണവും പുനഃക്രമീകരണവും പുനർവായനയും വേരുകളോടു ബന്ധപ്പെട്ടു മാത്രമേ നടത്താവൂ. പുതിയ ദേശീയവിദ്യാഭ്യാസനയത്തിനു വലിയ കയ്യടി കിട്ടി

യിട്ടുണ്ട്. ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധിക്കപ്പെടാതെ പോവുകയുമാണ്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 45-നെ അവഗണിച്ചുകൊണ്ടുള്ള വലിയ ഒരു ശസ്ത്രക്രിയയാണ് ഈ പുതിയ നയത്തിന്റെ, പ്രത്യേകിച്ച് ആദ്യഭാഗത്ത്, നാം കാണുക. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ (Elementary Education) പുനഃക്രമീകരണം കുറച്ചുകൂടി ശ്രദ്ധിച്ചുചെയ്യേണ്ടതാണ്. ഇപ്പോൾ നടത്തിയ ശസ്ത്രക്രിയവഴി ആദ്യത്തെ രണ്ടു പ്രൈമറിവിഭാഗത്തെ മൂന്നു വർഷത്തെ പ്രീ-സ്കൂൾ വിദ്യാഭ്യാസവുമായിട്ട് ഗ്രാഫ്റ്റ് ചെയ്തിരിക്കുകയാണ്. ചരിത്രപരമായ ഒരു മാറ്റമാണു വരുന്നത്. 10+2 എന്നതിനോട് മൂന്നു വർഷത്തെ പ്രീ സ്കൂൾ കൂടി ചേർത്ത് പതിനഞ്ചു വർഷമാക്കിയിരിക്കുന്നു. കുട്ടിയുടെ മൂന്നാം വയസ്സുമുതൽ ഔദ്യോഗികവിദ്യാഭ്യാസം ആരംഭിക്കുന്നു. അതായത്, പ്രീ സ്കൂൾ വിദ്യാഭ്യാസം പൊതുസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാകുന്നു. ഒന്നാം ക്ലാസ്സിൽ ചേരുന്നതിനുപകരം നഴ്സറി, എൽ.കെ.ജി., യു.കെ.ജി. എന്നിവ ഇനി പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാകും. കുട്ടിക്ക് മൂന്നു വയസ്സാകുമ്പോൾ സ്കൂളിൽ ചേരണം. അതായത്, മൂന്നാംവയസ്സിൽ ചേർന്നു പതിനഞ്ചു വർഷം പഠിച്ചു കുട്ടി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നു. അപ്പോൾ കുട്ടിക്ക് 18 വയസ്സാകും.

വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം സമഗ്രമനുഷ്യന്റെ രൂപപ്പെടുത്തലാണ്. ബൗദ്ധികവും ശാരീരികവും ആത്മീകവും മാനസികവുമായ വളർച്ചയോടൊപ്പം സാമൂഹികകാഴ്ചപ്പാടുകളും കുട്ടികളിൽ നിറയണം. മൂന്നു വയസ്സുമുതൽ ഒരു കുട്ടിയുടെ പഠനപ്രക്രിയ ഔദ്യോഗികമായി ആരംഭിക്കണമെന്ന പുതിയ നയം കുട്ടികളിൽ മാനസികബുദ്ധിമുട്ടുകൾ ഉണ്ടാക്കിയേക്കാം. ഒരു വ്യക്തിയുടെ വ്യക്തിത്വരൂപീകരണത്തിന് അടിസ്ഥാനമിടുന്ന കാലമാണ് ശൈശവ-കൗമാരകാലം.

പ്രസിദ്ധ തത്ത്വശാസ്ത്രജ്ഞനായ ജോൺ ലോക്ക് കുട്ടികളുടെ വളർച്ചയുടെ നാഴികക്കല്ലുകൾ വേർതിരിച്ചു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ മൂന്നു വയസ്സുവരെ മാതാപിതാക്കളുടെ ആശ്രയത്തിൽ കുട്ടികൾ കഴിയുന്നു. വളർച്ചയുടെ ആരംഭത്തിൽ അടി

സ്ഥാന ആവശ്യങ്ങളെല്ലാം പരാശ്രയംകൂടാതെ ഒരു കുട്ടിക്ക് നടത്തിയെടുക്കുവാൻ ഈ കാലംവരെ കഴിയുകയില്ല. മൂന്നുമുതൽ ഏഴുവരെയുള്ള കാലത്ത് കുട്ടികൾ മറ്റുള്ളവരുടെ സഹായത്തിലാണെങ്കിലും, നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും ആശയങ്ങൾ, ആവശ്യങ്ങൾ പങ്കുവയ്ക്കലിലൂടെയും വളരുന്നു. ഈ കാലത്ത് പ്രായമായവർ അവരെ നിരീക്ഷിക്കുകയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ജോൺ ലോക്ക് ഒരു വ്യക്തിയുടെ ചെറുപ്പകാലത്തെ മൂന്നായിട്ടു തിരിക്കുന്നു

ശൈശവകാലം - 1-3 (Early Childhood)

മദ്ധ്യകാലം - 7-12 (Middle Age)

കൗമാരകാലം - 13 - 19 (Adolescence)

**പിഞ്ചുമനസ്സുകളിൽ അടിച്ചേല്പിക്കപ്പെടുന്ന വിദ്യാഭ്യാസം**

ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തിൽ കുട്ടിയുടെ വളർച്ചാകാലത്തെ വിസ്മരിച്ചുകൊണ്ട് പാഠ്യവിഷയങ്ങൾ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നു. ശൈശവ-ബാല്യകാലയളവിൽ കുട്ടികളുടെ മാനസികവികാസത്തിന്, ശാരീരികവളർച്ചയ്ക്ക്, ബൗദ്ധികവളർച്ചയ്ക്ക്, വൈകാരികപക്വതയ്ക്ക് കളികളാണ് പ്രധാനമായും വേണ്ടത്. ഓട്ടം, ചാട്ടം, മരങ്ങളിലും മലകളിലും കയറ്റം മുതലായവ വളരെ പ്രാധാന്യമർഹിക്കുന്നു. പൊതുവിജ്ഞാനം നേടാനും യുക്തിപരമായ ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ തേടാനുമുള്ള സമയമാണിത്. നല്ല ശീലങ്ങൾ പഠിച്ചെടുത്ത് കുട്ടികൾ വൈകാരികപക്വത നേടുന്നു. പുതിയ വിദ്യാഭ്യാസനയത്തിൽ അടിസ്ഥാനപരമായ ലിറ്ററസി(സാക്ഷരതയും)യും ന്യൂമെറസിയും (സംഖ്യാപഠനം) ഉൾച്ചേർത്തിരിക്കുന്നു. രാജ്യത്താകമാനമുള്ള നേഴ്സറികളിൽ കുട്ടികൾ ഇംഗ്ലീഷ് അക്ഷരങ്ങൾ പഠിക്കുകയും സംഖ്യാകണക്കുകൾ കുറെയെല്ലാം മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയെങ്കിൽ ആദ്യവർഷങ്ങളിൽതന്നെ (മൂന്നാം വർഷംമുതൽ) ഇത് ഔദ്യോഗികമാക്കി മാറ്റാൻ പാടില്ലേ എന്നതാണ് ചിന്താവിഷയം.

**എങ്ങനെയാണ് കുട്ടി വായിക്കാൻ പഠിക്കുന്നത്**

അക്ഷരങ്ങൾ പഠിച്ചുകൊണ്ടാണ് വായിക്കാൻ പഠിക്കുന്നത്.

ഓരോ അക്ഷരവും അതിന്റെ സ്വരവും തിരിച്ചറിയണം. തുടർന്ന് ലളിതമായ വാക്കുകൾ പഠിക്കണം. നൂറ്റാണ്ടുകൾ നിലനിന്ന ഒരു പാരമ്പര്യമാണിത്. കുട്ടിയുടെ കണ്ണും മനസ്സും എങ്ങനെ പ്രവർത്തിക്കുന്നു എന്നതിലാണ് ഇത് അടങ്ങിയിരിക്കുന്നത്. അർത്ഥത്തിനുവേണ്ടിയുള്ള ഒരു കുട്ടിയുടെ ദാഹമാണ് ഇവിടെ കാണുന്നത്. കേവലം ഒരു യാന്ത്രിക പ്രസ്ഥാനമല്ലിത്.

**അപക്വമനസ്സുകളിൽ സാക്ഷരത അപകടകരമാകാം**

മൂന്നാം വയസ്സിൽ നിൽക്കുന്ന ഒരു കുട്ടി പഠിച്ചുകൂട്ടുന്ന അക്ഷരങ്ങളും വാക്കുകളും ഭാവിയിൽ ആ കുട്ടിക്ക് ഉപദ്രവകരമാണ്. കുട്ടിയെ അഞ്ചു വയസ്സുകഴിഞ്ഞ് സ്കൂളിൽ ചേർത്താൽ മതിയെന്ന് അക്ഷരജ്ഞാനംപോലുമില്ലാത്ത മാതാപിതാക്കൾ പണ്ടുമുതലേ പറഞ്ഞിരുന്നതാണ് ഏറ്റവും വലിയ വിദ്യാഭ്യാസ പദ്ധതി. ശൈശവകാലവിദ്യാഭ്യാസത്തിലേക്കുള്ള ഒരു താക്കോലാണ് വാസ്തവത്തിൽ ഇത്. മൂന്നാം വയസ്സിൽ പഠിച്ചുകൂട്ടുന്നതെല്ലാം കുട്ടിയെ ദ്രോഹിക്കുന്ന വിധത്തിലേക്കു രൂപപ്പെടും. അത് കുട്ടിയിൽ ഒരു സ്ഥായിയായ ശീലം (ഹാബിറ്റ്) ഉറപ്പിക്കും. ഇത്തരം ബാല്യകാലശീലങ്ങൾ എളുപ്പത്തിൽ പിന്നീട് തിരുത്താൻ പറ്റുന്നതല്ല. കാരണം, ഇവിടെ യഥാർത്ഥ സന്ദേശം കുട്ടി ഗ്രഹിക്കുന്നില്ല. വാക്കുകളുടെ പിന്നിലുള്ള സന്ദേശം, ആശയം, കുട്ടി ഗ്രഹിക്കുന്നില്ല. പാഠത്തോടു ബന്ധമില്ലാതെ വായിക്കുന്നതും ഗ്രന്ഥകാരനെക്കുറിച്ചു യാതൊരു ഗ്രാഹ്യവുമില്ലാതെ പഠിക്കുന്നതും ഉപദ്രവകരമാണ്. വളരെ ചെറുപ്പത്തിലേ അക്ഷരങ്ങൾ പഠിപ്പിക്കുന്നതും വായിക്കാൻ പഠിപ്പിക്കുന്നതും അതിന്മേൽ ഓരോ ദിവസവും വളർച്ച ഉണ്ടാകണമെന്ന് അധ്യാപകർ വാശിപിടിക്കുന്നതും കുട്ടികൾക്കു മാനസികസമ്മർദ്ദം ഉണ്ടാകും. അർത്ഥമറിയാതെ വായിക്കാനും താത്പര്യമില്ലാതെ വായിക്കാനുമുള്ള പ്രേരണകൾ കുട്ടിയെ തളർത്തും. കുട്ടികളുടെ ഭൗതിക വികാസത്തിനാവശ്യമായവ ഘട്ടംഘട്ടമായിട്ടാണ് നല്കേണ്ടത്. ബുദ്ധിശക്തി എന്നത് ഒരു യാഥാർത്ഥ്യമാണ്. നിർമ്മിതബുദ്ധി (Artificial Intelligence)യുടെ കാലമാണല്ലോ ഇത്. വിവരസാങ്കേതികവിദ്യകൾ വികസിച്ചുവരുമ്പോഴും വിദ്യാഭ്യാസ പ്രവർത്ത

കരും പണ്ഡിതരും ഒരേപോലെ ശ്രദ്ധിക്കുന്ന കാര്യമാണ് അറിവുകൾ കുട്ടികളിലേക്കു പകരണമെങ്കിൽ അതിന് കുട്ടികളുടെ ബുദ്ധിശക്തി വികസിക്കുന്നതിനനുസരിച്ചേ അവരിലേക്ക് പകർന്നുനല്കാൻ പാടുള്ളു എന്നത്. കാരണം, പാത്രത്തിന്റെ ഉള്ളിൽ നിറയ്ക്കാവുന്നതേ ആരും നിറയ്ക്കു. കുപ്പിയിൽ നിറയ്ക്കാവുന്ന ജലമേ നിറയ്ക്കുവാൻ കഴിയു. ഒരു ബക്കറ്റ് വെള്ളമുണ്ടെങ്കിലും ഒരു കുപ്പിയിലേക്കു പകരുന്നതിനു പരിമിതിയുണ്ട്. മലയാളംപോലുള്ള ഭാഷകൾക്കും രസതന്ത്രംപോലുള്ള ശാസ്ത്രത്തിനും പഠനാർഹമായവയെല്ലാം പാഠപുസ്തകങ്ങളിലും ടാബിലും ലാപ്ടോപ്പിലുമെല്ലാം ഉണ്ടെങ്കിലും അധ്യാപകർ അവയെല്ലാംകൂടി ഒരു ദിവസംകൊണ്ട് കുട്ടികളെ പഠിപ്പിച്ചു തീർത്ത് വിടുകയല്ല, ഗുളികപ്പരുവത്തിൽ അധ്യായങ്ങളും ഖണ്ഡികകളുമായി തിരിച്ച് ഓരോ ദിവസവും കുട്ടികൾക്ക് ഉൾക്കൊള്ളാവുന്നവ മാത്രം നല്കുന്നു. എന്തുകൊണ്ട് ഒരു സ്കൂൾ ദിവസത്തെ വിവിധ പീരിഡുകളായി തിരിച്ചിരിക്കുന്നു? ആ പീരിഡുകളിൽ ഒരു ദിവസം ഒരു വിഷയം മാത്രമായി പഠിപ്പിക്കുന്നില്ല. വിവിധ വിഷയങ്ങൾ, അധ്യായങ്ങളായി വിഭജിച്ച് പല പീരിഡുകളായി പഠിപ്പിക്കുമെങ്കിലെ കുട്ടികൾ ഉൾക്കൊള്ളു. ഇതാണ് യാഥാർത്ഥ്യമെങ്കിൽ കളിക്കും ചിരിക്കും വിനോദത്തിനും അന്വേഷണത്തിനും പരീക്ഷണത്തിനും അവസരം നല്കി വിദ്യാഭ്യാസ പ്രക്രിയ നടത്തേണ്ടിടത്ത് “ബുദ്ധിയുറയ്ക്കാത്ത ശിശുക്കൾക്ക്” മൂന്നാം വയസ്സുമുതലേ കടുകട്ടിയായ പാഠഭാഗങ്ങൾ പഠിപ്പിക്കണമെന്ന് ശഠിക്കുന്നതിലെ നിർബന്ധബുദ്ധി മനസ്സിലാകുന്നില്ല. ഒരു നിർമ്മിത ബുദ്ധി വിചാരിച്ചാലും കുട്ടികളുടെ തലച്ചോറിൽ അവ എത്തുകയില്ല. എല്ലാത്തിനും യുക്തിഭദ്രത ഉണ്ടാവണം. കുട്ടികൾക്ക് പ്രധാനമായും കളികൾ വേണ്ട ഒരു സമയമാണിത്. കളികൾ അവരിലെ എല്ലാ കഴിവുകളെയും പുറത്തെടുക്കും. കണ്ടുപിടിത്തങ്ങൾ, നേതൃത്വവാസന, വെല്ലുവിളികൾ നേരിടാനുള്ള കഴിവ്, പങ്കുവയ്ക്കൽ മനോഭാവം, മറ്റുള്ളവരെ അംഗീകരിക്കാനും എതിർക്കാനുമുള്ള സ്വഭാവങ്ങൾ, പ്രശ്നങ്ങളെ നേരിടാനും പരിഹരിക്കാനുമുള്ള മനോഭാവങ്ങൾ തുടങ്ങിയവയെല്ലാം. പ്ലേ സ്കൂളുകൾ നഷ്ടപ്പെടുന്നത് കുട്ടികൾക്കു വലിയ നഷ്ടമാണ്.

**വളരെ ചെറുപ്പത്തിലേ എഴുതാൻ തുടങ്ങുന്നതും അപകടം**

പ്രായമാകുന്നതിനുമുമ്പ് എഴുതാൻ തുടങ്ങുന്നതും അതിനു കുട്ടിയെ പ്രേരിപ്പിക്കുന്നതും കുട്ടിയുടെ സമഗ്രവളർച്ചയ്ക്കു നല്ലതല്ല. അടിസ്ഥാനപരമായി എഴുത്ത് എന്നത് ഒരുവന്റെ ആശയം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതാണ്. വായിക്കാൻ ആരുമില്ലാത്തപ്പോൾ എഴുത്തിനു പ്രസക്തിയില്ല. ഒരു മെക്കാനിക്കൽ കഴിവായിട്ടുമാത്രം, അതും നന്നേ ചെറുപ്പത്തിലേ അമിതമായി പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ല. അധ്യാപകർ എല്ലാം പഠിപ്പിക്കുവാൻ നിർബന്ധിതമാകുമ്പോൾ മാതാപിതാക്കളും അതേ ഭാരം ഏറ്റെടുക്കുന്നു. കുട്ടികൾ വിഷമിക്കുകയും ചെയ്യുന്നു.

**അപക്വമനസ്സിലെ സംഖ്യകളും (numeracy) ഭാരം**

സംഖ്യ, കണക്ക്, അദ്ഭുതകരമായ ഒരു ലോകമാണ്. ഒരു കുട്ടിക്ക് പ്രപഞ്ചത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾ ലഭ്യമാകുന്നത് കണക്കുകളിലൂടെയാണ്. കണക്കുകൾ മനഃപാഠമാക്കാനും ആവർത്തിക്കുവാനും നിർബന്ധിക്കുന്നതും കുട്ടിക്ക് താങ്ങാൻ പറ്റാത്തവിധത്തിലുള്ള കണക്ക്/സംഖ്യ പരിചയപ്പെടുത്തുന്നതും കുട്ടിയെ മാനസികമായി തളർത്തും. ഇത്തരം അമിതാവേശങ്ങൾ കുട്ടിയ മാനസികസംഘർഷത്തിലേക്കു നയിക്കും. ഒരു കുട്ടിയെയാണ് വളർത്തിക്കൊണ്ടുവരുന്നത് എന്ന ചിന്തയില്ലാതെപോകുന്നതു ശരിയല്ല. സംഖ്യയും യഥാർത്ഥ ലോകവുമായുള്ള ബന്ധം തകർക്കാൻ മാത്രമേ ഇത്തരം പ്രവണതകൾ ഉപകാരപ്പെടുകയുള്ളൂ. കുട്ടിയുടെ ആഭിമുഖ്യങ്ങളും ഈ പ്രപഞ്ചവും തമ്മിലുള്ള ബന്ധമാണ് നഷ്ടപ്പെടുന്നത്. ഇത്തരം പാലങ്ങൾ/ബന്ധങ്ങൾ സ്ഥാപിക്കാതെയുള്ള വിദ്യാഭ്യാസം അപകടകാരിയാണ്. പിന്നീട് തിരിച്ചറിവാകുമ്പോൾ കുട്ടി കണക്ക് പഠിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറും. കുട്ടിക്ക് കണക്കിനോടുള്ള ആകർഷകത്വം ഇല്ലാതാകും.

**അമിതവേഗം എന്ന സംസ്കാരം**

അമിതവേഗത്തിന് (speed) ഒരു ശമനം വരുത്തിയത് കൊറോണാ കാലഘട്ടമാണ്. എല്ലാവരെയും ഇരുത്തിച്ചിന്തിപ്പിച്ചു. ഡിജിറ്റൽ സംവിധാനംകൂടി ആയപ്പോൾ ഈ അമിതവേഗം വളരെ

സ്വാഭാവികമായി മാറി. ഏറ്റവും കുറഞ്ഞ പ്രായത്തിൽ, മൂന്നു വയസ്സ് ആകുന്നതിനുമുമ്പുപോലും കുട്ടിയെ സ്കൂളിൽ വിടാം എന്നു സന്തോഷത്തോടെ നോക്കിയിരിക്കുന്ന മാതാപിതാക്കളും ഈ അമിതവേഗത്തിന്റെ ഇരകളാണ്. മാതാപിതാക്കളിൽനിന്ന് കുട്ടികളെ വളരെ ചെറുപ്പത്തിൽ മാറ്റിപ്രതിഷ്ഠിക്കുന്നത് അവരിൽ പിന്നീട് സുഖപ്പെടുത്താൻ പറ്റാത്ത മുറിവുകൾ സൃഷ്ടിക്കും. വീടിന്റെ തുടർച്ചയായിരിക്കണം സ്കൂൾ എന്ന സഭയുടെ പ്രബോധനത്തിന് ഏറെ ഭംഗിയുണ്ട്. വാസ്തവത്തിൽ കുട്ടികളുടെ ഈ 'transfer' (സ്ഥലംമാറ്റം) ഏറ്റം വേദനാജനകമാണ്. മുതിർന്നവർപോലും പലപ്പോഴും എത്രയോ എതിർപ്പുകളോടുകൂടിയാണ് ട്രാൻസ്ഫറുകൾ സ്വീകരിക്കുന്നത്. നഴ്സറികൾ എന്ന play-world (കുട്ടികളുടെ ലോകം)നു വളരെ പ്രസക്തിയുണ്ട് എന്നു നാം മറക്കരുത്. ലിറ്ററസിയും (സാക്ഷരത) ന്യൂമറസ്സിയും (സംഖ്യപഠനം) പിഞ്ചുമനസ്സുകളിലെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ആകുമ്പോൾ പിഞ്ചുഹൃദയങ്ങളെ മാനസിക സംഘർഷങ്ങളുടെ യുദ്ധക്കളങ്ങൾ ആക്കിമാറ്റുന്നു എന്നു മറക്കരുത്. വിദ്യാർത്ഥിയുടെ ശാരീരികവും മാനസികവും ബൗദ്ധികവും സദാചാരപരവും ധാർമ്മികവുമായ മാനങ്ങൾക്കു മുൻഗണന കൊടുക്കുന്ന വിദ്യാഭ്യാസസമ്പ്രദായമാണ് നമുക്ക് ആവശ്യമായിരിക്കുന്നത്.

---

NB: 06-09-2020-ൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# കാർഷിക പരിഷ്കരണബില്ലുകൾ കർഷകവിരുദ്ധം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

രാഷ്ട്രീയപ്രസ്ഥാനങ്ങളും കർഷകരും കേന്ദ്രസർക്കാരിന്റെ പുതിയ മൂന്ന് കാർഷിക ബില്ലുകൾക്കെതിരേ രംഗത്തു വന്നിരിക്കുന്നത് ഒരു കാർഷികകലാപമായി മാറുകയാണ്. 70% ജനങ്ങളും കാർഷികവൃത്തികൊണ്ട് നിത്യവൃത്തി കഴിക്കുന്ന ഒരു രാജ്യത്ത് യാതൊരു ചർച്ചകളും ആലോചനകളുമില്ലാതെ കർഷക വിരുദ്ധനയങ്ങളുമായി കേന്ദ്ര സർക്കാർ വന്നിരിക്കുന്നത് ഏറെ പ്രതിഷേധാർഹമാണ്. 2020 ജൂൺ 5-ന് ഇറക്കിയ ഓർഡിനൻസുകൾ പിൻവലിച്ചാണ് മൂന്ന് കർഷകവിരുദ്ധബില്ലുകൾ പാർലമെന്റിലെ ഇരുസഭകളും മൃഗീയഭൂരിപക്ഷം മുതലാക്കി കോർപ്പറേറ്റുകളെ സഹായിക്കുവാനായി പാസാക്കിയിരിക്കുന്നത്. ചട്ടങ്ങൾക്കു വിരുദ്ധമായും ശബ്ദവോട്ടോടെയുമാണ് ഈ ബില്ലുകൾ രാജ്യസഭയിൽ പാസാക്കിയത്. കർഷകരക്ഷയ്ക്കായി കാര്യമായ നീക്കങ്ങളൊന്നും ഒരു ഗവണ്മെന്റുകളും നടത്തിയില്ലെങ്കിലും കർഷകവിരുദ്ധത ഇത്ര പരസ്യമായി ഒരിക്കലും ഒരു സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കർഷക സംസ്ഥാനങ്ങളായ പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, ബംഗാൾ തുടങ്ങിയവ കർഷക സമരങ്ങളുമായി രംഗത്തെത്തിയിരിക്കുന്നു.

പഞ്ചാബിലെ ശിരോമണി അകാലിദൾ കേന്ദ്രമന്ത്രിസഭയിലെ തങ്ങളുടെ പ്രതിനിധിയായ കേന്ദ്ര ഭക്ഷ്യ സംസ്കരണ വകുപ്പ് മന്ത്രി ശ്രീമതി ഹർസിമ്രത് കൗറിനെ പിൻവലിച്ചതിലൂടെ കേന്ദ്ര ഗവണ്മെന്റ് നയം ഏറെ പ്രതിഷേധാർഹമെന്നു വ്യക്തമാക്കുന്നു. ബില്ലുകൾ രാജ്യത്തെ കർഷകർക്ക് സംരക്ഷണകവചമാണെന്നു പറഞ്ഞ് ന്യായീകരിക്കുന്ന പ്രധാനമന്ത്രി മുമ്പെന്നപോലെ ഇപ്പോഴും വൻകിട കച്ചവടക്കാർക്കും കോർപ്പറേറ്റുകൾക്കും കോടീശ്വരന്മാർക്കും വളരാൻ അവസരം നല്കുന്നു എന്നത് പകൽപോലെ വ്യക്തമാണ്. കർഷക സംരക്ഷണമെന്ന

പേരിൽ മുമ്പുകൊണ്ടുവന്ന നിയമങ്ങളും നടപടികളും കർഷക ദുരിതമായി മാറിയ അനുഭവം വയനാട്ടിലെ കർഷകർ ഉൾപ്പെടെ അനുഭവിച്ചതാണ്. ആദ്യകാലത്തു പ്രതീക്ഷ നല്കുന്ന ഇത്തരം നിയമങ്ങൾ പിന്നീട് കാർഷികവസ്തുക്കളുടെ വിലത്തകർച്ച യിലേക്കാണു നയിച്ചിട്ടുള്ളത്. അനുഭവപാഠങ്ങളാണ് കർഷകർ പ്രക്ഷോഭത്തിലേക്കു നീങ്ങുന്നതിനു കാരണം.

കേന്ദ്ര കൃഷിമന്ത്രി നരേന്ദ്ര സിങ് തോമർ പാർലമെന്റിൽ പറഞ്ഞത് താങ്ങുവില സംരക്ഷിക്കാനെന്നാണെങ്കിലും ഇത് കൃഷിക്കാരെ സംരക്ഷിക്കാനല്ല, വൻകിട വ്യാപാരികളെ സംരക്ഷിക്കുവാനാണ് ലക്ഷ്യം വെക്കുക.

**എന്താണീ മൂന്ന് ബില്ലുകൾ?**

2003 – ലെ കാർഷികോത്പന്ന കമ്പോള സമിതി (എ.പി. എം.സി.) ആക്ടിലെ വ്യവസ്ഥകൾ എല്ലാം അട്ടിമറിച്ചാണ് കാർഷിക ബില്ലുകൾ ഗവണ്മെന്റ് പാർലമെന്റിൽ പാസാക്കിയിരി ക്കുന്നത്. ബില്ലിൽ ലക്ഷ്യം വെക്കുന്നത് രണ്ടു കാര്യങ്ങളാണെന്ന് ഗവണ്മെന്റ് പറയുന്നു. 1. രാജ്യത്തെവിടെയും തങ്ങളുടെ കാർഷികോത്പന്നം വിറ്റഴിക്കുവാൻ കർഷകനു സാധിക്കും. 2. ഇത്തരമൊരു സ്വതന്ത്രവ്യാപാരം കാർഷികരംഗത്തെ ഇടനില ക്കാരെ ഇല്ലാതാക്കും. ഈ രണ്ടു കാര്യങ്ങൾക്കൊപ്പം 2003-ലെ ബില്ലിലെ പ്രധാന വ്യവസ്ഥകളിലൊന്നായ താങ്ങുവില സമ്പ്രദായം തുടർന്നും നിലനിൽക്കും. സ്വതന്ത്രവ്യാപാരം കാർഷിക ഉത്പന്നങ്ങൾക്ക് വില വർധിപ്പിക്കുവാൻ സാധിക്കു മെന്ന വിലയിരുത്തൽ താത്കാലികം മാത്രമെന്ന് കേരളത്തിലെ കാപ്പിക്കർഷകർക്കെങ്കിലും അറിയാം. കർഷകർക്കു ന്യായവില നൽകുമെന്ന് പറഞ്ഞ് ആരംഭിച്ച സംഭരണത്തിൽനിന്ന് കോഫി ബോർഡ് പിന്നീട് പിന്മാറിയതോടെ കാപ്പിവില കുത്തനേ ഇടിഞ്ഞുവെന്നത് കർഷകരുടെ നടുവൊടിക്കുന്നതിനു തുല്യമാണ്.

ഇന്ത്യൻ കർഷകനെക്കുറിച്ച് ഒരു ശരിയായ ചൊല്ലുണ്ട്. “കർഷകൻ കടത്തിൽ ജനിക്കുന്നു, കടത്തിൽ ജീവിക്കുന്നു, കടത്തിൽ മരിക്കുന്നു.” എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? “ജയ് ജവാൻ, ജയ് കിസാൻ” എന്ന മുദ്രാവാക്യവുമായി ഹരിത വിപ്ലവത്തിന് പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി തുടക്കമിട്ടത്

രാജ്യത്തെ സംരക്ഷിക്കുന്ന ജവാന്മാരുടെയും രാജ്യത്തെ രക്ഷിക്കുന്ന കർഷകരുടെയും രക്ഷയ്ക്കായിത്തന്നെയായിരുന്നു. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആരംഭിച്ച പഞ്ചവത്സര പദ്ധതിയിലും കാർഷികമേഖലയുടെ വളർച്ചയ്ക്ക് അനേകം പരിഗണനകൾ നൽകി.

പല അന്ധവിശ്വാസങ്ങളുടെയും വിപ്ലവാത്മകചിന്ത കളുടെയും എതിർപ്പുകളും അവഗണിച്ചുകൊണ്ട് കാർഷിക മേഖലയ്ക്കു പുതുജീവൻ പകരുവാൻ യന്ത്രവത്കൃത കൃഷിരീതി ഇന്ത്യയിൽ ആരംഭിക്കുവാൻ ആ കാലഘട്ടത്തിനു സാധിച്ചു. പരമ്പരാഗതകൃഷിരീതി കാര്യമായ ഉത്പാദനം നടത്താതെ വന്നപ്പോൾ കർഷകന് ഏറെ ഫലപ്രദമായിരുന്നു കാർഷിക യന്ത്ര ങ്ങളുടെ കടന്നുവരവ്. പാടമൊരുക്കാനും വിതയ്ക്കാനും കൊയ്യാനും മെതിക്കാനും പൊടിക്കാനും എന്തിനേറെ, ഭക്ഷ്യ സാധനങ്ങൾ പാക്കറ്റിലാക്കി സൂക്ഷിക്കാനും നശിക്കാതിരിക്കാൻ തക്കവിധം ശീതീകരിക്കാനുമെല്ലാം യന്ത്രങ്ങളുടെ കടന്നുവരവ് സഹായിച്ചു. നല്ല വിത്തിനങ്ങളുടെ ഉത്പാദനവും വളങ്ങളും കീട നാശിനികളും കാർഷികമേഖലയ്ക്ക് ഉണർവു പകർന്നു. വിദേശ രാജ്യങ്ങളിൽനിന്ന് അരിയും ഗോതമ്പും മൈദയും കൊണ്ടു വന്നിരുന്ന സ്ഥാനത്ത് കയറ്റുമതി ചെയ്യാൻ സാധിക്കുന്ന രാജ്യവും കാർഷിക ഉത്പന്നങ്ങളിലൂടെ വിദേശനാണയവും സമ്പാദിക്കുന്ന രാജ്യവുമായി നമ്മുടെ നാട് മാറിയപ്പോൾ ഇവിടെ കർഷകർക്കു വിലയുണ്ടായി, ഉത്പന്നങ്ങൾക്കു സമൃദ്ധിയുണ്ടായി. ആ സ്ഥിതിയിൽ കാർഷികമേഖല ശാന്തമായി. എന്നാൽ ജനങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ആവശ്യമില്ലാത്ത അവസ്ഥയിൽനിന്ന് രാജ്യത്തെ മോചിപ്പിച്ചപ്പോൾ ഈ മേഖല യിൽ മുതലെടുപ്പ് തുടങ്ങിയിരുന്നു. വൻകിട കമ്പനികൾ കാർഷികമേഖലയെ സഹായിക്കുവാൻ കടന്നുവന്നു. ഇടനില ക്കാരായിനിന്ന് അവർ കർഷകരെ ചൂഷണം ചെയ്തു. കാർഷിക വസ്തുക്കളുടെ വിലയിടിവിനു കാരണമായ പൂഴ്ത്തിവെപ്പുവഴി ജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ലഭിക്കാതെ വരുകയും പല കാർഷികവസ്തുക്കളും വീണ്ടും ഇറക്കുമതിയെ ആശ്രയിക്കേണ്ടി വരുകയും ചെയ്തു. രാഷ്ട്രീയ മുതലെടുപ്പുവഴി സർക്കാരുകളെ ത്തന്നെ കാർഷികവസ്തുക്കളുടെ ലഭ്യതക്കുറവ് ആരോപിച്ച് അട്ടിമറിച്ച സംഭവം ഉള്ളി രാഷ്ട്രീയത്തിലൂടെ നാം കണ്ടതാണ്.

എന്തിനാണ് ഇവയെല്ലാം പ്രതിപാദിച്ചതെന്ന് ചോദിച്ചാൽ കർഷകരെ പിഴിയുന്ന ഒരു രാജ്യമായി ഭാരതം മാറിത്തുടങ്ങിയതോടെ ഇവിടെ കർഷകപ്രക്ഷോഭങ്ങളും ആരംഭിച്ചു. രാജ്യതലസ്ഥാനം കണ്ടിട്ടുള്ള ഏറ്റവും വലിയ പ്രക്ഷോഭങ്ങൾ സ്വതന്ത്രേന്ത്യയിൽ ഉണ്ടായത് കർഷകഹപ്രക്ഷോഭമായിരുന്നു. ആ നിലയിലേക്ക് രാജ്യത്തെ കർഷകരെ വീണ്ടും അയയ്ക്കുകയാണ് സർക്കാരിന്റെ പുതിയ കാർഷികബില്ലുകൾ. താത്കാലിക രാഷ്ട്രീയതാത്പര്യങ്ങൾക്കായി ദേശീയ പാർട്ടികളും പ്രാദേശിക പാർട്ടികളും ബില്ലിനെ അനുകൂലിക്കുമ്പോൾ ദൂരവ്യാപക ഫലങ്ങളാവും ഉണ്ടാവുക എന്ന മുന്നറിയിപ്പാണ് നൽകുവാൻ കഴിയുന്നത്.

**ഇരുപതു ലക്ഷം കോടിയുടെ ഉത്തേജക പാക്കേജ്**

കോവിഡ് വ്യാപിക്കുന്നത് തടയുവാൻ ലോക്ക് ഡൗൺ കാലത്ത് ധനമന്ത്രി ഇരുപത് ലക്ഷം കോടിയുടെ ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചു. അതിന്റെ മറവിലാണ് കാർഷികബില്ലുകൾ കൊണ്ടുവന്നിരിക്കുന്നത്. കേരളംപോലുള്ള ചെറുകിട സംസ്ഥാനങ്ങളെ ഈ ബില്ലുകൾ ദോഷകരമായി ബാധിക്കും. ഉദാഹരണത്തിന് ജനിതകമാറ്റം വരുത്തിയ കാർഷികവിളകൾ കേരളത്തിൽ കൃഷിചെയ്യുവാൻ സമ്മതിക്കാതിരിക്കുമ്പോൾ കരാർകൃഷിവഴി കമ്പനികൾക്ക് അത്തരം വിളകൾ കേരളത്തിൽ കൃഷി ചെയ്യുവാൻ സാധിക്കും. ഈ ബില്ലുകൾ വൻകിട കോർപ്പറേറ്റുകൾക്കും ഊഹക്കച്ചവടക്കാർക്കും വൻനേട്ടങ്ങൾക്കു വഴിതെളിക്കും. ബില്ലുകളിലേക്കു നോക്കാം.

**1. ദി ഫാർമേഴ്സ് എഗ്രിമെന്റ് ഓൺ പ്രൈസ് അഷറൻസ് ആൻഡ് ഫാം സർവിസസ് ബിൽ**

കൃഷിരീതികളിൽ പുതിയ പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കുന്നതിൽ ഒരിക്കലും പുറംതിരിഞ്ഞു നിൽക്കേണ്ടതില്ല. പക്ഷേ, വില ഉറപ്പിനായി കൊണ്ടുവരുന്ന ഈ ബില്ലിൽ കരാർ കൃഷി പ്രോത്സാഹനമാണ് പ്രധാനമായും ഉള്ളത്. കർഷകർക്ക് നിശ്ചിതവില ഉറപ്പിക്കുവാൻ കരാർ കൃഷി നടപ്പാക്കുന്നു എന്ന് പറയുമ്പോൾ ഏത് കൃഷി ചെയ്യണമെന്ന് കർഷകനു തീരുമാനിക്കുവാൻ അവകാശമില്ലാതാവും. കരാറുകാരനാണ് നിശ്ചയിക്കുക. ഉദാ: നെൽക്കൃഷിക്കുപകരം ഗോതമ്പ് മതിയെന്ന് കരാറുകാരൻ തന്റെ ആവശ്യത്തിനനുസരിച്ച് പറഞ്ഞാൽ കൃഷി

രീതികൾ സമൂലം മാറ്റംവരുത്തുവാൻ തൊഴിലാളികളെ ഉൾപ്പെടെ മാറ്റുവാൻ കൃഷിക്കാരൻ നിർബന്ധിതനാവും. അതും വില ക്കുറവുള്ള കാർഷികവിളകളാണ് ആവശ്യപ്പെടുന്നതെങ്കിൽ സാമ്പത്തികഭാരം കൂടും. ചുരുക്കത്തിൽ ഇന്ത്യ വിദേശ ആധ്യ പത്യത്തിൽ ഒരുകാലത്ത് കഷ്ടപ്പെട്ടതുപോലെ കർഷകരും കഷ്ടപ്പെടും.

കൂടാതെ, ചെറുകിട കർഷകർ മാത്രമുള്ള കേരളത്തിൽ കരാറുകാർക്ക് ഭൂമി നിസാരതുകയ്ക്ക് ഏറ്റെടുത്ത് കമ്പനി കൾക്കുതന്നെ കൃഷിചെയ്യാം അല്ലെങ്കിൽ ഒരു പ്രത്യേക പ്രദേശത്തെ, ഉദാ: കുട്ടനാടുപോലുള്ള പ്രദേശത്തെ, കർഷകർക്ക് കൃഷി ചെയ്യാനും വിപണനം നടത്താനുമുള്ള സൗകര്യ ങ്ങളൊരുക്കി കമ്പനികൾക്ക് രംഗത്തുവരാം. വിത്തും സാങ്കേതിക സൗകര്യങ്ങളും കമ്പനി ഒരുക്കിനൽകുമ്പോൾ ഗവൺമെന്റ് ഏജൻസികൾ ഇതുവരെ നൽകിയിരുന്ന എല്ലാ സൗജന്യ സഹായങ്ങളും നിർത്തലാക്കി പകരം കമ്പനി നിർദ്ദേശിക്കുന്ന ഫീസ് അവരുടെ സേവനത്തിന് കർഷകർ നൽകണം. അതേ പോലെ കരാറുകാർ പറയുംവിധം കൃഷിചെയ്ത് ഉത്പാദനം അവരുടെ താത്പര്യങ്ങൾക്കനുസരിച്ചുള്ള ഗുണമേന്മയില്ല എന്ന് പറഞ്ഞ് ന്യായമായ വില നൽകാതിരിക്കാം. ജനിതകമാറ്റം വരുത്തിയ കാർഷികവിളകളെ സംബന്ധിച്ചും ഇത്തരം ആശങ്കകൾ ഉണ്ട്.

**2. ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കോമേഴ്സ് (പ്രൊമോഷൻ, ഫെസിലിറ്റേഷൻ) ബിൽ**

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാണ്യവിളക്കൃഷി കൂടുതലായിട്ടുള്ള കേരളംപോലുള്ള സംസ്ഥാനത്ത് കേന്ദ്രത്തിന് വിപണി സംവിധാനത്തിൽ ഇടപെടാൻ അവസരമാകും. കേരളാ മോഡൽ എന്നത് അനേകം കാര്യങ്ങളിൽ പ്രശസ്തമാണ്. ഭൂപരിഷ്കരണവിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ എന്നപോലെ അധികാരവികേന്ദ്രീകരണത്തിലും കേരളത്തിന് തനതായ ഒരു നിലപാടുണ്ട്. ഇതാണ് കേരളാ മോഡൽ എന്ന് വിശേഷിപ്പി ക്കുന്നതും. കേരളത്തിലെ കൃഷിഭവനുകൾ ഏറെ അംഗീകരിക്ക പ്പെട്ടതാണ്. കൃഷിവകുപ്പും സജീവമായി പ്രവർത്തിക്കുന്നു. ലോക്കൽ ബോഡികൾ ഈ മേഖലയിൽ ശ്രദ്ധാർഹമായ

പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇവിടെ കൃത്യമായ മാർക്കറ്റിങ് സംവിധാനമുണ്ട്. ഓരോ പ്രദേശത്തും അതാതു പ്രദേശത്തെ വിലനിലവാരമനുസരിച്ച് ഉത്പന്നങ്ങൾ വിൽക്കാനും വാങ്ങാനു മുള്ള മാർക്കറ്റുകൾ (ചന്തകൾ) ഇന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ പോലും ഇന്നും നിലനിൽക്കുന്ന ഇത്തരം ചന്തകളുടെ പ്രവർത്തനങ്ങളുടെമേലുള്ള കയ്യേറ്റം ഇനി നാം കാണേണ്ടിവരും. നിലവിലുള്ള സംവിധാനത്തിൽ കാർഷികോത്പന്ന കമ്പോള സമിതി(എ.പി.എം.സി.)യാണ് വില ഉറപ്പിക്കുന്നതിനൊപ്പം താങ്ങുവിലയും നിശ്ചയിക്കുന്നത്. പുതിയ നിയമപ്രകാരം എവിടെ യാണോ കാർഷികോത്പന്നങ്ങൾ വിൽക്കാൻ കഴിയുന്നത് അവിടമെല്ലാം കമ്പോളത്തിന്റെ നിർവ്വചനത്തിൽ വരുന്നു. ഇത് നിലവിലുള്ള ചന്തകളെ തകർക്കുന്നതായിരിക്കും. ഗ്രാമീണർക്ക് ഉത്പന്നങ്ങൾ വിറ്റാൽ മാത്രം പോരല്ലോ വാങ്ങുകയും ചെയ്യണം. രണ്ടിടത്തും പുതിയ ബില്ലിന്റെ പരിധിയിൽ വരുന്ന കമ്പോള വ്യാപാരികൾ വൻചൂഷണം നടത്തുന്നതിന് എല്ലാ സാധ്യതയും കാണുന്നു. കൂടാതെ ചെറുകിട വായ്പകൾ നൽകുന്ന ബാങ്കു കളിൽനിന്ന് കർഷക വായ്പകൾ ഇല്ലാതാകും.

**3. 1955 – ലെ അവശ്യസാധന നിയമഭേദഗതി ബിൽ**

അവശ്യസാധന വില കൂടാതെ നിയന്ത്രിക്കാൻ നിലവിൽ സംസ്ഥാന സർക്കാരിനുള്ള അവകാശങ്ങൾ ഈ ഭേദഗതിവഴി ഇല്ലാതാകും കരാറുകാർ നിശ്ചയിക്കുന്ന വില കർഷകനു കെണിയാകും അതിൽ ഇടപെടാൻ നിയമം ഇല്ലാതാകുന്നത് സാമൂഹിക നീതിനിഷേധമാകുന്നു. വില കുറയ്ക്കുവാൻ സംവിധാനമില്ലാതാകും.

ചുരുക്കത്തിൽ കാർഷികമേഖല ചില കുത്തക മുതലാളിമാരുടെയും കോർപറേറ്റുകളുടെയും കൈപ്പിടിയി ലൊതുങ്ങുകയാകും കാണാൻ പോകുന്നത്.

---

NB: 24-09-2020-ൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# ദേശീയ വിദ്യാഭ്യാസനയത്തിൽനിന്ന് പുറത്താക്കപ്പെട്ടുകൊണ്ടിരിക്കുന്ന മതേതരത്വം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ച് വീണ്ടുമൊരു നിരീക്ഷണം കുറിക്കുകയാണിവിടെ. ഇന്ത്യയെക്കുറിച്ച് രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലുമുള്ള ആകർഷണം ഇവിടുത്തെ ഭരണഘടനാധിഷ്ഠിതമായ മതേതരത്വം (Constitutional Secularism) ആണ്. പുതിയ വിദ്യാഭ്യാസനയം ഭാരതകേന്ദ്രിതമായ വിപുലമായ അഴിച്ചുപണികളോടുകൂടിയ പദ്ധതികൾ കൊണ്ടുവരുകയാണ്. ഭരണഘടനയുടെ preamble-ൽ ഊന്നിപ്പറഞ്ഞിരിക്കുന്ന സെക്കുലറിസം അതിസമ്പന്നമായ ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. ഭരണഘടനാധിഷ്ഠിതമായ മതേതരത്വത്തെ വേണ്ടരീതിയിൽ പരിഗണിക്കാതെ ദേശീയനയങ്ങൾ കൊണ്ടുവരുമ്പോൾ അവിടെ സ്ഥാപിക്കപ്പെടുന്നത് വിഭാഗീയചിന്തകളോടുകൂടിയ ദേശീയവാദം അല്ലെങ്കിൽ വികാരം മാത്രമാണ്. ദേശീയത എന്നത് വർണ്ണപ്പകിട്ടാർന്ന ഒരു വാക്കാണ്. ഒരേസമയം ആകർഷണത്വം നിറഞ്ഞതും പ്രശ്നബന്ധിതവുമാണ്. അതിനെ രാജ്യസ്നേഹവുമായിട്ടു താരതമ്യം ചെയ്യാനാവില്ല. ദേശീയത എന്ന ബാനറിൽ പലപ്പോഴും ഇടുങ്ങിയ വർഗ്ഗീയ ദേശീയവാദമാണ് കാണുന്നത്. അതു തീവ്രവാദികളെയും മതഭ്രാന്തന്മാരെയും മർക്കടമുഷ്ടിക്കാരെയും സൃഷ്ടിക്കും.

## ഇന്ത്യയുടെ സെക്കുലർമുഖം നഷ്ടപ്പെടുന്നു

ഇന്ത്യൻ സെക്കുലറിസം എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ശ്രേഷ്ഠമായ ഒരു രാഷ്ട്രീയ ക്രമീകരണമാണ്. സ്റ്റേറ്റിന് പ്രത്യേകമായ ഒരു മതവുമില്ല, പക്ഷേ, എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നു. ന്യൂനപക്ഷസമുദായങ്ങൾക്കുള്ള ഏറ്റം വലിയ

അംഗീകാരംകൂടിയാണിത്. ഇന്ത്യൻ സെക്കുലറിസം വിശ്വ മാനവികതയാണ്. എല്ലാ മതങ്ങളെയും ഉൾക്കൊള്ളുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രാജ്യമെന്നതാണ് ഇന്ത്യയുടെ പ്രൗഢഭാവം. പുതിയ വിദ്യാഭ്യാസനയത്തിൽ ഈ സെക്കുലറിസത്തെ പുറത്താക്കുന്നതുപോലെയും ഒരു നവലിബറലിസം ഒളിഞ്ഞുകയറുന്നതുപോലെയും കാണാൻ കഴിയും. ഒപ്പം ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെയും ജനാധിപത്യസംവിധാനങ്ങളെയും ബലഹീനമാക്കുകയും ചെയ്യുന്നു. ന്യൂനപക്ഷങ്ങളെ അവഗണിക്കുകയും ഭൂരിപക്ഷമേൽക്കോയ്മ അടിക്കടി വ്യക്തമാക്കുകയും ചെയ്യുന്നു. ഇവിടെ ജനാധിപത്യമൂല്യങ്ങൾ ചോർന്നുപോവുകയും ധാർമ്മിക ഊന്നലുകൾ അവഗണിക്കുകയും വിദ്യാഭ്യാസമേഖല പങ്കിലമാക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യൻ സെക്കുലറിസത്തിന്റെ മഹത്ത്വം മനസ്സിലാക്കി കുട്ടികൾക്കു ബഹുത്വത്തിലെ ഐക്യവും വൈവിധ്യങ്ങളിലെ ഏകത്വവും ഗ്രഹിക്കാൻ കഴിയണം. വിവിധ ഘടകങ്ങൾ ചേർന്നുണ്ടായ ഭാരതത്തിന്റെ composite culture ബലഹീനമാക്കിയാൽ എല്ലാം നഷ്ടമായി. ഇന്ത്യയുടെ ഏറ്റം വലിയ പാരമ്പര്യം ജീവാത്മകമായ വൈവിധ്യമാണ്. രാജ്യത്തിന്റെ സെക്കുലർ ഫാബ്രിക് എന്ന് പറയുന്നത് അതാണ്.

**മതങ്ങളെ പ്രശ്നങ്ങളായി കാണരുത്**

ഒരു രാജ്യവും അവിടുത്തെ മതങ്ങളെ പ്രശ്നങ്ങളോ പ്രതിസന്ധികളോ അവഗണിക്കപ്പെടേണ്ട കാര്യങ്ങളായിട്ടോ കാണരുത്. രാഷ്ട്രനിർമ്മിതിയിൽ അസാധാരണ സാധ്യതകൾ സംവഹിക്കുന്നവയാണ് മതങ്ങൾ. സമൂഹത്തിനു ശക്തിപകരേണ്ടത് മതങ്ങളാണ്. രാജ്യത്തിന്റെ വളർച്ചയിലെ തിരുത്തൽശക്തിയായി നില്ക്കേണ്ടത് മതമൂല്യങ്ങളാണ്. മതങ്ങളോടു തിരിച്ചുവ്യത്യാസവും പാടില്ല. ഇന്ത്യൻ സെക്കുലറിസം മതനിഷേധമോ മതനിരാസ്സമോ മതഅവഗണനയോ മതതിരിച്ചുവ്യത്യാസമോ അല്ല. ഇതൊക്കെ കാലാന്തരത്തിൽ വന്നുകൂടിയ രോഗങ്ങളാണ്. ഇന്ത്യയ്ക്ക് ഔദ്യോഗികമതമില്ല; ആ അർത്ഥത്തിൽ മതാധിഷ്ഠിത രാഷ്ട്രവുമല്ല. പക്ഷേ, അനേകം മതങ്ങളോടുകൂടിയ ഒറ്റരാജ്യ

മാണ് ഇന്ത്യ, ഒറ്റ ശരീരമാണ്. മതവൈരാഗ്യം ഇന്ത്യയുടെ സ്വഭാവത്തിനു ചേർന്നതല്ല. ശരിയായ മതാത്മകമൂല്യങ്ങളുടെ സ്വാധീനം ഏറെ വിലപ്പെട്ടതത്രേ. കുലീനത്വവും മഹിമയുമുള്ള ഒരു ഭരണഘടനയാണ് നമ്മുടേത്. രാജ്യം തത്ത്വാധിഷ്ഠിതമായ ഒരു അകലം എല്ലാ മതങ്ങളോടും കാണിക്കുന്നു. ഇന്ത്യൻ സെക്കുലറിസം എന്നത് വിവിധമതപ്രബോധനങ്ങളിൽ ഏതാണ് സത്യം എന്നതിനെക്കുറിച്ചുള്ള വിലയിരുത്തലല്ല. വിവിധ മതങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിന്റെ തത്ത്വശാസ്ത്രമാണ് നമ്മുടെ ഭരണഘടന ഉൾക്കൊള്ളുന്നത്. വിഭാഗീയതയും വർഗ്ഗീയതയും കൊണ്ടുവരുന്ന അഴുക്കുകൾ കഴുകിക്കളയാനുള്ള detergent ആണ് കോൺസ്റ്റിറ്റ്യൂഷണൽ സെക്കുലറിസം.

**പാശ്ചാത്യ സെക്കുലറിസം**

പാശ്ചാത്യ സെക്കുലറിസം വളർന്നത് ക്രൈസ്തവമതങ്ങളോടുള്ള പ്രതിഷേധസ്വരമായിട്ടാണ്. ഇന്ത്യൻ സെക്കുലറിസം വിവിധ മതങ്ങളിലേക്കുള്ള തുറവിയാണ്. വ്യത്യസ്തമതങ്ങളെ പരിഗണനയിലെടുക്കുന്ന ഒരു രാഷ്ട്രീയക്രമീകരണമാണിത്. എന്നാൽ, പാശ്ചാത്യ സെക്കുലറിസത്തെ അനുകരിച്ച് ഇന്ത്യയിലും ഒരു 'ക്രിസ്ത്യൻ ഫോബിയ' വളർന്നുവരുന്നുണ്ട്. ഏറെ സങ്കടകരമായ ഒരു കാര്യമാണിത്. വാസ്തവത്തിൽ ഇപ്പോഴത്തെ യുദ്ധം മതങ്ങളും സെക്കുലറിസവും തമ്മിലല്ല, പ്രത്യുത മതങ്ങളും വർഗ്ഗീയതയും തമ്മിലാണ്. ദൈവത്തെ പുറത്താക്കുക എന്ന ഒരു ചിന്ത യൂറോപ്യൻ സെക്കുലറിസത്തിന്റെ ഒരു പ്രധാന പ്രമേയമായിട്ടുവന്നു. സെക്കുലറിസ്റ്റുകളുടെ ഭാഗത്തുനിന്ന് മതമേ വേണ്ട എന്ന ശൈലിയിൽ എത്തുമ്പോൾ അതും തീവ്രവാദമാകും. നമുക്കുവേണ്ടത് പോസിറ്റീവ് സെക്കുലറിസമാണ്. മൂല്യാധിഷ്ഠിതമായ ജനാധിപത്യത്തിനും ആദരണീയമായ സെക്കുലറിസത്തിനും മതങ്ങളുമായുള്ള സംവാദം അനിവാര്യമത്രേ. ഫ്രഞ്ച് പ്രസിഡന്റായിരുന്ന സാർക്കോസിയുടെ വാക്കുകളാണിത്. മതങ്ങളെ ശ്രവിക്കാത്ത ജനാധിപത്യം പൊള്ളയായ ആശയങ്ങളിൽ മാത്രമായിരിക്കും വേരൂന്നുന്നത്. യൂറോപ്യൻ സെക്കുലറിസത്തിലേക്ക് ഇന്ത്യൻ സെക്കുലറിസം വീണുപോക

രുത്. കാരണം, പാശ്ചാത്യ സെക്കുലറിസം പൊതുവിൽ നിഷേധാത്മക സെക്കുലറിസമാണ്. വ്യക്തിപൂജകൾക്കും ഏകാധിപത്യപ്രവണതകൾക്കും അവിടെ വലിയ സ്ഥാനമുണ്ട്. സ്റ്റാലിനും ഹിറ്റ്ലറുമൊക്കെ അതിൽപ്പെടും. പ്രസിദ്ധ ചിന്തകനായ ചാൾസ് ടെയ്‌ലർ പറഞ്ഞു: "അമേരിക്കയ്ക്കും ഫ്രാൻസിനും പുറത്തു ജീവിക്കുന്നവർ സെക്കുലറിസത്തിന്റെ ഒരു മാതൃക അന്വേഷിക്കുകയാണെങ്കിൽ അവർക്കു ഞാൻ നല്കുന്ന ഉത്തരം അമേരിക്കയിലേക്കും ഫ്രാൻസിലേക്കും നോക്കാതെ ഇന്ത്യയിലേക്കു നോക്കുക എന്നതായിരിക്കും." സ്വതന്ത്ര ഇന്ത്യയുടെ ആദ്യകാല നേതാക്കന്മാരെല്ലാം ഇന്ത്യൻ സെക്കുലറിസത്തിന്റെ വക്താക്കളായിരുന്നു. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷണൽ സെക്കുലറിസം എന്നത് മതങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ആരോഗ്യകരമായ അടുപ്പവും അകൽച്ചയും ഒരേ സമയം പാലിക്കുന്ന സംവിധാനം എന്നാണ്. രാഷ്ട്രീയസംവിധാനങ്ങളെ ആരോഗ്യകരമായ രീതിയിൽ സ്വാധീനിക്കാൻ മതങ്ങളെയല്ല മറിച്ച് മതമൂല്യങ്ങളെ അനുവദിക്കണം. എമരിത്തൂസ് പാപ്പായുടെ വാക്കുകൾ ഏറെ ശ്രദ്ധേയമത്രേ: "ക്രൈസ്തവവിശ്വാസം രാഷ്ട്രീയത്തിനു നൽകുന്ന ഏറ്റവും വലിയ സംഭാവന, അത് രാഷ്ട്രീയമിത്തുകളുടെ യുക്തിരാഹിത്യത്തിൽനിന്ന് മനുഷ്യനെ വിമോചിപ്പിക്കുന്നു എന്നതാണ്. സത്യത്തിന്റെയും യുക്തിയുടെയും സ്വരത്തിനു യുക്തിരാഹിത്യത്തിന്റെയൊപ്പം ഒച്ചപ്പാടുകൾ കാണില്ല എന്നുമാത്രം."

**ഇന്ത്യൻ സെക്കുലറിസം : സമാധാനപരമായ സഹവർത്തിത്വം**

ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷണൽ സെക്കുലറിസത്തിനു പകരമായി മറ്റൊന്നും നമുക്കു നൽകാനില്ല. ഒന്നിച്ചുജീവിക്കാൻ പഠിപ്പിക്കുന്ന സെക്കുലറിസമാണിത്. യഹൂദപണ്ഡിതനായ യോനാഥൻ സാക്സിന്റെ വാക്കുകൾ ശരംപോലെയാണ്: "യൂറോപ്പിൽ സെക്കുലറിസം ഉടലെടുത്തത് ജനങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടല്ല, ദൈവവിശ്വാസികൾക്കു സമാധാനപരമായി ഒന്നിച്ചു ജീവിക്കാൻ സാധിക്കുമെന്ന വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ്.'' ദൈവികനിയമങ്ങൾ തെറ്റിക്കുന്നവരുടെ എണ്ണം കൂടിവരുന്നതുപോലെതന്നെ പ്രകൃതിനി

യമങ്ങളും തെറ്റിക്കുന്നവരുടെ എണ്ണം കൂടുകയാണ്. സ്വവർഗ്ഗരതി, സ്വവർഗ്ഗവിവാഹം, ദയാവധം തുടങ്ങിയവ. ഇതിനെ സംസ്കാരമെന്നോ തീവ്രമതേതരത്വമെന്നുപോലുമോ വിളിക്കാനാകുമോ എന്നറിയില്ല. ഇന്ത്യയിൽനിന്നും മറ്റു പൗരസ്ത്യനാടുകളിൽനിന്നും യൂറോപ്പിലേക്കും അമേരിക്കയിലേക്കും വൻതോതിലുള്ള കുടിയേറ്റം നടക്കുന്ന ഈ നാളുകളിൽ ഭാഷാ-സാംസ്കാരിക വൈവിധ്യങ്ങൾ അവരും ഉൾക്കൊള്ളുവാൻ തയ്യാറായി വരുന്നു. വാസ്തവത്തിൽ ഇന്ത്യൻ സെക്കുലറിസത്തിനു പകരംവയ്ക്കാൻ മറ്റൊന്നുമില്ല. അതിനെ മാറ്റിപ്രതിഷ്ഠിക്കാൻ നടത്തുന്ന എല്ലാ പരിശ്രമങ്ങളും ഇന്ത്യയുടെ പൈതൃകത്തെ ഒറ്റിക്കൊടുക്കുന്നതിനു തുല്യമാണ്. ഓരോ ഭാഷയ്ക്കും സംസ്കാരത്തിനും എത്ര ചെറുതോ വലുതോ ആകട്ടെ, രാജ്യത്തെ വളർത്താൻ കഴിയും. ഭരണഘടന മതസ്വാതന്ത്ര്യവും (Articles 25-28) സാംസ്കാരിക-വിദ്യാഭ്യാസ അവകാശവും (Articles 29,30) നൽകിയിരിക്കുന്നത് ഇക്കാരണത്താലാണ്. ഏതു രാജ്യത്തിനും വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതും വൈവിധ്യത്താൽ സംരക്ഷിക്കപ്പെടുന്നതുമായ ഐക്യമാണു വേണ്ടത്. വിശ്വാസവും ഭാഷയും വിദ്യാഭ്യാസാവകാശവും കളയരുതെന്നത് ഇടുങ്ങിയ ചിന്താഗതിയല്ല. ന്യൂനപക്ഷങ്ങൾതന്നെ ഇതു മനസ്സിലാക്കണം. ന്യൂനപക്ഷങ്ങളാണ് എന്നതിന്റെ പേരിൽ സ്റ്റേറ്റ് തിരിച്ചു വ്യത്യാസം കാണിക്കാനും പാടില്ല എന്നത് സുവ്യക്തമാണ്.

നാനാത്വത്തിൽ ഏകത്വം (Unity in Diversity) ഇന്ത്യയുടെ പ്രഖ്യാപിതനയവും ജനാധ്യപത്യ ഇന്ത്യയുടെ ആത്മാവുമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളായ ഇന്ത്യയും അമേരിക്കയും ഈ തത്ത്വം നിലനിർത്തിയാണ് ജനസേവനം നടത്തുന്നത്. വ്യത്യസ്തങ്ങളായ മതങ്ങൾ, വ്യത്യസ്തങ്ങളായ ഭാഷകൾ, വ്യത്യസ്തങ്ങളായ വർഗ്ഗങ്ങൾ, വ്യത്യസ്തങ്ങളായ ഭൂപ്രദേശങ്ങൾ, വ്യത്യസ്ത നിറങ്ങളിലുള്ള മനുഷ്യർ ഇവയെല്ലാം കോർത്തിണക്കി 70 വർഷം പിന്നിട്ട ഇന്ത്യയ്ക്ക് ലോകരാഷ്ട്രങ്ങൾക്കിടയിൽ അഴകും ശോഭയും നല്കുന്നത് ഈ സെക്കുലർ വീക്ഷണമാണ്. ഇന്നുവരെ ഈ രാജ്യത്ത് ഈ വ്യത്യ

സ്തതകളുടെ പേരിൽ ഒരു ആഭ്യന്തരകലാപമോ, യുദ്ധമോ നേരി ടേണ്ടി വന്നിട്ടില്ല. അവ ഭരണഘടനയുടെ പുണ്യങ്ങളായി കാത്തു സൂക്ഷിക്കാൻ ജനാധിപത്യ ഭരണക്രമത്തിൽ വ്യത്യസ്ത രാഷ്ട്രീയ വീക്ഷണമുള്ള ഭരണാധികാരികൾക്കു കഴിഞ്ഞു. ഇന്നും ആ വീക്ഷണത്തിന് വ്യത്യസ്തത വന്നിട്ടില്ല. എങ്കിൽ പിന്നെ എന്തിനാണ് മറ്റൊരു ലോകരാജ്യത്തിനും അവകാശപ്പെ ടാനാവാത്ത സെക്കുലറിസത്തെ തള്ളിപറയുന്നവിധം ചിലർ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്? ഈ കാലമത്രയും കാത്തു സൂക്ഷിച്ച സുകൃത സദൃശ്യമായ മതേതരത്വമെന്ന യാഥാർത്ഥ്യ ത്തെ ഒഴുക്കിക്കളഞ്ഞാൽ ഭാരതത്തിലെ ഏതുനദിയും മലിനമാ കും. ഒന്നോർക്കണം ഭരണഘടനയുടെ ദുർബലമായ ഒരു കണ്ണി യല്ല സെക്കുലറിസം. ഏറ്റവും ശക്തമായ കണ്ണിയാണ് മതേതര ത്വം.

പുതിയ വിദ്യാഭ്യാസനയത്തിൽ ഏറ്റവും പ്രധാനമായ ഒരു ലക്ഷ്യം "ഏക് ഭാരത് ശ്രേഷ്ഠ ഭാരത്" എന്നതാണ്. വാക്കുകൾക്ക് ഭംഗിയുണ്ട്. പക്ഷേ, അതിനുള്ളിൽ തിങ്ങിനിറഞ്ഞിരിക്കുന്ന അജണ്ട ഭാരതത്തിന്റെ "നാനാത്വത്തിൽ ഏകത്വം" ഇല്ലാതാക്ക ലാണെന്ന് ആർക്കും മനസ്സിലാകും. ഇന്ത്യൻ ജനാധിപത്യത്തിന്റെ അനേകം നന്മകൾ ചിലരുടെ രാഷ്ട്രീയ അന്ധമായ ഇടപെടലു കളിലൂടെ നഷ്ടപ്പെട്ടുകഴിഞ്ഞു. ഇന്ത്യയുടെ പ്രാദേശിക സൗന്ദര്യം, ഭാഷകളുടെ മാസ്മരികത, വസ്ത്രധാരണത്തിന്റെ വൈവിധ്യം, നിറത്തിന്റെ അഴക്, വ്യത്യസ്ത മതങ്ങളുടെ ദൈവി കത ഇവയെല്ലാം നശിപ്പിച്ച് പുതിയ വിദ്യാഭ്യാസനയത്തിലൂടെ ഒരു "ഏക് ഭാരത് ശ്രേഷ്ഠ ഭാരത്" ഈ രാജ്യത്ത് സ്ഥാപിക്കാൻ ശ്രമിക്കുന്നതിലെ തന്നിഷ്ടങ്ങൾ ഭാരതത്തിന്റെ ആത്മാവിനെ വധിക്കലാണ്.

ദേശീയ വിദ്യാഭ്യാസനയം ഉണ്ടാക്കിയേക്കാവുന്ന തകിടംമറിച്ചലുകളെക്കുറിച്ച് നാം മറക്കരുത്. താളംതെറ്റിപ്പോകുന്ന ജനാധിപത്യരീതികൾ, തള്ളിക്കളയപ്പെട്ടുകൊണ്ടിരിക്കുന്ന സെക്കു ലറിസം, വിഘടിതസ്വഭാവത്തോടുകൂടിയ ദേശീയത, വിപണിസ്വഭാവത്തോടുകൂടിയ വിദ്യാഭ്യാസസമീപനങ്ങൾ, ചർച്ച

ചെയ്യപ്പെടാതെപോകുന്ന ന്യൂനപക്ഷാവകാശങ്ങൾ, ദേശീയത എന്നത് ഹിന്ദുദേശീയതയാക്കാനുള്ള വ്യഗ്രതകൾ, അമിതസഹായങ്ങളിലൂടെ സ്വത്വബോധം നഷ്ടപ്പെട്ടേക്കാവുന്ന ആനുകൂല്യ വിഭാഗക്കാർ, സ്ഥാപനവത്കൃതവിദ്യാഭ്യാസത്തെ കൂടുതൽ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്ന പ്രവണതകൾ, വൈദേശിക സാങ്കേതികതയോടുള്ള പ്രേമം, ഭാവിയിൽ സ്ഥിരാധ്യാപകർ ഇല്ലാതാകാനുള്ള സാധ്യതകൾ (ടെനുവർ ട്രാക്ക് സംവിധാനം), അവരെ വിദ്യാഭ്യാസ 'സ്പെയർ പാർട്ട്സ്' ആക്കിമാറ്റുന്ന അപകടം, അയഞ്ഞ വിദ്യാഭ്യാസശൈലികൾ, മാധ്യമങ്ങളെ ഇണക്കിനിർത്തൽ, ജുഡീഷ്യറിയെ മയക്കിനിർത്തൽ, ന്യൂനപക്ഷ അവഗണന തുടങ്ങി ഒട്ടനവധി പ്രതിസന്ധികളിലേക്ക് ഈ പുതിയ ദേശീയ വിദ്യാഭ്യാസനയം എത്തിച്ചേക്കാം. സുപ്രീംകോടതി 1992-ൽ വ്യക്തമാക്കി: "വിദ്യാഭ്യാസം കച്ചവടമല്ല; പൊതുഗുണത്തിനുള്ളതാണ്".

---

NB: 27-08-2020-ൽ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.

ലേഖനം

# റബർക്കർഷകരെ സംരക്ഷിക്കണം

**ബിഷപ് ജേക്കബ് മുരിക്കൻ**

റബർ വിലയിടിവ് മൂലം അതിജീവനത്തിനായി ക്ലേശിക്കുന്ന റബർ കർഷകരുടെ രോദനങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ക്രിയാത്മകമായ നടപടികൾ ഉത്തരവാദിത്തപ്പെട്ട കേന്ദ്രങ്ങളിൽനിന്നുമുണ്ടാകുന്നില്ലെന്നത് വളരെയധികം വേദനാജനകമായ സ്ഥിതിവിശേഷം ആണ്. അതിനിടയിലാണ് റബർ ആക്ട് റദ്ദാക്കുവാനും റബർ ബോർഡ് നിർത്തലാക്കാനുമുള്ള ആലോചനകൾ നടക്കുന്നുവെന്നുള്ള റിപ്പോർട്ടുകൾ പുറത്തുവരുന്നത്. റബ്ബർ മേഖലയെ അനാഥത്വത്തിലേക്ക് തള്ളിവിടാനുള്ള ആസൂത്രിതമായ നീക്കങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നു.

1947 ഏപ്രിൽ മാസം 18 ന് ആക്ട് നമ്പർ 24 പ്രകാരമാണ് റബർ ആക്ട് എന്ന പേരിൽ ജമ്മുവും കാശ്മീരും ഒഴികെയുള്ള ഇന്ത്യ മുഴുവൻ ബാധകമാക്കി റബർ ആക്ട് നിലവിൽ വന്നത്. തന്ത്രപ്രാധാന്യമുള്ള ശോഭനമായ വിപണനസാധ്യതകളുള്ള ഒരു തോട്ടവിള എന്ന നിലയിൽ റബർ ഉല്പാദനം വർദ്ധിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള സ്വാതന്ത്ര്യാനന്തര ഇന്ത്യ ഗവണ്മെന്റിന്റെ ഭാവാത്മകമായ ഒരു നടപടിയായിരുന്നു ഇത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സമ്പദ്‌വ്യവസ്ഥകൾ വളർച്ച പ്രാപിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ കാർഷികാസൂത്രണത്തിന്റെ ഭാഗമായുള്ള ഈ നടപടി കാർഷിക, വ്യവസായിക മേഖലകളുടെ വികാസം ത്വരിതപ്പെടുത്തുവാനുദ്ദേശിച്ചുള്ള ഉദ്യമത്തിന്റെ ഫലമായിരുന്നു. റബർ മേഖലയിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾ പരമാവധി ഉപയോഗപ്പെടുത്തുക, ഗവേഷണത്തിലൂടെ നൂതനമായ സാധ്യതകൾ ഈ മേഖലയിൽ തുറന്നെടുക്കുക, റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് കർഷകർക്ക് ആവശ്യമായ ശാസ്ത്രസാങ്കേതിക വിദഗ്ധ ഉപദേശങ്ങൾ നൽകുക, വിപണന

നിലവാരം ഉയർത്തുന്നതിൽ റബർ ഉൽപാദകരെ മികച്ച സംസ്കരണത്തിന് പ്രോത്സാഹിപ്പിക്കുക, റബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങളുടെ ആരംഭത്തിന് മാർഗനിർദ്ദേശം നൽകുക, കേന്ദ്ര ഗവൺമെന്റിന്റെ റബർ ഇറക്കുമതി നയം റബർ കർഷകർക്ക് അനുകൂലമായി രൂപപ്പെടുത്തുവാൻ സമ്മർദ്ദം ചെലുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ റബർ ആക്ടിൽ വിഭാവന ചെയ്ത സംവിധാനമായിരുന്നു റബർ ബോർഡ്.

റബർ ആക്ടിലൂടെ നിലവിൽ വന്ന റബർ ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി ഉൽപാദനത്തിൽ 1950- കളിലെ 20,000 ടൺ എന്നത് 2010 എത്തിയപ്പോൾ 10 ലക്ഷം ടൺ ആയി വർധിക്കുകയുണ്ടായി. എന്നാൽ തുടർന്നുള്ള പത്ത് വർഷങ്ങളിൽ നാലു ലക്ഷം ടൺ ഉൽപാദനം കുറഞ്ഞുവെന്നത് റബർ മേഖലയിലെ കനത്ത തിരിച്ചടി തന്നെയാണ്. ആർ. പി. എസ്സുകൾ വഴി റബർബോർഡ് ഈ മേഖലയിൽ സജീവവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾ നടത്തി എന്നതും വാസ്തവമാണ്.

എന്നാൽ ഇന്ന് സാഹചര്യങ്ങൾ ഏറെ മാറിയിരിക്കുന്നതുകൊണ്ട് 1947ലെ റബർ ആക്ട് കാലോചിതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമായ ആവശ്യമാണ്. ആഗോളീകരണത്തിന്റെയും ആഗോള വാണിജ്യകരാറുകളുടെയും ഫലമായി വ്യത്യസ്ത സ്ഥിതിവിശേഷമാണുള്ളത്. പഞ്ചവത്സര പദ്ധതികളുടെ സ്ഥാനത്ത് 'നീതി അയോഗ്' വന്നിരിക്കുന്നതും ഘടനാപരമായ മാറ്റം തന്നെയാണ്. കൂടാതെ റബർ ബോർഡ് ജീവനക്കാരുടെ അതി ബാഹുല്യം നിമിത്തം ഗവൺമെന്റിന് ബോർഡിലൂടെ വൻ ബാധ്യത ഉണ്ടാകുന്നുവെന്ന് വിമർശനവും ഉയരുന്നു. മാത്രമല്ല കഴിഞ്ഞ പത്തു വർഷങ്ങളിൽ റബർ വിലയിടിവിനെ നേരിടുന്നതിൽ കാര്യമായ ഇടപെടീൽ നടത്തുവാൻ ബോർഡിന് കഴിയാതെ വന്നത് കാലോചിതമായ പരിഷ്കാരം റബർ ബോർഡിനും ആവശ്യമാണ് എന്ന വിലയിരുത്തലിന് ബലം നൽകുന്നു.

റബർ ആക്ട് പരിഷ്കരിക്കുകയും റബർബോർഡ് കാലോചിതമായി പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതിനു

മുൻപ് വ്യക്തവും സമഗ്രവുമായ പഠനം റബർ മേഖലയിൽ നടത്തണം. റബർ മേഖലയുമായി ബന്ധപ്പെടുന്ന എല്ലാവരുടെയും വിദഗ്ധ പ്രതിനിധികൾ ഉൾപ്പെട്ട കർഷകർക്ക് പ്രാമുഖ്യമുള്ള ശാസ്ത്രീയമായ പഠനം ഇവിടെ നടക്കണം. വ്യക്തമായതും ഏറ്റവും താഴെ തട്ടിലുള്ളവരെയും ഉൾക്കൊള്ളുന്ന വിപുലമായ ആശയ രൂപീകരണത്തിന്റെയും ഭാവാത്മകമായ ഗൃഹപാഠത്തിന്റെയും ഫലമായിട്ടാവണം റബർ ആക്ട് പരിഷ്കരിക്കേണ്ടതും, റബർ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതും.

ഇന്ന് കേരളത്തിലെ 12 ലക്ഷം റബർ കർഷകരുടെ സ്ഥിതി പരമ ദയനീയമാണ്. ഉപജീവനത്തിനു വഴിയില്ലാതെ നെട്ടോട്ടമോടേണ്ട സ്ഥിതിയാണ് അവർക്ക് വന്നുഭവിച്ചിരിക്കുന്നത്. കേരള ഗവൺമെൻറ് പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ടുമായി ബന്ധപ്പെട്ട സബ്സിഡി വിതരണം കഴിഞ്ഞ 6 മാസത്തിലധികമായി മുടങ്ങിക്കിടക്കുകയാണ്. 2017 റബർ ബോർഡ് നടത്തിയ പഠനത്തിൽ ഒരു കിലോ റബർ ഉൽപാദിപ്പിക്കുമ്പോൾ കർഷകന് 172 രൂപ ഉല്പാദനച്ചെലവ് വേണ്ടിവരുന്നു. റബറിന് 150 രൂപ ലഭിക്കത്തക്കവിധമുള്ള ക്രമീകരണമാണ് ഇപ്പോൾ ചെയ്തിരുന്നത്. എന്നാൽ റബർ വില 125 രൂപയിൽ താഴെ വന്നതും സബ്സിഡി മുടങ്ങിയതും കർഷകരെ ഗുരുതര പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

കൊറോണ വ്യാപനം മൂലം വ്യവസായ സംരംഭങ്ങളിൽ നല്ലൊരു ഭാഗവും ഉൽപാദനം 50% കുറച്ചതോടെ അസംസ്കൃത റബറിന്റെ ആവശ്യത്തിന് വീണ്ടും ഇടിവ് ഉണ്ടായിരിക്കുന്നു. ഈ നില തുടർന്നാൽ വരും ആഴ്ചകളിൽ റബർ വിപണി കൂടുതൽ മോശമാകുമെന്നതാണ് വ്യാപാരികളുടെ നിരീക്ഷണം. ചെറുകിട കച്ചവടക്കാർക്ക് ഒട്ടുപാൽ പോലും വാങ്ങാനാവാത്ത സ്ഥിതിയാണുള്ളത്. വിവിധ കർഷക സഹകരണ സംഘങ്ങൾ സംഭരിച്ചിരിക്കുന്ന ഷീറ്റും ഒട്ടുപാലും വിൽക്കാനാവാതെ കെട്ടിക്കിടക്കുന്നു. മലയോര പ്രദേശങ്ങളിലെ കാർഷിക സംഘങ്ങളിലും ടൺ കണക്കിന് റബർ കെട്ടികിടക്കുന്നു. സാധാരണ മൺസൂൺ കാലം ആരംഭിക്കുന്നതോടെ സ്വാഭാവിക

റബർ ഉൽപാദനം കുറയുമെന്നതിനാൽ വില വധിക്കുകയായിരുന്നു പതിവ്. എന്നാൽ ഈ വർഷം റബർഷീറ്റ്. ലാറ്റെക്സ് എന്നിവയ്ക്ക് ആവശ്യക്കാരില്ലാത്തതിനാൽ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നു. ചെറുകിട കർഷകർ ഷീറ്റ് രീതി ഉപേക്ഷിച്ച് കപ്പ്ലംമ്പ് (ഒട്ടുപാൽ) ആക്കുന്ന രീതി വളർത്തിയിരിക്കുന്നു. ചെലവും ജോലിഭാരവും കുറയും എന്നതാണ് കാരണം.

ഈ വർഷം മഴക്കാലം ആയിട്ടും റെയിൻ ഗാർഡ് ചെയ്യുവാൻ കർഷകർ വിമുഖത കാണിക്കുന്നു എന്നതാണ് മറ്റൊരു സ്ഥിതിവിശേഷം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് റെയിൻ ഗാർഡ് ചെയ്യുന്നത് ഈ വർഷം 30% കുറവായിരിക്കുന്നു. ചുരുക്കത്തിൽ ടാപ്പിങ് പോലും സാധിക്കാത്ത വിധത്തിൽ റബർ വിലയിടിവ് റബർകർഷകരെ കണ്ണീരിലാഴ്ത്തിയിരിക്കുന്നു.

റബർ മേഖലയിലെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം ഉണ്ടാവേണ്ടത് റബർ കർഷകരുടെ മാത്രമല്ല, കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ സുസ്ഥിതിക്കും ആവശ്യമാണ്. താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ ബന്ധപ്പെട്ടവരുടെ അടിയന്തര ശ്രദ്ധയിൽ വരേണ്ടതും പരിഗണിക്കേണ്ടതുമാണ്.

1. റബറിന് ഉൽപാദന ചെലവ് കണക്കിലെടുത്ത് അടിസ്ഥാന വില നിശ്ചയിക്കുക. അടിസ്ഥാന വിലയിൽ നിന്നും കുറവുണ്ടായാൽ അടിസ്ഥാനവില കർഷകർക്ക് ഉറപ്പാക്കാനുള്ള സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തുക. (നിലവിൽ നിശ്ചയിച്ചിരിക്കുന്ന 150 രൂപ അപര്യാപ്തമാണ്. ടി തുകപോലും കഴിഞ്ഞ ആറു മാസത്തിലധികമായി നൽകാനായിട്ടില്ല)

2. റബർ ഇറക്കുമതി നയത്തിൽ കർഷകരുടെ താൽപര്യത്തിന് മുൻഗണന ലഭ്യമാക്കുക. ആഭ്യന്തര റബർ മുഴുവൻ ഉപയോഗപ്പെടുത്തിയ ശേഷം മാത്രം വ്യവസായികൾക്ക് ഇറക്കുമതിക്കുള്ള അനുവാദം നൽകുക. കൃത്രിമ റബർ ഇറക്കുമതിയുടെ കാര്യത്തിലും ഈ തത്വം പാലിക്കുക

3. വ്യവസായ യൂണിറ്റുകൾ ഉൽപ്പാദനത്തിന് അന്തരീക്ഷത്തിലേക്ക് വമിപ്പിക്കുന്ന കാർബൺ ആഗീകരണം ചെയ്യുന്നതിൽ റബർ ഉൾപ്പെടെയുള്ള കാർഷിക മരങ്ങളും

ചെടികളും വഹിക്കുന്ന പങ്ക് ഗണ്യമാണ്. അതുകൊണ്ടുതന്നെ വ്യവസായ ഭീമൻമാരിൽനിന്നും സംഭരിക്കുന്ന 'കാർബൺ ഫണ്ടി'ന്റെ ഒരു വിഹിതം റബർ ഉൾപ്പെടെയുള്ള കർഷകർക്ക് ഗുണകരമാകുന്ന പദ്ധതികൾക്കായി വിനിയോഗിക്കണം

4. വിദേശരാജ്യങ്ങളിൽനിന്നും സ്വാഭാവിക റബർ ഇറക്കുമതി ചെയ്യുമ്പോൾ ആഭ്യന്തര വിലയേക്കാൾ പ്രസ്തുത രാജ്യങ്ങളിലെ റബർ വില കുറവാണെങ്കിൽ കൂടിയ ഇറക്കുമതി ചുങ്കത്തിലൂടെ കർഷകരെ സംരക്ഷിക്കുന്ന ഇറക്കുമതി നയം നടപ്പിലാക്കണം. ഇവിടെ വൻകിട വ്യവസായികളുടെ താല്പര്യ ങ്ങളെക്കാൾ കർഷകരുടെ അടിസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കപ്പെടണം

5. റബർ ഉപയോഗത്തിന്റെ ലാഭകരമായ സാധ്യതകൾ തുറന്ന് എടുക്കുന്നതിൽ ശ്രദ്ധിക്കുക. ഉദാ: റോഡ് റബറൈസേ ഷൻ. റബറൈസ്ഡ് റോഡുകൾക്ക് കൂടുതൽ കാലപ്പഴക്കവും മെയിന്റനൻസ് ചെലവു കുറവുമെന്ന് പരീക്ഷണങ്ങൾ തെളി യിച്ചിട്ടും ഈ സാധ്യത അവഗണിക്കപ്പെട്ടിരിക്കുന്നു. കൂടാതെ പ്രധാന റോഡുകളിൽ വ്യാപകമായിട്ടുള്ള കോൺക്രീറ്റ് ഡിവൈഡറുകൾക്കുപകരം റബറൈസ്ഡ് ഡിവൈഡറുകൾ പരീക്ഷിക്കുന്നതും സ്വാഗതാർഹമാണ്. റബർ മേഖലയിൽ മൂല്യ വർദ്ധിത ഉൽപന്നങ്ങൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടു ത്തുന്നതിന് കർഷക സംഘങ്ങൾക്ക് നിയമപരവും സാമ്പത്തിക വുമായ സൗകര്യങ്ങൾ നൽകുക.

6. റബർ മേഖലയിൽ ഇ-വ്യാപാരം ഏർപ്പെടുത്തുക. ഇടനിലക്കാർ ആവശ്യമില്ലാത്തതിനാൽ വിപണിയുടെ പരമാവധി വിഹിതം കർഷകരിലെത്തിക്കുവാൻ ഇ-വ്യാപാരം വഴി സാധി ക്കും. ഉയർന്ന ഗ്രേഡ് റബർ ഉല്പാദിപ്പിക്കുന്ന സംഘങ്ങൾക്കും, വ്യത്യസ്ത റബർ ഉൽപന്നങ്ങൾ തയ്യാറാക്കുന്നവർക്കും വിദൂര വിപണികളിൽ മെച്ചപ്പെട്ട അവസരങ്ങൾ ഇ-വ്യാപാരം വഴി നേടാനാകും.

7. റബർ ബോർഡിന് കീഴിലുള്ള ആർ. പി. എസ്സ്കളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുവാനാവശ്യമായ കാര്യ ക്ഷമമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

8. ആഗോള വാണിജ്യ കരാറുകളെ സംബന്ധിച്ച് ഒരു പുനർവിചിന്തനം നടത്തുക. ഈ കരാറുകൾ രാജ്യത്തിന് സാമ്പത്തികമായി എന്ത് നേട്ടം ഉണ്ടാക്കി എന്നത് പഠന വിഷയമാക്കണം. ഈ കരാറുകൾക്ക്മുമ്പ് കർഷകർക്ക് ലഭിച്ചിരുന്ന വിലയും നിലവിലെ വിലക്കയറ്റ സൂചികയും കണക്കിലെടുത്ത് ന്യായവില റബർ ഉൾപ്പെടെയുള്ള കാർഷിക ഉൽപന്നങ്ങൾക്ക് ലഭ്യമാക്കുക.

9. റബർ ബോർഡിലും അനുബന്ധ ഓഫീസുകളിലുമുള്ള വൻ സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ ഐ.റ്റി. സംവിധാനം ഏർപ്പെടുത്തി കാലോചിതമാക്കുക.

10. റബർ നയത്തിലെ കർഷകവിരുദ്ധത മൂലമാണ് റബർ വിലയിടിവ് ഉണ്ടായിരിക്കുന്നത്. റബർ കൃഷി ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നത് ഇപ്പോൾ പകരം മറ്റൊന്ന് ഫലപ്രദമായി ഇല്ലാത്തതിനാൽ ഗുണകരമല്ല. കേരളത്തിലെ മലയോര മേഖലകളിൽ ഏറ്റവും ഫലപ്രദമായ തോട്ടവിള തന്നെയാണ് ഇപ്പോഴും റബർ.

---

NB: 2020 ആഗസ്റ്റ് 5-ാം തീയതി ബുധനാഴ്ച ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം.




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി ആരാധനയും ജപമാലയും**

മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെ തീയതികളിൽ ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ ആരാധനയും ജപമാലയും നടത്തി.

**2. സന്ദേശം പ്രക്ഷേപണം ചെയ്തു.**

മാതാവിന്റെ ജനനത്തിരുനാളിൽ ഫാ. ജോർജ് പഴേപറമ്പിൽ ഓൺലൈനായി സന്ദേശം നൽകി.

**3. ശനിയാഴ്ചകളിൽ വൈകുന്നേരത്തെ വി. കുർബാനയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയവർ**

5/9/2020 വി. കുർബാന, ആരാധന : ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ

12/9/2020 വി. കുർബാന – ഫാ. മാത്യു മതിലകത്ത്, ആരാധന – ഡി.എസ്.റ്റി. സിസ്റ്റേഴ്സ്, ഭരണങ്ങാനം.

19/9/2020 വി. കുർബാന – ഫാ. ജോസ് വള്ളോംപുരയിടത്തിൽ, ആരാധന – സി. ജോൺസി & സി. വിമല– എഫ്.സി.സി. കാക്കോളി. (ഭരണങ്ങാനം)

**4. രാത്രി ആരാധന (26/9/2020)**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. റവ. ഫാ. തോമസ് കടുത്താനം ഒ.സി.ഡി. വചനസന്ദേശം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലനക്ലാസ്സുകൾ**

ഞായറാഴ്ചതോറുമുള്ള ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ പുരോഗമിക്കുന്നു. ഓരോ ക്ലാസ്സിലെയും പാഠപുസ്തകത്തിലെ ആദ്യത്തെ ആറ് അദ്ധ്യായങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ പൂർത്തിയായി.

**2. Sessional Examination**

ഓരോ ക്ലാസ്സിലെയും പാഠപുസ്തകത്തിലെ ആദ്യത്തെ നാല് അദ്ധ്യായങ്ങളെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ പൂർത്തിയായപ്പോൾ അവയെ അധികരിച്ച് രൂപത തലത്തിൽ Sessional Examination നടത്തി. അടുത്ത Sessional Examination നവംബർ 8 ഞായറാഴ്ച നടക്കും.

**3. പ്രാർത്ഥനാദിനം**

എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി സെപ്തംബർ 6 ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. പ്രത്യേകമായി ജപമാല ചൊല്ലിക്കൊണ്ടാണ് കുട്ടികൾ ഈ പ്രാർത്ഥനാദിനാചരണത്തിൽ പങ്കുചേർന്നത്.

**4. സ്കൂൾ മതബോധന-സന്മാർഗ്ഗശാസ്ത്ര പഠനരംഗം**

സ്കൂൾ തലത്തിലുള്ള ഓൺലൈൻ മതബോധന-സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകളും പുരോഗമിക്കുന്നു. പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിയുടെ പ്രത്യേക സഹകരണത്തോടെയാണ് ഈ ക്ലാസ്സുകൾ നല്കിവരുന്നത്.

**5. C T P റിസൾട്ട്**

2019-2020 അദ്ധ്യയനവർഷത്തിൽ Catechists' Training Programme ൽ പങ്കെടുത്ത 140 പേർ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റിന് അർഹരായി.

**6. തിരുബാലസഖ്യം സെമിനാർ**

തിരുബാലസഖ്യത്തിലെ അംഗങ്ങളായ കുട്ടികൾക്കായി 2020 ഒക്ടോബർ 4 ഞായറാഴ്ച സംഘടനയെക്കുറിച്ചും സംഘടനയുടെ ലക്ഷ്യത്തെക്കുറിച്ചും വിശദീകരിക്കുന്ന ഒരു ഓൺലൈൻ സെമിനാർ സംഘടിപ്പിക്കുന്നു. സൺഡേസ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളും ഓരോ സൺഡേസ്കൂളിലെയും തിരുബാലസഖ്യം ആനിമേറ്റർമാരുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.

**7. മിഷൻ സെമിനാർ**

മിഷൻലീഗ് അംഗങ്ങളായ കുട്ടികൾക്കായി 2020 ഒക്ടോബർ 4 ഞായറാഴ്ച ഒരു ഓൺലൈൻ മിഷൻ സെമിനാർ നടത്തുന്നു. ശ്രീ ബെന്നി മുത്തനാട്ട്, ഫാ. മാത്യു വളയംപള്ളിൽ എന്നിവരാണ് സെമിനാർ നയിക്കുന്നത്.

**8. Question Board Meeting**

2020 ഒക്ടോബർ 2 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് Question Board മീറ്റിംഗ് കൂടുന്നതാണ്.

**9. ബൈബിൾ ക്ലാസ്സ്**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഓൺലൈൻ ബൈബിൾ ക്ലാസ്സുകൾ എല്ലാ വിശ്വാസപരിശീലകർക്കുമായി നല്കുന്നു. പാലാ

രൂപത ബൈബിൾ അപ്പോസ്തലേറ്റുമായി സഹകരിച്ചാണ് ഈ ക്ലാസ്സുകൾ ക്രമീകരിക്കുന്നത്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. വി. മദർ തെരേസാ തിരുനാൾ - നെന്നൽ**

സെപ്തംബർ 20-ാം തീയതി നെന്നൽ ഇടവകദിനവും വി. മദർ തെരേസായുടെ തിരുനാളും ആഘോഷിച്ചു. ഒരുക്കങ്ങൾക്കുശേഷം 20-ാം തീയതി വൈകിട്ട് 6.00 മണിക്ക് ആഘോഷമായ പരി. കുർബാനയും തിരുശേഷിപ്പു കൊണ്ടുള്ള ആശീർവാദവും നടന്നു. ബഹു. കുര്യൻ പൊൻമലക്കുന്നേൽ അച്ചൻ തിരുക്കർമ്മങ്ങൾക്കും വചനപ്രഘോഷണത്തിനും നേതൃത്വം നൽകി. തുടർന്നു സ്നേഹവിരുന്നും നടന്നു.

**2. ബഹു. തെങ്ങുംപള്ളിയച്ചന്റെ നിര്യാണം.**

അദിലാബാദ് രൂപതയുടെ വികാരി ജനറാളും പാലാ മിഷന്റെ അഭ്യുദയകാംക്ഷിയുമായിരുന്ന ബഹു. തെങ്ങുംപള്ളിൽ അച്ചന്റെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. പാലാ മിഷൻ വൈദികരും സന്ന്യാസിനികളും ഭൗതികശരീരം സന്ദർശിച്ചു പ്രാർത്ഥനകൾ നടത്തുകയും അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിനുവേണ്ടി പ്രത്യേകം ദിവ്യബലികളും അർപ്പിക്കുകയുണ്ടായി.

**3. കോവിഡ് - 19 വ്യാപനം**

ജണ്ടവെങ്കിട്ടപൂർ സമൂഹത്തിലെ ഒരു സന്ന്യാസിനിക്ക് കോവിഡ് 19 സ്ഥിരീകരിച്ചതിനെത്തുടർന്ന് ഇടവകദൈവാലയത്തോടനുബന്ധിച്ചുള്ള പൊതുശുശ്രൂഷകളും പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തിവച്ചു.

**4. ഇടവക കൂട്ടായ്മകൾ പുനരാരംഭിച്ചു.**

പാലാ മിഷനിലെ ഇടവകകളിലെ കൂട്ടായ്മ സമ്മേളനങ്ങൾ, പ്രാർത്ഥന ശുശ്രൂഷകൾ എന്നിവ പുനരാരംഭിച്ചു. വന്ദ്യ സമർപ്പിത സഹോദരിമാരുടെയും ഉപദേശിമാരുടെയും സഹായത്തോടെ കൂടുതൽ ഭംഗിയായി ഇവ ഇപ്പോൾ എല്ലാ വാരാന്ത്യങ്ങളിലും നടന്നുവരുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. എട്ടുനോമ്പാചരണം**

a) ബാപ്പുനഗർ മദർ മേരി ഇടവകയും തൽത്തേജ് സെന്റ്മേരീസ് ഇടവകയും സംയുക്തമായി അഹമ്മദാബാദ് റീജണൽ ബിഷപ്സ് ഹൗസിൽ വച്ച് എട്ടുനോമ്പ് തിരുനാൾ ആചരിച്ചു. പ്രധാന തിരുനാൾദിവസമായ 8-ാം തീയതി

വൈകുന്നേരം 7.30 ന് റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആഘോഷമായ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. വികാരിമാരായ റവ. ഫാ. പോൾ പാറപ്ലാക്കൽ, റവ. ഫാ. ജെയിംസ് മടിക്കാങ്കൽ എന്നിവർ തിരുനാൾ തിരുക്കർമ്മങ്ങൾക്കു നേതൃത്വം നൽകി.

b) ആനന്ദ് ഇടവകയിൽ എട്ടു നോമ്പ് തിരുനാൾ ആചരിച്ചു. വൈകുന്നേരങ്ങളിൽ ജപമാലയും നൊവേനയും ഓൺലൈനായി നടത്തപ്പെട്ടു.

**2. വൈദികസമ്മേളനം**

a) ഗുജറാത്ത് റീജണിലെ വൈദികരുടെ സമ്മേളനം ഓൺലൈനായി നടത്തപ്പെട്ടു. പെരിയ ബഹു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലച്ചന്റ നേതൃത്വത്തിൽ നടന്ന പ്രസ്തുത സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷന്റെ virtual Pastoral visit (Familia 2020) മായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു.

b) അഹമ്മദാബാദ്- ബറോഡാ സോണുകളിലെ വൈദികർ 14/09/2020 ൽ വഗാഡിയായിൽ പെരിയ ബഹു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഒന്നിച്ചു ചേർന്ന് 1) ബഥാനിയാ മാതൃവേദി സംഗമം, 2) വിശ്വാസപരിശീലനം 3) വാർഷികധ്യാനം 4) Virtual Pastoral visit ന്റെ സമയക്രമം എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

3. ആനന്ദ്-കരംസാദ് ഇടവകയുടെ മുൻ വികാരിയായിരുന്ന റവ. ഫാ. സഖറിയാസ് തോട്ടുവേലിയുടെ 1-ാം ചരമവാർഷികം മണിനഗർ ദൈവാലയത്തിൽവച്ച് ആചരിച്ചു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ നേതൃത്വം നൽകി. അഹമ്മദാബാദ്- ബറോഡാ സോണുകളിലെ എല്ലാ വൈദികരും അല്മായ പ്രതിനിധികളും സന്നിഹിതരായിരുന്നു.

4. Covid 19 ബാധിച്ചു മരിച്ചവർക്ക് സഭാക്രമമനുസരിച്ചുള്ള മൃതസംസ്കാര ശുശ്രൂഷകൾ ഏറ്റം ആദരവുകളോടെ നൽകുവാൻ റീജണിലെ എല്ലാ വൈദികരും മുൻകൈയെടുക്കുന്നു. റവ. ഫാ. പോൾ പാറപ്ലാക്കൽ വിവിധ മൃതസംസ്കാര ശുശ്രൂഷകൾക്കു നേതൃത്വം കൊടുത്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**ഒക്ടോബർ 2020**

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) പതിനൊന്നാം ചരമവാർഷികാചരണം ദേശീയ, രൂപത സമിതികളുടെ സംയുക്താഭിമുഖ്യത്തിൽ ചെമ്മലമറ്റത്തുവച്ചു നടത്തി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് കുഞ്ഞേട്ടന്റെ കബറിടത്തിൽ ഒപ്പീസ് നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുനടത്തിയ അനുസ്മരണത്തിൽ ദേശീയ, രൂപത, മേഖല, ശാഖാ

ഭാരവാഹികളും കുഞ്ഞേട്ടന്റെ കുടുംബാംഗങ്ങളും പങ്കെടുത്തു. കുഞ്ഞേട്ടന്റെ ചരമവാർഷികത്തോടനുബന്ധിച്ച് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അനുസ്മരണപ്രഭാഷണം നടത്തി. ഇത് ചെറുപുഷ്പ മിഷൻലീഗി ന്റെയും വിശ്വാസപരിശീലനത്തിന്റെയും വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളി ലെത്തിച്ചു.

**അനുസ്മരണവും വെബിനാറും**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കുഞ്ഞേട്ടൻ അനുസ്മരണവും വെബിനാറും നടത്തി. തലശ്ശേരി അതിരൂപതാ ദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട് അനുസ്മരണപ്രഭാഷണം നടത്തി. 'പ്രേഷിത സ്മൃതി' എന്നപേരിൽ നടത്തിയ വെബിനാറിൽ ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ ക്ലാസ്സ് നയിച്ചു. പ്രസ്തുത വെബിനാറിൽ പാലാ രൂപത യിൽനിന്ന് 30 പേർ പങ്കെടുത്തു.

**അതിജീവനത്തിന് ഒരു ജപമാല**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ 'അതിജീവനത്തിന് ഒരു ജപമാല' എന്ന പ്രോഗ്രാമിനോടു ചേർന്ന് രൂപതയിലെ മിഷൻലീഗംഗങ്ങൾ സെപ്റ്റംബർ 6 ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. മാതാവിന്റെ ജനന ത്തിരുനാളിനൊരുക്കമായി പ്രത്യേകം ജപമാല ചൊല്ലിക്കൊണ്ടാണ് പ്രവർത്ത കർ പ്രാർത്ഥനയിൽ പങ്കുചേർന്നത്. സംസ്ഥാനതലത്തിൽ സെപ്റ്റംബർ 1 മുതൽ 8 വരെ വിവിധ രൂപതകളിലെ മിഷൻലീഗ് അംഗങ്ങൾ ഈ പ്രാർത്ഥനയിൽ പങ്കെ ടുത്തു.

**റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ അനുസ്മരണം**

രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥാപക ഡയറക്ടർ റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ, മുൻ രൂപത ഡയറക്ടർ റവ. ഫാ. അബ്രാഹം ഈറ്റ യ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണം നടത്തി. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന യോഗത്തിൽ രൂപത സെക്രട്ടേറിയറ്റ് അംഗങ്ങൾ സംബ ന്ധിച്ചു.

**ലേഖനമത്സരം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കു ഞ്ഞേട്ടൻ) എന്നിവരുടെ അനുസ്മരണത്തോടനുബന്ധിച്ച് ശാഖ, മേഖല, രൂപത തലങ്ങളിൽ ലേഖനമത്സരം നടത്തി. ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി നട ത്തിയ മത്സരത്തിൽ രൂപതതല വിജയികളായവർ:-

**ജൂനിയർ വിഭാഗം**

1. ജുവാൻ മരിയ ടോജോ, മുതുപ്ലാക്കൽ, മറ്റത്തിപ്പാറ ശാഖ (തുടങ്ങനാട് മേഖല)
2. അബിത തോമസ്, മുണ്ടയ്ക്കത്തറപ്പിൽ, വയലാ ശാഖ (കുറവിലങ്ങാട് മേഖല)

3. ജെലിറ്റ തെരേസ് ജോബി, മുണ്ടുവാലയിൽ, ചേർപ്പുങ്കൽ ശാഖ (ചേർപ്പുങ്കൽ മേഖല)

**സീനിയർ വിഭാഗം**

1. റോസ് മെറിൻ ജോജോ, വിലങ്ങുപാറയിൽ, കുറവിലങ്ങാട് ശാഖ (കുറവിലങ്ങാട് മേഖല)
2. അഡോൺ ടോമി, കരിക്കാട്ടിൽ, കടുത്തുരുത്തി ശാഖ (കടുത്തുരുത്തി മേഖല)
3. ലീനു കെ. ജോസ്, കാരുവേലിൽ, പ്ലാശനാൽ ശാഖ (ഭരണങ്ങാനം മേഖല)

വിജയികൾക്ക് അഭിനന്ദനങ്ങൾ!!

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**1. അനുദിനവിചിന്തനങ്ങൾ**

ഓഗസ്റ്റ് 15 മുതൽ സെപ്തംബർ 15 വരെ ക്രിസ്തീയഭക്തിഗാനങ്ങളോടുകൂടിയ അനുദിനവിചിന്തനങ്ങൾ സമൂഹമാധ്യമങ്ങൾവഴി അയച്ചുനല്കി.

**2. ഓൺലൈൻമത്സരങ്ങൾ**

'വചനാമൃതം' ഓൺലൈൻ മത്സരങ്ങൾ നടത്തി. 5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കും 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുമായി രണ്ടു വിഭാഗങ്ങളായാണ് മത്സരങ്ങൾ നടത്തിയത്.

**3. സമ്പൂർണ്ണ ബൈബിൾ പാരായണം**

സെപ്തംബർ 16 മുതൽ 'വചനവിരുന്ന്' എന്ന പേരിൽ 100 ദിവസത്തെ സമ്പൂർണ്ണ ബൈബിൾ പാരായണയജ്ഞം ആരംഭിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്തംബർ 28-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**ഫാ. ജോസഫ് തെരുവിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ഫൊറോനകളും ഇടവകകളും സന്ദർശിച്ചു.**

പാലാ രൂപത എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം 2020 രൂപത ഡയറക്ടറിയുമായി രൂപതയിലെ മുഴുവൻ ഫൊറോനകളും ഇടവകകളും സന്ദർശിച്ചു. രൂപത പ്രസിഡന്റ് ബിബിൻ ബെന്നി ചാമക്കാലായിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോന-യൂണിറ്റ് സമിതി അംഗങ്ങൾ തുടങ്ങിയവർ സഹകാരികളായി.

രൂപത സമിതി, രൂപതയിലെ എല്ലാ ഇടവകകളും സന്ന്യാസഭവനങ്ങളും സന്ദർശിക്കുകയും എല്ലാ യുവതീയുവാക്കളുടെയും ബാച്ച് വൈസ് ലിസ്റ്റ് രൂപപ്പെടുത്തുന്നതിനെക്കുറിച്ചും ഓരോ യുവാവിനും യുവതിക്കുംവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.

സെപ്റ്റംബർ 1-ാം തീയതി ചേർപ്പുങ്കൽ ഫൊറോന, സെപ്റ്റംബർ 2-ാം തീയതി അരുവിത്തുറ ഫൊറോന, സെപ്റ്റംബർ 3,5,11 തീയതികളിലായി പാലാ ഫൊറോനാ സെപ്റ്റംബർ 4-ാം തീയതി കോതനല്ലൂർ, മുട്ടുചിറ ഫൊറോനകൾ, സെപ്റ്റംബർ 17,24 തീയതികളിലായി തീക്കോയി ഫൊറോന, സെപ്റ്റംബർ 9-ാം തീയതി രാമപുരം ഫൊറോന, സെപ്റ്റംബർ 12-ാം തീയതി കടുത്തുരുത്തി ഫൊറോന, സെപ്റ്റംബർ 13-ാം തീയതി ഇലഞ്ഞി ഫൊറോന, സെപ്റ്റംബർ 14-ാം തീയതി മൂലമറ്റം ഫൊറോന, സെപ്റ്റംബർ 15-ാം തീയതി തുടങ്ങനാട് ഫൊറോന, സെപ്റ്റംബർ 19-ാം തീയതി കൂട്ടിക്കൽ ഫൊറോന, സെപ്റ്റംബർ 19,23 തീയതികളിലായി പൂഞ്ഞാർ ഫൊറോന, സെപ്റ്റംബർ 20-ാം തീയതി പ്രവിത്താനം ഫൊറോന, സെപ്റ്റംബർ 20,25 തീയതികളിലായി കടനാട് ഫൊറോന എന്നിങ്ങനെ രൂപതയിലെ എല്ലാ ഫൊറോനകളിലെയും ഇടവകകളും സന്ന്യാസഭവനങ്ങളും രൂപതാ സമിതി സന്ദർശിച്ച് എസ്.എം.വൈ.എം. രൂപത ഡയറക്ടറിയും ബാച്ച് വൈസ് ലിസ്റ്റിനുള്ള സാമ്പിൾ കോപ്പിയും നൽകി.

**2. കോവിഡ് മൃതസംസ്കാരശുശ്രൂഷകൾക്കു നേതൃത്വം - മൂഴൂർ, പൂഞ്ഞാർ.**

പാലാ സമരിറ്റൻ ഫോഴ്സിലെ ടീമംഗങ്ങൾ മൃതസംസ്കാരശുശ്രൂഷയ്ക്കായി നേടിയ ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സെപ്റ്റംബർ 1-ാം തീയതി മൂഴൂർ ഇടവകയിൽ കോവിഡ് മൃതസംസ്കാരശുശ്രൂഷയ്ക്കു നേതൃത്വം നൽകി. റവ. ഫാ. മാത്യു വെണ്ണായിപ്പള്ളിൽ മുഖ്യകാർമ്മികത്വം വഹിച്ച മൃതസംസ്കാരശുശ്രൂഷയിൽ റവ. ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ, എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ എന്നിവർ സഹകാർമ്മികരായി. എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ മൂങ്ങാമാക്കൽ, ചേർപ്പുങ്കൽ ഫൊറോന പ്രസിഡന്റ് ബ്രൗൺ ജെയിംസ്, ജിമ്മി ലിബർട്ടി, സോബി ഒരപ്പാങ്കൽ, ആന്റപ്പൻ പെരുമാനൂർ, സജി നാഗമറ്റം എന്നിവർ പങ്കെടുത്തു.

സെപ്റ്റംബർ 6-ാം തീയതി കോവിഡ് ബാധിച്ചു മരിച്ച പൂഞ്ഞാർ സ്വദേശിയുടെ മൃതദേഹം പാലാ സമരിറ്റൻ ഫോഴ്സിന്റെ നേതൃത്വത്തിൽ പാലാ നഗരസഭയുടെ ആത്മവിദ്യാലയം അതിതാപശ്മശാനത്തിൽ ശവദാഹം നടത്തുകയും തുടർന്ന് ഭൗതികാവശിഷ്ടങ്ങൾ പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് റവ. ഫാ. റോയി മലമാക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കരിക്കുകയും ചെയ്തു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, റവ. ഫാ. മാത്യു കടൂക്കുന്നേൽ, റവ. ഫാ. ഡെൻസൺ കൂറ്റാരപ്പള്ളിൽ എന്നിവർ സഹകാർമ്മികരായി. രൂപത പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, ജോജു മാടപ്പള്ളിൽ, അരുൺ കദളിക്കാട്ടിൽ, അജിത്ത് കാക്കല്ലിൽ, ജോബിൻ ജോർജ്, അശ്വിൻ ബാബു, ജീവനക്കാരായ പി.വി. സിബി, നരേന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു.

**3. Justice for M³ ക്യാമ്പയിൻ വിജയകരമായി തുടരുന്നു. (Bible + Prayer)**

പാക്കിസ്ഥാനിൽ ബലമായി തട്ടിക്കൊണ്ടുപോയി മതംമാറ്റി വിവാഹം കഴിപ്പിച്ച 14 വയസ്സുള്ള ക്രിസ്ത്യൻ പെൺകുട്ടി മരിയ ഷഹബാസിനു നീതി നിഷേധിച്ച കോടതിവിധിക്കെതിരേ ഐക്യരാഷ്ട്രസഭയും വത്തിക്കാനും ഇട പെടണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് വെബ്സൈറ്റ് ലോഞ്ച് ചെയ്തു ഉദ്ഘാടനം നിർവ്വഹിച്ച ക്യാമ്പയിൻ വിജയകരമായി തുടരുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോട് ഒരുക്കമായിട്ടുള്ള എട്ടു നോമ്പിന് യുവജനങ്ങൾ നോമ്പും ഉപവാസവുമെടുത്ത് പ്രാർത്ഥിക്കുകയും രൂപതയിലെ ബി യൂണിറ്റ് അംഗങ്ങൾ എട്ടുദിവസംകൊണ്ട് സമ്പൂർണ്ണ ബൈബിൾ എഴുതി പൂർത്തിയാക്കുകയും ചെയ്തു. വിവിധ യൂണിറ്റു കളിൽനിന്ന് ബൈബിൾ ഭാഗങ്ങൾ രൂപത ഓഫീസിൽ ഏല്പിച്ചു. എട്ടുനോമ്പിലെ ഓരോ ദിവസവും യുവതികൾ പ്രത്യേക നിയോഗങ്ങൾ അർപ്പിച്ചു പ്രാർത്ഥിക്കു കയും സന്ദേശങ്ങൾ ഓൺലൈൻ നവമാധ്യമങ്ങളിലൂടെ നൽകുകയും ചെയ്തു.

**4. കർഷകവർഷത്തിൽ യുവകർഷക പ്രോത്സാഹനം – റബർ ടാപ്പിങ് പരിശീ ലന ക്യാമ്പുകൾ – മൂന്നു ബാച്ചുകൾ വിജയകരമായി പൂർത്തിയാക്കി.**

പാലാ രൂപത 2020 കർഷകവർഷത്തോടനുബന്ധിച്ച് യുവജനങ്ങൾക്കായി റബർ ടാപ്പിംഗ് പരിശീലനത്തിൽ പത്തു പേരടങ്ങുന്ന ടീമുകൾക്ക് റബർ ബോർഡ് ഓഫീസിൽനിന്ന് വിദഗ്ദ്ധർ എത്തി പരിശീലനം നൽകിവരുന്നു. കോവിഡ് 19 പ്രോട്ടാക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് എട്ടു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാമാണ് നടത്തിവരുന്നത്.

സെപ്റ്റംബർ 3-ാം തീയതി ടാപ്പിങ് പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ബിഷപ്സ് ഹൗസിൽവച്ചു നിർവഹിച്ചു. എസ്.എം.വൈ.എം. പാലാ രൂപത ഡയ റക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ, ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, കോർഡി നേറ്റർ ജോഷ്വാ, ആൽവിൻ മോനിപ്പള്ളി, റബർ ബോർഡ് ഉദ്യോഗസ്ഥരായ ആൻസി, ഷാജു വി. പോൾ, വിനോബ് ബാബു, സുനിൽ പുതുപ്പള്ളി എന്നിവർ സന്നിഹിതരായിരുന്നു.

സെപ്റ്റംബർ 7-ാം തീയതി റബർ ടാപ്പിങിന്റെ രണ്ടാം ബാച്ചിന്റെ പരിശീ ലനം ആരംഭിച്ചു. ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ എസ്.എം.വൈ. എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ ഉദ്ഘാടനം ചെയ്തു. സെപ്റ്റം ബർ 17-ാം തീയതി പരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവർക്കും വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് തടത്തിൽ സർട്ടിഫിക്കറ്റുകൾ നൽകി.

സെപ്റ്റംബർ 8-ാം തീയതി മൂന്നാം ബാച്ച് റബർ ടാപ്പിംഗ് പരിശീലനം വയലാ സെന്റ് ജോർജ് പള്ളിയിൽ വച്ച് വികാരി റവ. ഫാ. ജോസ് തറപ്പേൽ ടാപ്പിങ് പരി ശീലനം ഉദ്ഘാടനം ചെയ്തു. എസ്എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, റബർ ബോർഡ് ഉദ്യോ ഗസ്ഥരായ ലാൽസി, സുനിൽ പുതുപ്പള്ളി, കോർഡിനേറ്റർ ജോഷ്വാ, റീജന്റ് ബ്രദർ

ജോർജ് ഞാറ്റുതൊട്ടിയിൽ എന്നിവർ സംബന്ധിച്ചു. സെപ്റ്റംബർ 30-ാം തീയതി പരിശീലനം പൂർത്തിയാക്കിയ മൂന്നാം ബാച്ചിലെ അംഗങ്ങളെ വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ സർട്ടിഫിക്കറ്റുകൾ നൽകി അനുമോദിച്ചു.

**5. ബേസ് അപ്രേം നസ്രാണി ദയറാ സന്ദർശിച്ചു.**

സെപ്റ്റംബർ 12-ാം തീയതി പാലാ രൂപതയുടെ കാഞ്ഞിരത്താനത്തുള്ള ബേസ് അപ്രേം നസ്രാണി ദയറാ രൂപത സമിതി സന്ദർശിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിയുമായി സംസാരിക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, രൂപത സമിതി അംഗങ്ങൾ, കടുത്തുരുത്തി ഫൊറോനയിലെ യൂണിറ്റംഗങ്ങൾ എന്നിവർ സന്ദർശനത്തിൽ പങ്കാളികളായി.

**6. സുറിയാനി കുർബാനപ്പുസ്തകം പ്രകാശനം ചെയ്തു.**

സെപ്റ്റംബർ 18-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ തയ്യാറാക്കിയ സുറിയാനി കുർബാന പുസ്തകം സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി വലിയ മെത്രാപ്പോലീത്താ പ്രകാശനകർമ്മം നിർവഹിച്ചു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളി എന്നിവർ സന്നിഹിതരായിരുന്നു. പ്രസ്തുത മീറ്റിംഗിൽ എസ്.എം.വൈ.എം. പ്രസിഡന്റ് ബിബിൻ, എക്സിക്യൂട്ടീവ് അംഗം കെവിൻ, വിവിധ യൂണിറ്റുകളിലെ അംഗങ്ങളായ ജോഷ്വാ, അൻവിൻ പാലാക്കാട്, മീഡിയ കൺട്രോളർ ആൽവിൻ മോനിപ്പള്ളി, നോബിൾ ഏഴാച്ചേരി തുടങ്ങിയവർ സംബന്ധിച്ചു. സുറിയാനി കുർബാന പുസ്തകം 100 രൂപാ നിരക്കിൽ എസ്.എം.വൈ.എം. ഓഫീസ്, സെന്റ് തോമസ് പ്രസ് എന്നിവിടങ്ങളിൽ ലഭ്യമാണ്.

**7. പരാതി നൽകി**

ക്രൈസ്തവ സന്ന്യാസിനിമാരെയും ക്രിസ്തുമതത്തെയും മതാചാര്യന്മാരെയും നവമാധ്യമങ്ങൾവഴി ആക്ഷേപിക്കുന്നതിനെതിരേ പത്തനംതിട്ട സ്വദേശി സാമുവൽ കൂടലിനെതിരെ എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ സെപ്തംബർ 11 ന് പാലാ പോലീസിൽ പരാതി നൽകി.

**8. ജന്മദിനാഘോഷം നടത്തി.**

ആഗസ്റ്റ് 31-ാം തീയതി രൂപത ഡെപ്യൂട്ടി പ്രസിഡന്റ് ഡിന്റോ ചെമ്പുളായിലിന്റെ ജന്മദിനം രൂപതാ സമിതി വീട്ടിലെത്തി ആഘോഷിച്ചു. എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ, ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ എന്നിവർ ആശംസകൾ നേർന്നു.

സെപ്റ്റംബർ 21-ാം തീയതി എസ്.എം.വൈ.എം. മീഡിയ കൺട്രോളർ ആൽവിൻ മോനിപ്പള്ളിയുടെ ജന്മദിനം രൂപത സമിതി വീട്ടിലെത്തി ആഘോഷിച്ചു. എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ മൂങ്ങാമാക്കൽ, മണലുങ്കൽ യൂണിറ്റ് അംഗം ജോഷ്വാ, മോനിപ്പള്ളി യൂണിറ്റംഗങ്ങളായ ടോനു, അലൻ എന്നിവർ സന്നിഹിതരായിരുന്നു.

**9. മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.**

സെപ്റ്റംബർ 16-ാം തീയതി അരുണാപുരം യൂണിറ്റംഗം അരുൺ ജി. പുള്ളിക്കാട്ടിന്റെ പിതാവിന്റെ നിര്യാണത്തിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ അനുശോചനമറിയിക്കുകയും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, ബ്രദർ ജോർജ് ഞാറ്റുതൊട്ടിയിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ മൂങ്ങാമാക്കൽ, പാലാ നസ്രാണി യൂത്ത് ഫോറം അംഗം അൻവിൻ പാലാക്കാട് എന്നിവർ സന്നിഹിതരായിരുന്നു.

സെപ്റ്റംബർ 16-ാം തീയതി കൂടല്ലൂർ ഇടവകയിൽ മുൻ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിലിന്റെ വല്ല്യപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പ്രസിഡന്റ് ബിബിൻ ബെന്നി ചാമക്കാലായിൽ, എക്സിക്യൂട്ടീവ് അംഗം കെവിൻ മൂങ്ങാമാക്കൽ എന്നിവർ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

**10. രക്തദാനം നടത്തി**

പാലാ രൂപത എസ്.എം.വൈ.എം. നടത്തുന്ന ബ്ലഡ് ഫോറം ജീവോത്സവം 2020 നോടനുബന്ധിച്ച് രക്തദാനം നടത്തി. സെപ്റ്റംബർ 24-ാം തീയതി അൽഫോൻസാഗിരി യൂണിറ്റംഗം ടോണി, കോട്ടയം ഭാരത് ഹോസ്പിറ്റലിൽ ചികിത്സയിലിരുന്ന രോഗിക്ക് രക്തം ദാനം ചെയ്തു.

**11. മാർ സ്ലീവാ മെഡിസിറ്റിയിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷകൾ കൊടുത്തു.**

മാർ സ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ ആശുപത്രിയിലേക്ക് ക്ലീനിങ് സ്റ്റാഫ്, സെക്യൂരിറ്റി, എഫ്.&ബി ഡിപ്പാർട്ടുമെന്റ്, ഇലക്ട്രിക്കൽ ആന്റ് മെയിന്റനൻസ്, അറ്റൻഡർ, ലോൺട്രി സെക്ഷനുകൾ ഡിപ്പാർട്ടുമെന്റുകളിലേക്ക് ഒഴിവു വരുന്നതനുസരിച്ച് ജോലികൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും അതു ആശുപത്രി അധികൃതരെ ഏല്പിച്ചു. ഇനിയും താത്പര്യമുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 8907449210, 9400612740.

**12. സമ്പൂർണ്ണ ബൈബിൾ കൈയ്യെഴുത്തുപ്രതിക്ക് ആശംസകൾ എഴുതി മാർ ജോർജ് ആലഞ്ചേരി വലിയമെത്രാപ്പോലീത്ത.**

Justice for $M^3$ ക്യാമ്പയിന്റെ ഭാഗമായി എട്ടു നോമ്പിനോടനുബന്ധിച്ച് എസ്.എം.വൈ.എം. ബി യൂണിറ്റ് അംഗങ്ങൾ എഴുതിയ സമ്പൂർണ്ണ ബൈബിളിന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേർന്ന യോഗത്തിൽ വച്ച് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി വലിയമെത്രാപ്പോലീത്താ ആശംസകൾ എഴുതി. സമ്പൂർണ്ണ ബൈബിൾ കൈയെഴുത്തുപ്രതി സീറോ മലബാർ സഭയുടെ മ്യൂസിയത്തിലേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുകയും ചെയ്തു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ലിറ്റർജി കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളി, രൂപതാ ഡയറക്ടർ, ഫാ. തോമസ് സിറിൽ തയ്യിൽ മറ്റ് രൂപത സമിതി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

## പ്രത്യേകം ശ്രദ്ധിക്കുക

**1.** എല്ലാ ഇടവകകളിലും എ, ബി യൂണിറ്റുകൾ ഉണ്ടെന്നും പൊതുമീറ്റിംഗും എക്സിക്യൂട്ടീവ് മീറ്റിംഗും ഉചിതമായ ആക്ടിവിറ്റീസുമുണ്ടെന്ന് ഉറപ്പാക്കുക. ഇതു സംബന്ധിച്ച് രൂപത ഡയറക്ടറിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതാത് സമയങ്ങളിൽ ഭാരവാഹികൾവഴി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**2. എസ്.എം.വൈ.എം. അംഗങ്ങൾക്ക് ഐ.ഡി. കാർഡ്**

ഈ വർഷത്തെ ഐ.ഡി. കാർഡുകൾ ഓഫീസിൽനിന്നു വാങ്ങിയെന്ന് ഭാരവാഹികൾ ഉറപ്പാക്കുക. ആവശ്യസമയത്ത് ഐ.ഡി. കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**3. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ളവർ ഉൾപ്പെടെ 15 മുതൽ 30 വയസ്സുവരെയുള്ള എല്ലാ യുവതീയുവാക്കളുടെയും വിവരങ്ങൾ ശേഖരിക്കുന്നു. ഓരോ ബാച്ചിനുമായി പ്രത്യേകം വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ ശേഖരിച്ച് കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. എല്ലാ യുവാക്കളെയും അതാത് ഗ്രൂപ്പുകളിൽ ചേർക്കുന്നത് സഭയുമായി ബന്ധത്തിലായിരിക്കാനും പരിശീലനത്തിനും നല്ലതാണ്. ഭാരവാഹിഗ്രൂപ്പുകൾവഴി ഫോമുകൾ നൽകിയിട്ടുണ്ട്.

* ഫൊറോന, ഇടവകതലങ്ങളിൽ ലേ–ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. യുവാക്കൾക്ക് 30 വയസ്സ് കഴിഞ്ഞ ആനിമേറ്ററെയും യുവതികൾക്ക് 30 വയസ്സുകഴിഞ്ഞ ലേഡി ആനിമേറ്ററെയും നിയമിക്കുന്നത് ഉചിതമാണ്. ആനിമേറ്റർ സിസ്റ്റേഴ്സിന്, യുവതികളുടെ ഉത്തരവാദിത്വം കൂടുതലായി നൽകുന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാ മഠങ്ങളിലും യുവതീയുവാക്കൾക്കായി പ്രാർത്ഥിക്കാൻ ബാച്ച്വൈസ് ലിസ്റ്റ് തയ്യാറാക്കി നല്കുമല്ലോ.

**4. 2020–ലെ ജന്മദിനാഘോഷങ്ങൾ (കർഷകവർഷം)**

ഈ വർഷത്തെ ജന്മദിനാഘോഷങ്ങൾ ഇപ്രകാരം ക്രമീകരിക്കാൻ ശ്രദ്ധിക്കുക: എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷത്തൈകൾ നടീക്കുക. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷത്തൈകൾ കൊടുത്തുവിടുകയെങ്കിലും വേണം. കാർഷികസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**5.** യൂണിറ്റുകളിൽ ആനുകാലികവിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയ്യാറാണ്.

**6. ഫെയ്ത്ത് ഫോർമേഷൻ ഫോളോഅപ് പ്രോഗ്രാം**

യുവാക്കൾക്കു വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭ, ബൈബിൾ, കൂദാശസംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവ

യാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സുമുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസ്സുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാം ശനിയാഴ്ചകളിൽ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm. (ലോക്ഡൗണിനുശേഷം തുടരുന്നതാണ്.)

**7. ബ്ലഡ് ഫോറം**

ബ്ലഡ് ഫോറം പുതുക്കിക്കൊണ്ടിരിക്കുന്നു. യുവാക്കളെ ചേരാൻ പ്രേരിപ്പിക്കുകയും ലിസ്റ്റ് എത്രയും വേഗം രൂപത ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഗൂഗിൾ ഫോം തയ്യാറായിരിക്കുന്നു. യുവാക്കളെ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കണം.

**8. അവയവദാനം**

രൂപത സമിതി നടത്തിയ അവയവദാനസമ്മതം യൂണിറ്റുകളിലേക്കു വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. സന്നദ്ധരായവർ രൂപത ഓഫീസുമായി ബന്ധപ്പെടുക.

**9. വിവിധ ഫോറങ്ങളുടെ രൂപീകരണം**

കൃഷി, ഉദ്യോഗം, വിവിധ രാജ്യങ്ങളിലുള്ള പ്രവാസം, പൗരാണികത്വം, വിദ്യാഭ്യാസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ ഫോറങ്ങൾ + വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. സാധിക്കുന്നതുപോലെ ഇക്കാര്യങ്ങൾ യുവജനങ്ങളെ അറിയിച്ച് ഇവയിൽ പങ്കാളികളാകാൻ ശ്രദ്ധയിൽപ്പെടുത്തുമല്ലോ.

**10. 2020 ഡയറക്ടറി (മിഷൻ ഇയർ കെ.സി.ബി.സി. + കർഷകവർഷം പാലാ രൂപത) രൂപത @ 70**

ഈ വർഷത്തെ കർമ്മരേഖ പ്രസിദ്ധീകരിച്ചു. ഓരോ ഇടവകയിലെയും വികാരിയച്ചൻ, കൊച്ചച്ചൻ, ആനിമേറ്റർ സിസ്റ്റേഴ്സ്, ലേ ആനിമേറ്റേഴ്സ്, പ്രസിഡന്റുമാർ തുടങ്ങിയവർക്ക് കോപ്പി ലഭിച്ചു എന്ന് ഉറപ്പാക്കുക. യൂണിറ്റ്-ഫൊറോനാ-രൂപത തല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖയിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**11. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന-സാമുദായിക-സാമൂഹികവിഷയങ്ങളും പരിഹാരങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപത ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. അവരവർക്കു സൗകര്യപ്രദമായ സമയം ക്രമീകരിക്കുമല്ലോ. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

**12. ഗവൺമെന്റ് ജോലി + ഉപരിപഠന സാധ്യതകൾ + ആനുകൂല്യങ്ങൾ**

വൈവിധ്യമാർന്ന ഉപരിപഠനസാധ്യതകൾ, തൊഴിൽ സാധ്യതകൾ, സാമൂ

ഹിതക്ഷേമപദ്ധതികൾ, ന്യൂനപക്ഷസ്കോളർഷിപ്പുകൾ എന്നിവ പ്രയോജനപ്പെടു ത്തുന്നതിനാവശ്യമായ പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ നിർമ്മിക്കു കയും ഷെയർ ചെയ്യുകയും ചെയ്തുവരുന്നു. യുവാക്കളെ ഇക്കാര്യങ്ങൾ പ്രത്യേകം അറിയിക്കുമല്ലോ.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

## ജീസസ് യൂത്ത്

**1. പോസ്റ്റർ പ്രകാശനം**

X മുതൽ XII വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന ബ്ലൂമിംഗ് റോസസ് പ്രോഗ്രാമിന്റെ പോസ്റ്റർ പ്രകാശനം ഓഗസ്റ്റ് 23-ന് എസ്. എച്ച്. മീഡിയാ സെന്ററിൽ ഫാ. കുര്യൻ മറ്റം ബിഷപ് മാർ ജേക്കബ് മുരിക്കനു നൽകി നിർവഹിച്ചു.

**2. കാമ്പസ് കോർഡിനേറ്റർമാരുടെ സമ്മേളനം**

പാലാ രൂപതയിലെ ജീസസ് യൂത്ത് കോർഡിനേറ്റർമാരുടെ സമ്മേളനം ഓഗസ്റ്റ് 23-നു നടത്തപ്പെട്ടു. സുബിൻ ലൂക്കോസ്, തോമസ്കുട്ടി ബേബി എന്നിവർ നേതൃത്വം നൽകി.

**3. പ്രാർത്ഥന സമ്മേളനം**

സോണൽ പ്രാർത്ഥന സമ്മേളനം ഓഗസ്റ്റ് 24-ന് നടന്നു. ആശിഷ് ജോസ് നേതൃത്വം നൽകി.

**4. അഖണ്ഡബൈബിൾ പാരായണം**

ഒരു മാരത്തോൺ ബൈബിൾ വായന ജീസസ് യൂത്ത് അംഗങ്ങൾക്കു വേണ്ടി ഓഗസ്റ്റ് 29 വൈകിട്ട് 5-ന് ആരംഭിച്ച് 30-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് സമാപിച്ചു. സി. ലിസറ്റ് എസ്.എ.ബി.എസ്. പ്രാർത്ഥനയോടെ ആരംഭിച്ചു. രാപ കൽ നടന്ന വായനയിൽ കാമ്പസ് ഗ്രൂപ്പുകളും ടീൻസ് ടീമുകളും പങ്കെടുത്തു. ഫാ. കുര്യൻ മറ്റം പ്രാരംഭവായന നടത്തി. ദീപ്തി ജയിംസ് നേതൃത്വം നല്കി.

**5. ഫമിലിയാ - 20**

6 ഞായറാഴ്ചകളിലായി നടന്നുവരുന്ന ഫമിലിയാ-20 എന്ന കുടുംബ നവീകരണധ്യാനത്തിന്റെ ഉദ്ഘാടനം ബിഷപ് മാർ ജേക്കബ് മുരിക്കൻ നിർവ്വ ഹിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. ഡോമനിക് വെച്ചൂർ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., അഡ്വ. ജോബി വട്ടക്കേരിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ബിലാസ് ജോസ്, മേഘാ ബിലാസ്, രാജൻ പീറ്റർ, മാത്യു എം. കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**6. ആരാധനശുശ്രൂഷ**

സെപ്റ്റംബർ 2-ന് ഓൺലൈനിൽ ലൈവായി ആരാധനശുശ്രൂഷ നട ത്തപ്പെട്ടു. അമ്പാറനിരപ്പേൽ പള്ളിയിലാണ് വി. കുർബാനയുടെ ആരാധന നട ത്തപ്പെട്ടത്.

**7. ഉപവാസദിനം**

ജീസസ് യൂത്ത് അംഗങ്ങൾ സെപ്റ്റംബർ 4 ന് ഉപവാസദിനമായി ആചരിച്ചു.

**8. യുവജന വെബിനാർ**

ലൈംഗികത, ശരീരവിശുദ്ധി എന്നീ വിഷയങ്ങളെപ്പറ്റി സെപ്റ്റംബർ 6-ന് വെബിനാർ നടത്തപ്പെട്ടു. സോണി പി. മാണി വെബിനാർ നയിച്ചു. ജോഗേഷ് ജോബി നേതൃത്വം നല്കി.

**9. ലീഡേഴ്സ് പരിശീലനം**

ബ്ലൂമിംഗ് റോസസ് - 20 യുടെ ഗ്രൂപ്പ് ലീഡേഴ്സ് ട്രെയിനിംഗ് സെപ്തംബർ 2 മുതൽ 6 വരെ നടത്തപ്പെട്ടു.

**10. സെമിനാർ ഉഴവൂർ കോളജ്**

ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ 'ജന്മം ഒരു പുണ്യം' എന്ന വിഷയത്തെക്കുറിച്ച് ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ സെമിനാർ നയിച്ചു. ഫാ. സെബാസ്റ്റ്യൻ ക്ലമന്റെ കുറ്റിവീട്ടിൽ ആരാധന നയിച്ചു.

**11. ബ്ലൂമിംഗ് റോസസ് - 20**

10 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്കുവേണ്ടിയുള്ള ബ്ലൂമിംഗ് റോസസ് 20 സെപ്റ്റംബർ 10,11,12,13 തീയതികളിൽ നടന്നു. 560 ലധികം കുട്ടികൾ പങ്കെടുത്ത നവീകരണധ്യാനത്തിൽ ബിഷപ് മാർ റാഫേൽ തട്ടിൽ, ഫാ. ഡേവിസ് ചിറമേൽ, ഫാ. കുര്യൻ മറ്റം, ശശി ഇമ്മാനുവൽ, ജിന്നു അലന്റ്, സിനിമ-കലാ സംവിധായകരായ അൽഫോൻസ് ജോസഫ്, ലിയോ തദേവൂസ്, ജോസഫ് നെല്ലിക്കൽ എന്നിവർ ക്ലാസുകളും പങ്കുവയ്ക്കലുകളും നടത്തി.

**12. അനുബന്ധ സെമിനാർ**

ബ്ലൂമിംഗ് റോസസ് 20 യുടെ തുടർപ്രോഗ്രാമായി നന്ദിപ്രകാശന ആരാധനയും ശുശ്രൂഷകളും സെപ്റ്റംബർ 19-ന് നടന്നു. ഫാ. കുര്യൻ മറ്റം, സിൻജോ പി. കുര്യൻ എന്നിവർ സംസാരിച്ചു. ഫാ. ജോസഫ് മുണ്ടയ്ക്കൽ, ആശിഷ് ജോസ് എന്നിവർ ആരാധന നയിച്ചു.

**13. പ്രോലൈഫ് സെമിനാർ**

ഭ്രൂണഹത്യ, ദയാവധം എന്നീ വിഷയങ്ങളെപ്പറ്റിയുള്ള പ്രോലൈഫ് വെബിനാർ സെപ്റ്റംബർ 20-ന് കെയ്റോസ് ടീമിന്റെ നേതൃത്വത്തിൽ നടന്നു. ഡോ. ഫിന്റോ ഫ്രാൻസിസ് ക്ലാസുകൾ നയിച്ചു. ക്ലിജോ കണിയാംപടി, വിവേക് റോയി എന്നിവർ നേതൃത്വം നൽകി.

**14. ആനിമേറ്റേഴ്സ് സെമിനാർ**

ജീസസ് യൂത്ത് ആനിമേറ്റേഴ്സിന്റെയും ടീച്ചേഴ്സിന്റെയും ഒരു സെമിനാർ സെപ്റ്റംബർ 27-ന് നടന്നു. ഫാ. കുര്യൻ മറ്റം, മാത്യു എം. കുര്യാക്കോസ്, ക്ലിജോ കണിയാംപടി എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

രൂപത കൗൺസിൽ യോഗം 19-9-2020 മൂന്നു മണിക്ക് ഓൺലൈൻ കോൺഫറൻസ് വഴി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കോവിഡ് കാലത്തു പാലാ സമരിറ്റൻ ടാസ്ക് ഫോഴ്സിൽ ചേർന്ന് സേവനം നടത്തുന്ന കൂട്ടായ്മ ഭാരവാഹികളെ അച്ചൻ അഭിനന്ദിച്ചു. നമ്മുടെ സഭാതലവൻ അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ നിർദ്ദേശപ്രകാരം അവശത അനുഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ കുടുംബക്കൂട്ടായ്മ ഓഫീസിൽ സമാഹരിച്ച് ആവശ്യാനുസരണം ലഭ്യമാകുന്നതിനെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു. കോവിഡ് രോഗബാധിതരെ ഫോണിലൂടെ ബന്ധപ്പെട്ട് കൂട്ടായ്മയുടെ സ്നേഹവും കരുതലും നൽകണമെന്നന് ബഹു. ഡയറക്ടറച്ചൻ ഓർമ്മിപ്പിച്ചു.

ബ്ലഡ് ആവശ്യമുള്ളവർ കൂട്ടായ്മ വാട്സ്ആപ്പ് വഴി അറിയിച്ചാൽ വേണ്ട ക്രമീകരണങ്ങൾ നടത്താമെന്ന് യോഗത്തെ അറിയിച്ചു.

കൂടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകകൾതോറും വർക്ക് ഫോഴ്സ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്വെയർ ഉണ്ടാക്കുന്നതിനുള്ള ചർച്ച നടക്കുന്നതായി ബഹു. ഡയറക്ടറച്ചൻ പറഞ്ഞു.

കൂട്ടായ്മകൾവഴി ബൈബിൾ ക്വിസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചു. ഗവ. ആനുകൂല്യങ്ങൾ, സ്കോളർഷിപ്പ്സ്, കരിയർ വാർത്തകൾ മുതലായ അറിയിക്കുന്നതിനായി തുടങ്ങിയ Palainfoഎന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ താത്പര്യമുള്ള കോ-ഓർഡിനേറ്റേഴ്സിന് ജോയിൻ ചെയ്യാമെന്നും യോഗത്തെ അറിയിച്ചു.

തുടർന്ന് ഫൊറോന തിരിച്ചുള്ള അവലോകനം നടന്നു. കർഷകരുടെ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ഇടനിലക്കാർ ഇല്ലാതെ വിപണനത്തിനു സഹായകരമായ വാട്സ്ആപ്പ് ഗ്രൂപ്പ്സ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനെപ്പറ്റി യോഗം ചർച്ച ചെയ്തു. ചർച്ചകൾക്ക് രൂപത കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ നേതൃത്വം നൽകി.

ഫൊറോനാ കോ-ഓർഡിനേറ്റർ തങ്ങളുടെ ഫൊറോനകളിലെ കോവിഡ് കാലത്തെ കൂദാശാജീവിതത്തെപ്പറ്റിയുള്ള വിവരങ്ങൾ പങ്കുവച്ചു. 4.30 ന് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

**സെപ്റ്റംബർ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 187 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2020 ഒക്ടോബർ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2020 ഡിസംബർ 31 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

## B. പിതൃവേദി

**1. കർഷകകൂട്ടായ്മ**

പിതൃവേദിയുടെ അരുവിത്തുറ യൂണിറ്റിൽ കർഷകരുടെ ഉത്പന്നങ്ങൾ മിതമായ നിരക്കിൽ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനായി അരുവിത്തുറ കർഷകൻ എന്ന പേരിൽ വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു.

മണ്ണാറപ്പാറ, മാൻവെട്ടം യൂണിറ്റുകളിൽ മിസ്പാ എന്ന പേരിൽ കർഷക കൂട്ടായ്മ അരുവിത്തുറ യൂണിറ്റുമായി ചേർന്ന് പ്രവർത്തിക്കുന്നു.

**2. അനുശോചനം**

ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും പിതൃവേദി രൂപത ഭാരവാഹികളും പാലാ രൂപത വികാരിജനറാൾ മോൺ. ജോസഫ് മലേപറമ്പിൽ അച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

## C. മാതൃവേദി

**1. ഡയാലിസിസ് സഹായം**

പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ നിർദ്ധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുന്നതിനായി രൂപതയിലെ പല ഇടവകകളിൽനിന്നുമായി വന്ന ഡയാലിസിസ് രോഗികൾക്ക് 1,12,000 രൂപ സഹായമായി നൽകി.

**2. ബൈബിൾ പഠനപരമ്പര**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ലോഗോസ് ക്വിസിന് ഒരുക്കമായി സെപ്റ്റംബർ 21 മുതൽ ബൈബിൾ പഠനപരമ്പര ആരംഭിച്ചു. ഡിസംബർ 6-ാം തീയതിയാണ് ബൈബിൾ ക്വിസ് നടത്തപ്പെടുന്നത്. ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ പഠനവിഷയം മർക്കോസ് 1-8, നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, 1 കൊറിന്തോസ് 1-8 എന്നിവയാണ്. ലോഗോസ് ക്വിസിന്റെ പഠനസഹായി ആവശ്യമുള്ളവർക്ക് പാലാ ഷലോം പാസ്റ്ററൽ സെന്ററിലുള്ള ബൈബിൾ അപ്പോസ്തലേറ്റിന്റെ ഓഫീസിൽനിന്നു ലഭിക്കുന്നതാണ്.

## D. ഹോംമിഷൻ

**1. സന്ദർശനം**

ഹോംമിഷൻ ശുശ്രൂഷ ചെയ്ത് വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കുന്ന സി. ഫ്ളവർ മരിയ എസ്.എ.ബി.എസ്. കടനാട്, സി. അനൻസിയ എസ്.എച്ച് മൂലമറ്റം എന്നിവരെ സെപ്റ്റംബർ 23-ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും സഹപ്രവർത്തകരും മഠങ്ങളിൽ പോയി സന്ദർശിച്ചു.

## D. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രി

മണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക ദിനപത്രത്തിന്റെ മാട്രി മോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജി സ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നട ത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമ രായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടു ത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**E. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധിവഴിയായി കഴിഞ്ഞമാസം **കടനാട്, മൂഴൂർ, വെള്ളികുളം, മോനിപ്പള്ളി, മുട്ടുചിറ, വലവൂർ, നീറന്താനം, അടിവാരം(2), രാമപുരം, കുറ വിലങ്ങാട്** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാ ഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. സഭാദിനാചരണം**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ സീറോ-മലബാർ സഭാദിനാചരണം നടത്തി. രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ പ്രസിഡന്റ് രാജീവ് ജോസഫ് അധ്യക്ഷത വഹിച്ചു. മാർത്തോമ്മാമാർഗ്ഗം സഭയുടെ പൈതൃ കമാണെന്നും അത് കാത്തുസൂക്ഷിക്കാൻ സമുദായം പ്രതിജ്ഞാബദ്ധമാണെന്നും മോൺ. വേത്താനത്ത് ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. സഭ ഇന്ന് നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചയ്ക്ക് രൂപത ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ഇമ്മാനുവൽ നിധീരി എന്നിവർ നേതൃത്വം നൽകി.

**2. സ്കൂൾ പാഠഭാഗങ്ങൾ ഒഴിവാക്കിയതിനെതിരേ പ്രതിഷേധം**

കോവിഡ് കാലത്തെ സ്കൂൾ പാഠഭാഗങ്ങളിൽനിന്ന് ഇന്ത്യൻ ഭരണഘ ടനയുടെ അടിസ്ഥാനമൂല്യങ്ങളായ മതേതരത്വം, ഫെഡറലിസം, ജനാധിപത്യം, ദേശീയത എന്നിവ ഒഴിവാക്കിയതിനെതിരേ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധം രേഖപ്പെടുത്തി. വിദ്യാഭ്യാസ സെക്രട്ടറിക്ക് ഫാക്സ് സന്ദേശത്തിലൂടെ പരാതി സമർപ്പിച്ചു.

**3. റബർ ആക്ട് റദ്ദാക്കുന്നതിനെതിരേ**

റബർ ആക്ട് റദ്ദാക്കുന്നതിനും അതുവഴി റബർ ബോർഡ് ഭാഗിക മായി നിർത്തലാക്കുന്നതിനുമുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരേ കത്തോ

ലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ റബർ ബോർഡ് ചെയർമാനും കേന്ദ്ര വാണിജ്യ മന്ത്രാലയസെക്രട്ടറിക്കും നിവേദനം സമർപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് സംഘടനയുടെ നേതൃത്വത്തിൽ ഭാരവാഹികളുടെ അടിയന്തിരയോഗം ചേർന്നു.

**4. കോവിഡ് സന്നദ്ധസേനയിലേക്ക് പ്രവർത്തകരും ആംബുലൻസും**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ശവസംസ്കാരം ഉൾപ്പെടെയുള്ള സന്നദ്ധസേവനങ്ങൾക്കുമായി പാലാ രൂപത രൂപീകരിച്ച സമരിറ്റൻ സന്നദ്ധസേനയിലേക്ക് കത്തോലിക്കാ കോൺഗ്രസിൽനിന്ന് 75 പ്രവർത്തകർ വോളണ്ടിയർമാരായി ചേർന്നു. അതിൽനിന്നുള്ള പ്രതിനിധികൾ ആദ്യഘട്ട ട്രെയിനിംഗിൽ പങ്കെടുത്തു. കൂടാതെ സേവനപ്രവർത്തനങ്ങൾക്കായി ആംബുലൻസ് സർവ്വീസ് കത്തോലിക്കാ കോൺഗ്രസ് ആരംഭിച്ചു. മരങ്ങാട്ടുപള്ളി യൂണിറ്റിന്റെ ഉടമസ്ഥതയിലുള്ള ആബുലൻസ് രൂപതയിലെ മറ്റു ഭാഗങ്ങളിലേക്കുള്ള സേവനങ്ങൾക്ക് രൂപതസമിതി നേതൃത്വം നൽകുന്നു.

**സെപ്റ്റംബർ**

**1. സാമ്പത്തികസംവരണം അട്ടിമറിക്കുന്നതിനെതിരെ ഉപവാസസമരം**

സംവരണേതര വിഭാഗങ്ങളിലെ ദരിദ്രവിഭാഗത്തിന്റെ ഉന്നമനത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയ 10% സാമ്പത്തികസംവരണം സംസ്ഥാന സർക്കാർ അട്ടിമറിക്കുന്നതിനെതിരേ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതസമിതിയുടെ നേതൃത്വത്തിൽ ഏകദിന ഉപവാസസമരം സംഘടിപ്പിച്ചു. പാലാ ഷാലോം പാസ്റ്ററൽ സെന്റർ അങ്കണത്തിൽ നടന്ന സമരം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. സർക്കാർ നീക്കം നീതിനിഷേധമാണെന്നും ഉടൻ നടപ്പിലാക്കിയില്ലെങ്കിൽ ഈ വർഷം അർഹരായ കുട്ടികൾക്ക് പ്ലസ്‌വൺ, നഴ്സിംഗ് മേഖലയിൽ അഡ്മിഷൻ കിട്ടാതെവരുമെന്നും സർക്കാർ തീരുമാനം തിരുത്തണമെന്നും ബിഷപ് ഓർമ്മിപ്പിച്ചു. നാമമാത്രകർഷകരെ സമ്പന്നരായി ചിത്രീകരിക്കുന്ന സമീപനം ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നേതൃത്വം നൽകിയ ഉപവാസസമരത്തിൽ ഇമ്മാനുവൽ നിധീരി, സാജു അലക്സ്, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ എന്നിവർ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമാപനസന്ദേശം നൽകി.

**2. ഇ.ഐ.എ. വിജ്ഞാപനം പിൻവലിക്കണം**

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ പരിസ്ഥിതി ആഘാന നിർണ്ണയവിജ്ഞാപനം ഇ.ഐ.എ 2020 പരിസ്ഥിതിവിരുദ്ധമാണെന്നും പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രപരിസ്ഥിതിമന്ത്രാലയ സെക്രട്ടറി ഇ.കെ.മിശ്രക്ക് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതസമിതി നിവേദനം സമർപ്പിച്ചു.

**3. 80:20 ന്യൂനപക്ഷ ആനുകൂല്യവിതരണ അനുപാതത്തിനെതിരേ**

സംസ്ഥാന സർക്കാർ കേരളത്തിൽ ന്യൂനപക്ഷ ആനുകൂല്യങ്ങൾ 80:20 എന്നരീതിയിൽ വിതരണം ചെയ്യുന്നത് അനീതിയ്ക്കും പക്ഷപാതപര

വുമാണെന്നും കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതസമിതി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ഒരു വിഭാഗത്തിനു മാത്രം കിട്ടുവാൻ അധികാരികൾ കൂട്ടുനിൽക്കുന്നത് അവസാനിപ്പിക്കണമെന്നുമാവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് കേരളത്തിലുടനീളം ക്യാംപെയിൻ ആരംഭിച്ചു. പ്രതിഷേധസമരങ്ങൾ, നിവേദനം സമർപ്പിക്കലുകൾ, നിയമപരമായ മാർഗ്ഗങ്ങൾ എന്നിവയിലൂടെ തുടർനീക്കങ്ങൾ നടത്തുവാൻ രൂപതനേതൃയോഗം തീരുമാനിച്ചു.

**ഇമ്മാനുവൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. SLF സഹായപദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസം, ചികിത്സ, തൊഴിൽപരിശീലനം എന്നിവയ്ക്ക് ധനസഹായം നല്കുന്നു. 5 വയസ്സുമുതൽ 18 വയസ്സുവരെയുള്ള 40% മേൽ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് അപേക്ഷിക്കാം. പദ്ധതിയിൽ അംഗമാകുന്നവർ സൊസൈറ്റിയുടെ സ്വയംസഹായസംഘങ്ങളിൽ അംഗങ്ങളാവേണ്ടതാണ്.

**2. SHG / കർഷകദളം**

പി.എസ്.ഡബ്ല്യു.എസ്. ന്റെ സ്വയംസഹായസംഘങ്ങളും കർഷകദളങ്ങളും ഗ്രൂപ്പുകളുടെ ദൈനംദിനപ്രവർത്തനങ്ങൾ കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുവേണം നടത്തേണ്ടത്.

**3. ശീതകാല പച്ചക്കറിത്തൈ വിതരണം**

കാബേജ്, കോളിഫ്ളവർ, ക്യാപ്സിക്കം, തക്കാളി, ബ്രോക്കോളി, ക്യാരറ്റ് തുടങ്ങിയ ശീതകാല പച്ചക്കറിത്തൈകളുടെ വിതരണം ഒക്ടോബർ 20 മുതൽ നവംബർ 30 വരെ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നടക്കും.

**4. പച്ചക്കറി വിത്തുവിതരണം**

പതിനഞ്ച് ഇനത്തിൽപ്പെട്ട ഹൈബ്രീഡ് പച്ചക്കറിവിത്തുകളും വിതരണം പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നടക്കും.

**5. മുട്ടക്കോഴി വിതരണം**

ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം ഒക്ടോബർ 15-ന് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നടക്കും.

**6. ഭിന്നശേഷി ക്ഷേമപദ്ധതി ധനസഹായവിതരണം ആരംഭിച്ചു.**

സൊസൈറ്റിയുടെ ഭിന്നശേഷി ക്ഷേമപദ്ധതിപ്രകാരമുള്ള ധനസഹായവിതരണം ആരംഭിച്ചു. ചികിത്സാധനസഹായമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. പദ്ധതി ഗുണഭോക്താക്കൾ ബില്ലുകളുമായി പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ എത്തേണ്ടതാണ്.

**7. പുതിയ എസ്.എച്ച്.ജി.**

മൂലമറ്റം, വയലാ എന്നീ സ്ഥലങ്ങളിൽ പുതിയ എസ്.എച്ച്.ജി. കൾ രൂപീകരിച്ചു.

**8. തെങ്ങിൻതൈ വിതരണം**

കുറ്റ്യാടി, മലയർപച്ച, D x T, ഗംഗാബോണ്ട തുടങ്ങിയ തെങ്ങിൻതൈകളുടെ വിതരണം പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നടക്കുന്നു.

**9. മാൻവെട്ടം ഫുഡ് പ്രൊഡക്ട്സ്**

മാൻവെട്ടം ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ മാൻവെട്ടം ഫുഡ് പ്രൊഡക്ട്സ് എന്ന സംരംഭം ആരംഭിക്കുന്നു. പ്രസ്തുത സംരംഭത്തിനുവേണ്ടി പണിയുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം കർഷക ഫെഡറേഷൻ രക്ഷാധികാരി റവ.ഡോ. സൈറസ് വേലംപറമ്പിൽ നിർവഹിച്ചു.

**10. കുടുംബോദ്ധാരണ പദ്ധതി അപേക്ഷ സ്വീകരിക്കുന്നു.**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേക്കു പുതിയ അപേക്ഷകൾ ക്ഷണിക്കുന്നു. 30 കുടുംബങ്ങൾക്കാണ് പുതിയ അംഗത്വം നല്കുക. 13 വയസ്സിൽ താഴെ പ്രായമുള്ള പ്രത്യക്ഷത്തിൽ ദരിദ്രരായ കുടുംബങ്ങളിൽനിന്ന് അപേക്ഷിക്കാം. വിധവ, കാൻസർ, ക്ഷയം, ശാരീരിക മാനസികവൈകല്യമുള്ള കുടുംബങ്ങൾ എന്നിവയ്ക്കു മുൻഗണന ഉണ്ടായിരിക്കും.

**11. മത്സ്യഗ്രാമം പദ്ധതി**

സൊസൈറ്റിയുടെ മത്സ്യഗ്രാമപദ്ധതിപ്രകാരം മത്സ്യക്കുഞ്ഞുങ്ങളെ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് വിതരണം ചെയ്തുവരുന്നു.

**12. ജനറൽ ബോഡി യോഗം**

മാവടി, മുളക്കുളം, കുറുഞ്ഞി എന്നീ സ്ഥലങ്ങളിൽ ജനറൽ ബോഡി യോഗം നടത്തി.

**13. ജൈവവളങ്ങൾ/കീട നാശനികൾ**

കേരളത്തിലെ മികച്ച കമ്പനികളുടെയും കർഷക ഉത്പാദക സംഘങ്ങളുടെയും എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ വിവിധതരത്തിൽപ്പെട്ട ജൈവവളങ്ങളും ജൈവകീടനാശിനികളും പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്.

**14. കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ പി.എസ്.ഡബ്ല്യു.എസിൽ**

കൊറോണ വൈറസിന്റെ പ്രതിരോധിക്കുന്നതിനുള്ള മാസ്കുകൾ, സാനിറ്റൈസർ, സോപ്പ്, സോപ്പ് ഓയിൽ തുടങ്ങിയ ഉത്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിവഴി വിതരണം ചെയ്യുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. ഡി.സി.എം.എസ് സംസ്ഥാന കമ്മറ്റിയും രൂപതാ കൗൺസിലും**

2020 സെപ്റ്റംബർ 20-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് zoom എന്ന ഓൺലൈൻ സംവിധാനം വഴി സംയുക്തമായി സംസ്ഥാന കമ്മറ്റിയും രൂപത കൗൺസിലും നടത്തപ്പെട്ടു.

**2. രൂപത കമ്മറ്റി**

2020 സെപ്റ്റംബർ 21-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപത

കമ്മറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മാർഗ്ഗനിർദ്ദേശം നൽകി.

**3. രൂപത സ്കോളർഷിപ്**

2019-2020 വാർഷികപരീക്ഷയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി, ഉപരിപഠന തൊഴിലധിഷ്ഠിത കോഴ്സുകൾ, പ്ലസ് ടു മതപഠനം എന്നിവയ്ക്ക് 60% ലധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ അപേക്ഷ ഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് കോപ്പി സഹിതം ഒക്ടോബർ 31 നകം ഡി.സി.എം.എസ് രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**4. കേരള കത്തോലിക്ക മെത്രാൻ സമിതി - ദലിത്- പിന്നാക്ക വിഭാഗ വികസന കമ്മീഷൻ (KCBC SC/ST/BC) നല്കുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു.**

- 2019 - 2020 അദ്ധ്യയനവർഷം പാസ്സായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്.
- SSLC 80 %,
- PIus Two 70%,
- Degree, PG, BSc Nursing, Engineering, Medicine 60 % മാർക്ക് വാങ്ങി പാസ്സായ ദലിത് കത്തോലിക്ക വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ് നല്കുന്നത്.
- അപേക്ഷകൾ DCMS പാല രൂപത ഓഫീസിൽ ലഭ്യമാണ്.
- അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 31-നകം ഡി.സി.എം.എസ് രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**5. പാലാ നിയോജകമണ്ഡലം എം.എൽ.എ ശ്രീ മാണി സി. കാപ്പന് ഡി.സി.എം.എസ് രൂപത കമ്മറ്റി അംഗങ്ങൾ നിവേദനം നൽകി**

1. ദലിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് 1996 ജൂൺ 28 ന് കേന്ദ്രസർക്കാർ കേരള ഗവൺമെന്റിന് അയച്ച കത്തിനു മറുപടിയായി (Letter No - 12016/30/96, S.C.N ( R cells dated 28/06/96 കേന്ദ്ര സർക്കാരിലേക്ക് ശുപാർശക്കത്ത് അയയ്ക്കുക.
2. ഉദ്യോഗതലത്തിൽ ദലിത് ക്രൈസ്തവർക്ക് അനുവദിച്ചിട്ടുള്ള സംവരണം ക്ലാസ്സ് നാലിൽ 2% മറ്റു തസ്തികകളിൽ 1% മാത്രമാണ്. ഇത് പ്രയോജനപ്പെടണമെങ്കിൽ നിയമന റോട്ടേഷൻ ലിസ്റ്റിൽ 20-ാം നമ്പറിനുള്ളിൽ ഈ സ്ഥാനം നൽകാൻ നടപടി സ്വീകരിക്കുക.
3. ത്രിതല പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ദലിത് ക്രൈസ്തവർക്ക് സീറ്റ് സംവരണം നല്കി അധികാരപങ്കാളിത്തം ഉറപ്പു വരുത്തുക.
4. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ വായ്പ പദ്ധതികളുടെ നിബന്ധനകൾ കാലോചിതമായി ലഘൂകരിക്കുക.
5. ഒന്നാം ക്ലാസ്സ് മുതൽ പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുക.

6. സ്വാശ്രയകോഴ്സുകൾ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിൽപെട്ട ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും സ്റ്റൈപന്റും ലംപ്സം ഗ്രാന്റും മറ്റാനുകൂല്യങ്ങളും നല്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 2012 ഒക്ടോബർ 12-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിലൂടെ വ്യക്തമാകുന്നു. സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് പിൻവലിച്ച് സ്വാശ്രയ കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ ഉൾപ്പടെ മാനേജ്മെന്റ് ക്വോട്ട, കമ്മ്യൂണിറ്റി ക്വോട്ടാ എന്നിവയിൽ പ്രവേശനം ലഭിച്ച ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവും സ്റ്റൈപന്റും ലപ്സംഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് വേണ്ട അനുകൂലമായ നടപടി സ്വീകരിക്കുക.
7. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നല്കിവരുന്ന കേന്ദ്ര ഗവൺമെന്റ് പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും (ഒ.ഇ.സി) ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.
8. പൊതുവിദ്യാഭ്യാസ ഡയറക്റുടെ കാര്യാലയത്തിൽനിന്ന് 18-06-2013 ന് No.2/22494/13 ഡി.പി.ഐ. സ്കൂൾ അധികാരികൾക്ക് നല്കിയ ഉത്തരവുപ്രകാരം പല സ്കൂൾ അധികാരികളും ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കിട്ടുന്നു എന്ന കാരണത്താൽ അപേക്ഷ നിരസിക്കുകയാണ്. ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കു ലഭിക്കുന്നത് ജാതി അടിസ്ഥാനത്തിലുള്ള ലംപ്സം ഗ്രാന്റ് ആണെന്നും ഇത് സ്കോളർഷിപ് അല്ലെന്നും അതിനാൽ ന്യൂനപക്ഷ സ്കോളർഷിപ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.
9. ഉന്നതവിദ്യാഭ്യാസ വകുപ്പ് നല്കുന്ന സ്കോളർഷിപ്പ് ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കു ലഭ്യമാക്കണം. പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സം ഗ്രാന്റിനോടൊപ്പം പ്രസ്തുത സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. അതിനാൽ, ഈ പരിഗണന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
10. പട്ടികജാതി വിദ്യാർത്ഥികൾക്കു നല്കിവരുന്ന പഠനോപകരണങ്ങൾ (കംപ്യൂട്ടർ, സൈക്കിൾ etc.) എന്നിവ ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും നല്കുക.
11. പ്ലസ്ടു മുതലുള്ള എല്ലാ കോഴ്സുകളിലും അഡ്മിഷൻ കാര്യത്തിൽ പട്ടിക ജാതിക്കാർക്ക് ലഭിക്കുന്ന സംവരണം ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.
12. സഹകരണബാങ്കുകളിൽനിന്നും പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

നിരവധി ആവശ്യങ്ങൾ അടങ്ങിയ നിവേദനം, ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു

കുന്നുംപുറം, സെക്രട്ടറി ശ്രീ ജോണി പരമല, ജോ. സെക്രട്ടറി ശ്രീമതി ബിജി സാലസ്, ഓർഗനൈസർ ശ്രീ പി.ഒ. പീറ്റർ, ഖജാൻജി ശ്രീ റ്റി.ഡി. കുര്യാക്കോസ് എന്നിവർ പാലാ നിയോജകമണ്ഡലം എം.എൽ.എ ശ്രീ മാണി സി. കാപ്പന് നൽകി.

**6.** കേരള സംസ്ഥാന പരിവർത്തിതക്രൈസ്തവ ശുപാർശിതവിഭാഗ വികസന കോർപ്പറേഷൻ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു.

**7. സ്പോട്ട് ദി ടാലന്റ് പദ്ധതി**

കേരള സംസ്ഥാന പരിവർത്തിതക്രൈസ്തവ ശുപാർശിതവിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന 'സ്പോട്ട് ദി ടാലന്റ്' പദ്ധതിപ്രകാരം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ആറാം ക്ലാസ്സിലേക്കു പ്രവേശനം ഈ വർഷം നേടിയ വിദ്യാർത്ഥികൾക്കായിട്ടുള്ള പദ്ധതിയാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക www.ksdc.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷഫോറത്തിനൊപ്പം ആറാം ക്ലാസ്സിലേക്കു പ്രവേശനം ലഭിച്ചിട്ടുണ്ടെന്നുള്ള സ്കൂൾ സർട്ടിഫിക്കറ്റ്, കുട്ടിയുടെ ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും സഹിതം. മാനേജിങ് ഡയറക്ടർ പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 2020 ഒക്ടോബർ 31.

**8. മെറിറ്റ് സ്കോളർഷിപ്പ്**

2019-2020 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ്ടു, തത്തുല്യ പരീക്ഷകളിൽ 60% മാർക്ക് നേടിയ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽനിന്നും മെറിറ്റ് സ്കോളർഷിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

www.ksdc.kerala.gov.in എന്ന വെബ്സൈറ്റിൽ നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്യുക. ഏതെങ്കിലും വിഷയത്തിൽ "c' ഗ്രേഡിൽ കുറവുള്ളവർ സ്കോളർഷിപ്പിന് അർഹരായിരിക്കില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 2020 ഒക്ടോബർ 31.

**കേന്ദ്ര സ്കോളർഷിപ്പുകൾ**

**1. ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്**

ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം. മുൻ വർഷത്തെ വാർഷികപ്പരീക്ഷയ്ക്ക് 50% മാർക്ക് വേണം. ഒരു കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹത.

സ്കോളർഷിപ്പ് വിശദാംശങ്ങൾക്കായി : https://scholarships.gov.in

**2. ഭിന്നശേഷി പ്രീ-മെട്രിക് സ്കോളർഷിപ്**

9,10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ് ആണ്. വാർഷിക വരുമാനം രണ്ടു ലക്ഷം രൂപ കവിയരുത്. സ്കോളർഷിപ്പ് വിശദാംശങ്ങൾക്കായി : https://scholarships.gov.in

**3. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്/തദ്ദേശ സ്വയംഭരണ സ്കൂളുകളിലെ കുട്ടികൾക്കാണ് ഈ സ്കോളർഷിപ്പിന് അപേക്ഷ നല്കുവാൻ സാധിക്കുന്നത്. 9,11 ക്ലാസ്സുകളിൽ 55% മാർക്കും 10-ാം ക്ലാസ്സിന് 60% മാർക്കും ലഭിച്ചിരിക്കണം. വാർഷികവരുമാനം ഒന്നര ലക്ഷം രൂപ കവിയരുത്. എൻ.എം.എം.എസ്. പരീക്ഷയിൽ യോഗ്യത നേടിയിരിക്കണം.

സ്കോളർഷിപ്പ് വിശദാംശങ്ങൾക്കായി : www.education.kerala.gov.in, https://scholarships.gov.in

**4. പോസ്റ്റ്- മെട്രിക് സ്കോളർഷിപ്പ്**

XI, XII, ടെക്നിക്കൽ ആൻഡ് വൊക്കേഷനൽ കോഴ്സസ്, ഡിഗ്രി, പിജി, എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്ന (ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, പാർസി, ജൈൻ) കുട്ടികൾക്ക് കേന്ദ്ര ന്യൂനപക്ഷ കമ്മീഷനിൽനിന്ന് സ്കോളർഷിപ്പുകൾ ലഭിക്കുന്നതാണ്. മുൻവർഷത്തെ വാർഷികപരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം.

അവസാന തീയതി - "ഒക്ടോബർ 31." ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. www.scholarships.gov.in, https://scholarships.gov.in

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

സെപ്റ്റംബർ 8-ാം തീയതി മരിയസദനം സന്ദർശിച്ച് മാതാവിന്റെ ജനനത്തിരുനാൾ സന്ദേശം നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# കെ.എൽ.എം.

---

**വിവിധ ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.**

2020 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെ 3 മാസത്തിനുള്ളിൽ പരമാവധി അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**I നിർമ്മാണത്തൊഴിലാളി ക്ഷേമനിധി**

1. **അംഗത്വം**

പ്ലംബർമാർ, പെയിന്റർമാർ, ഇലക്ട്രീഷൻ (ലൈസൻസ് ഉള്ളവർ), ഫിറ്റർമാർ, വെൽഡർമാർ, ഫാബ്രിക്കേഷൻ ജോലി ചെയ്യുന്നവർ, ഇഷ്ടിക കെട്ടുന്നവർ, ഇഷ്ടിക നിർമ്മിക്കുന്നവർ, കരിങ്കല്ലു പണിയുന്നവർ, വെട്ടുകല്ലു പണിയുന്നവർ, വെട്ടുകല്ലുവെട്ടുകാർ, കൊല്ലന്മാർ, കമ്പിപ്പണിക്കാർ, മൈക്കാട്, മൊസൈക്ക്, മാർബിൾത്തൊഴിലാളികൾ, മണൽത്തൊഴിലാളികൾ, മൺതൊഴിലാളികൾ, പാറമടത്തൊഴിലാളികൾ, ഓടുതൊഴിലാളികൾ, റോഡ് തൊഴിലാളികൾ, കുമ്മായത്തൊഴിലാളികൾ.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 വയസ് തികഞ്ഞിരിക്കുകയും 52 വയസ് കവിയാത്തവർക്കുമാണ് യോഗ്യത. മറ്റു ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരിക്കുവാൻ പാടില്ല.

3. **നിബന്ധനകൾ**

തൊഴിലാളിയുടെ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസു തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. തൊഴിൽപരിചയ സർട്ടിഫിക്കറ്റ് കെ.എൽ.എം. നല്കും

4. **വിഹിതം**

പ്രതിമാസവിഹിതം 50 രൂപ (വാർഷിക വരിസംഖ്യ 600 രൂപ). 250 രൂപ രജിസ്ട്രേഷൻ ഫീസ്. തൊഴിലാളി 60 വയസ്സുവരെ അംശാദായവിഹിതം അടയ്ക്കണം.

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) ചികിത്സാധനസഹായം 3) വിവാഹച്ചെലവുകൾക്കുള്ള ധനസഹായം 4) പ്രസവാനുകൂല്യം 5) വിദ്യാഭ്യാസസഹായം 6) ഭവനനിർമ്മാണ വായ്പ 7) പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള വായ്പ 8) മരണാനന്തരധനസഹായം 9) റീഫണ്ട്

## II. അസംഘടിത തൊഴിലാളി ക്ഷേമനിധി

**അംഗത്വം**

ഗാർഹികത്തൊഴിലാളികൾ, തെങ്ങ് & പന കയറ്റക്കാർ, പപ്പടം ഉണ്ടാക്കുന്നവർ, ഓട്, ചെമ്പ്, കളിമൺപാത്രനിർമ്മാണത്തൊഴിലാളികൾ, കാളവണ്ടിക്കാർ, വള്ളമൂന്നുകാർ, കക്കാവാരൽ തൊഴിലാളികൾ, ആനത്തൊഴിലാളികൾ, വള്ളം നിർമ്മാണം, തേൻ ശേഖരിക്കൽ മേഖലയിൽ ജോലിചെയ്യുന്നവർ, തട്ടാന്മാർ, ചെരുപ്പുകുത്തികൾ, എണ്ണമിൽ തൊഴിലാളികൾ, റിക്ഷാത്തൊഴിലാളികൾ, സൈക്കിൾ റിപ്പയറിംഗ് തൊഴിലാളികൾ, വാച്ച് നന്നാക്കുന്നവർ, പാൽ-പത്ര വിതരണക്കാർ, ക്ഷീരോത്പാദന തൊഴിലാളികൾ, കപ്യാർമാർ, കൊന്തനിർമ്മിക്കുന്നവർ, പൂജാരിമാർ, ഓലമെടയുന്നവർ, കൂലിപ്പണിക്കാർ, പവർലൂം തൊഴിലാളികൾ, ഹാന്റ് എംബ്രോയിഡറി വർക്ക് ചെയ്യുന്നവർ, കരകൗശലത്തൊഴിലാളികൾ, പാത്രം, കാലിച്ചാക്ക് ശേഖരിക്കുന്നവർ, ആക്രിത്തൊഴിലാളികൾ, വർക്ക്ഷോപ്പ് തൊഴിലാളികൾ, ബൈക്ക് മെക്കാനിക്ക്, ചെറുകിട കച്ചവടക്കാർ, കറവക്കാർ, ഇറച്ചിവെട്ടുകാർ, ഫോട്ടോഗ്രാഫർമാർ, മത്സ്യത്തൊഴിലാളികൾ, ഓയിൽ പെയിന്റുകാർ, ചിത്രംവരക്കാർ, കണക്കപ്പിള്ള-ടാക്സ് പ്രാക്ടീഷണർ-ടാക്സ് കൺസൾട്ടന്റ്, സ്വകാര്യ ട്യൂഷൻ നടത്തുന്നവർ, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാനകലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ കീഴിൽ ജോലിചെയ്യുന്നവർ, കുടുംബശ്രീ, ജനശ്രീ, സുഭിക്ഷ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ ചെയ്യുന്നവർ, കോഴിവളർത്തൽ, ആടുവളർത്തൽ, സോപ്പുപൊടി നിർമ്മാണത്തൊഴിലാളികൾ. ഹോളോബ്രിക്സ്, കൂൺകൃഷി, തേനീച്ചവളർത്തൽ, താറാവുവളർത്തൽ, പ്ലാസ്റ്റിക് വരിച്ചിൽ, ചൂരൽവരിച്ചിൽ, അപ്ഹോൾസ്റ്ററി വർക്ക്, പൂന്തോട്ടപ്പണി, ഫർണീച്ചർ വർക്ക്, പാറത്തൊഴിലാളി,

പുല്ലുവെട്ട്, ഹെൽപർ, ചെങ്കൽപ്പണി, പന്തൽപ്പണി, ചെമ്പൂപണി, ചില്ലുപണി, പമ്പിംഗ് മോട്ടോർ തൊഴിലാളികൾ, ഇരുമ്പുപണി, മരപ്പണിക്കാർ, റബർ ടാപ്പിംഗ് തൊഴിലാളികൾ, ബാർബർ, അലക്കുതൊഴിലാളികൾ.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 55 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾ അംഗത്വത്തിന് അപേക്ഷിക്കാം. മറ്റ് ക്ഷേമനിധിയിൽ അംഗത്വമുണ്ടാവാൻ പാടില്ല.

3. **നിബന്ധനകൾ**

മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസു തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ് ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. തൊഴിൽപരിചയ സർട്ടിഫിക്കറ്റ് കെ.എൽ.എം. നല്കുന്നതാണ്.

4. **വിഹിതം**

പ്രതിമാസവിഹിതം 100 രൂപ (വാർഷിക വരിസംഖ്യ 1200) ബാങ്കിൽ അടയ്ക്കണം. രജിസ്ട്രേഷൻ ഫീസ് 250 രൂപ.

5. **ആനുകൂല്യങ്ങൾ**

1) റിട്ടയർമെന്റ് 2) പെൻഷൻ 3) മരണാനന്തര ആനുകൂല്യം 4) വിദ്യാഭ്യാസ സഹായം 5) വിവാഹസഹായം 6) പ്രസവാനുകൂല്യം 7) ചികിത്സാസഹായം 8) വായ്പാസഹായം (പണിയായുധങ്ങൾ വാങ്ങാൻ/വീട്/സ്വയംതൊഴിൽ) 9) സ്വയം വിരമിക്കൽ

## III. കർഷകത്തൊഴിലാളി ക്ഷേമനിധി

1. **അംഗത്വം**

എല്ലാ കർഷകത്തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 50 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് അംഗമാവാം.

3. **നിബന്ധനകൾ**

മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസുതെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. കർഷകത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (KAWF) നല്കും.

4. **വിഹിതം**

പ്രതിമാസവിഹിതം 5 രൂപ (ഒരു വർഷം 60 രൂപ ). രജിസ്ട്രേഷൻ ഫീസ് 250 രൂപ. അംശാദായം 60 വയസ്സുവരെ അടയ്ക്കണം.

5. **ആനുകൂല്യങ്ങൾ**

1) റിട്ടയർമെന്റ് 2) മരണാനന്തരസഹായം 3) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 4) ചികിത്സാസഹായം 5) വിവാഹധനസഹായം 6) പ്രസവാനുകൂല്യം 7) പെൻഷൻ.

## IV. മോട്ടോർ തൊഴിലാളി ക്ഷേമനിധി

1. **അംഗത്വം**

ബസ്, ലോറി, മിനിലോറി, ടെമ്പോവാൻ, ടാക്സി, ഓട്ടോറിക്ഷ, ട്രാക്ടർ, ട്രെയിലർ, ജീപ്പ് തുടങ്ങി സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളിലും തൊഴിൽ ചെയ്യുന്ന എല്ലാ വാഹനങ്ങളെയും മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 55 നും മദ്ധ്യേ പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്.

3. **നിബന്ധനകൾ**

തൊഴിലാളികളുടെ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്സ് തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം)(എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ലൈസൻസ് കോപ്പി (പുതുക്കിയത്), ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം.

4. **വിഹിതം**

വാഹനങ്ങളുടെ ഇനമനുസരിച്ച് തൊഴിലുടമവിഹിതം/ തൊഴിലാളിവിഹിതം ബാങ്കിൽ അടയ്ക്കണം (ഹെവി - 400, മീഡിയം - 300, ലൈറ്റ് - 200, ഹെവി ബസ് (28 സീറ്റിനു മേൽ) - 1050). തൊഴിലാളി പ്രതിമാസം 100 രൂപ അടയ്ക്കണം (വാർഷിക വരിസംഖ്യ 1200). രജിസ്ട്രേഷൻ ഫീസ് 250 രൂപ. തൊഴിലാളി 60 വയസ്സുവരെ അംശാദായവിഹിതം അടയ്ക്കണം.

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) അവശതാപെൻഷൻ 3) അപകടമരണസഹായം 4) സ്വാഭാവിക മരണസഹായം 5)ചികിത്സാധനസഹായം 6) വിവാഹധനസഹായം 7) പ്രസവാനുകൂല്യം 8) വിദ്യാഭ്യാസസഹായം.

## V. തയ്യൽത്തൊഴിലാളി ക്ഷേമനിധി

1. **അംഗത്വം**

തയ്യൽജോലിയിലോ എംബ്രോയിഡറി ജോലിയിലോ (3 വർഷത്തിൽ കുറയാതെ - നിർബന്ധമില്ല) ഏർപ്പെട്ടിരിക്കുന്ന ഏതൊരു തയ്യൽത്തൊഴിലാളിക്കും, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതാണ്. ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരെ അംഗങ്ങളായി പരിഗണിക്കുന്നതാണ്.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക് ഈ ക്ഷേമനിധിയിൽ ചേരാം. മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗത്വം പാടില്ല.

3. **നിബന്ധനകൾ**

തൊഴിലാളിയുടെ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസു തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് കെ.എൽ.എം നല്കും.

4. **വിഹിതം**

60 രൂപവീതം പ്രതിമാസ വിഹിതം (വാർഷിക വരിസംഖ്യ 720 രൂപ) ബാങ്കിൽ അടയ്ക്കണം. രജിസ്ട്രേഷൻ ഫീസ് 250 രൂപ. തൊഴിലാളി 60 വയസ്സുവരെ അംശാദയവിഹിതം അടയ്ക്കണം

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) വിവാഹാനുകൂല്യം 3) പ്രസവധനസഹായം 4) വിദ്യാഭ്യാസസഹായം 5) മരണാനന്തരസഹായം

## VI. ചെറുകിട തോട്ടംതൊഴിലാളി ക്ഷേമനിധി

1. **അഗത്വം**

അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ളവരും, മറ്റു തോട്ടങ്ങളിൽ ജോലിചെയ്യുന്നവർക്കും ക്ഷേമനിധിയിൽ അംഗമാകാം.

*2.* **അംഗത്വത്തിനുള്ള യോഗ്യത**

പ്രായപരിധി 18 വയസു പൂർത്തിയാക്കുകയും എന്നാൽ 54 വയസ്സ് പൂർത്തിയാകാത്തവർക്കു ക്ഷേമനിധിയിൽ ചേരാം.

3. **നിബന്ധനകൾ**

തൊഴിലാളിയുടെ അഞ്ചു പാസ്പോർട്ട് സൈസ് ഫോട്ടോ, വയസു തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ്, സ്ഥലത്തിന്റെ കരം അടച്ച രസീത് കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. തൊഴിൽപരിചയ സർട്ടിഫിക്കറ്റ് കെ.എൽ.എം നല്കും.

4. **വിഹിതം**

പ്രതിമാസവിഹിതം 40 രൂപ (വാർഷിക വരിസംഖ്യ 480 രൂപ) ബാങ്കിൽ അടയ്ക്കണം. 250 രൂപ രജിസ്ട്രേഷൻ ഫീസ്. തൊഴിലാളി 60 വയസ്സുവരെ അംശാദായവിഹിതം അടയ്ക്കണം.

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) വിവാഹാനുകൂല്യം 3) പ്രസവധനസഹായം 4) ചികിത്സാസഹായം 5) മരണാനന്തരസഹായം

## VII. പ്രവാസി ക്ഷേമനിധി

**1. അംഗത്വം**

1. പ്രവാസി കേരളീയൻ (വിദേശം) ഇപ്പോൾ വിദേശത്ത് തൊഴിൽ ചെയ്യുന്നവർ.
2. മുൻ പ്രവാസി കേരളീയൻ (വിദേശം) വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്തശേഷം മടങ്ങിവന്നവർ.
3. പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) കേരളത്തിനു പുറത്ത് ജോലി സംബന്ധമായി ആറുമാസമായി താമസിച്ചുവരുന്നവർ/ജോലിചെയ്തു മടങ്ങിവന്നവർ.

**2. അംഗത്വത്തിനുള്ള യോഗ്യത**

അംഗത്വമെടുക്കാനാഗ്രഹിക്കുന്നവർ 18 നും 55 വയസിനും മദ്ധ്യേ ആയിരിക്കണം.

3. **നിബന്ധനകൾ**

- മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, പാസ്പോർട്ട് കോപ്പി, വിസാ കോപ്പി. വയസു തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി)
- മുൻ പ്രവാസി കേരളീയൻ (വിദേശം) - വില്ലേജ് ഓഫീസർ, തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം.
- പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) - ഏതെങ്കിലും വ്യവസായം/ ബിസിനസ്/സ്ഥാപനം നടത്തുകയാണെങ്കിൽ അതാതു സ്ഥലത്തെ സ്ഥാപന തൊഴിലുടമയിൽനിന്നോ സ്ഥാപനാധികാരിയിൽനിന്നോ സാക്ഷ്യപത്രം വേണം.

4. **വിഹിതം**

1) പ്രവാസി കേരളീയൻ (വിദേശം) & മുൻ പ്രവാസി കേരളീയൻ (വിദേശം) - പ്രതിമാസവിഹിതം 300 രൂപ അടയ്ക്കണം (വാർഷിക വരിസംഖ്യ 3600 രൂപ).

2) പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) - പ്രതിമാസ വരിസംഖ്യ 100 രൂപ അടയ്ക്കണം (വാർഷികവരിസംഖ്യ 1200 രൂപ).

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) അംശാദായം തിരിച്ചുനല്കൽ 3) മരണാനന്തര ധനസഹായം 4) ചികിത്സാസഹായം 5) വിവാഹധനസഹായം 6) പ്രസവാനുകൂല്യം **7) വിദ്യാഭ്യാസ ആനുകൂല്യം.**

**വിശദവിവരങ്ങൾക്ക്:-** പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ. എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**Mob: 8304981275 (O), 9400661492 (P)**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**പുസ്തകപ്രകാശനം**

അഡാർട്ട് ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് എഴുതിയ 'കണ്ണീരൊപ്പുന്ന ദൈവം' എന്ന പുസ്തകത്തിന്റെയും എൻ.എം. സെബാസ്റ്റ്യൻ എഴുതിയ 'ലഹരിയോടുള്ള ആസക്തി - 151 ചോദ്യങ്ങളും ഉത്തരങ്ങളും' എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പിന്റെയും പ്രകാശനകർമ്മം 9-9-2020 ബുധനാഴ്ച പാലാ ബിഷപ്സ് ഹൗസിൽ വച്ചു നടത്തി. 'കണ്ണീരൊപ്പുന്ന ദൈവം' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ആദ്യകോപ്പി അഡാർട്ടിന്റെ ചെയർമാൻ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിലിനു നൽകിക്കൊണ്ട് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

'ലഹരിയോടുള്ള ആസക്തി-151 ചോദ്യങ്ങളും ഉത്തരങ്ങളും' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ആദ്യകോപ്പി അഡാർട്ടിന്റെ ചീഫ് ഫിസിഷ്യൻ

ഡോ. ജോയി ഫ്രാൻസിസ് MD, MTH ന് നൽകിക്കൊണ്ട് ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിച്ചു. രണ്ടു പുസ്തകങ്ങളും അഡാർട്ടിൽ ലഭ്യമാണ്.

**മാതാപിതാക്കന്മാർക്കു ലഹരിവിരുദ്ധ സെമിനാർ**

എക്സൈസ് കോട്ടയം ജില്ലയുടെയും അഡാർട്ടിന്റെയും ആഭിമുഖ്യത്തിൽ 28-9-2020 തിങ്കളാഴ്ച രാവിലെ 10.30 ന് മാതാപിതാക്കന്മാർക്കുവേണ്ടി ലഹരിവിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. സൂം മീറ്റിൽ നടത്തിയ പ്രോഗ്രാമിൽ അഡാർട്ട് പ്രോജക്ട് കോ-ഓർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സെടുത്തു.

**ഗാന്ധിജയന്തി**

ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2-ാം തീയതി രാവിലെ 11.30 ന് കോവിഡ് മാനദണ്ഡമനുസരിച്ച് അഡാർട്ടിൽ ചേരുന്ന യോഗത്തിൽ ഗാന്ധിയൻ ജീവിതശൈലിയും ലഹരിവിരുദ്ധമനോഭാവവും ജീവിതത്തിൽ പ്രാവർത്തികമാക്കിയിരിക്കുന്ന കാഞ്ഞിരത്താനം ഇടവക കൊല്ലംപറമ്പിൽ കെ.ജെ. കുര്യനെയും (കുട്ടപ്പൻ ചേട്ടൻ) ഇടപ്പള്ളി ഇടവക കാഞ്ഞിരക്കാട്ടുപാറയിൽ എ.എസ്. തങ്കപ്പനെയും (ദേവസ്യ) ആദരിക്കുന്നു. അഡാർട്ട് ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിക്കും. സർവ്വോദയമണ്ഡലം ഭാരവാഹി കെ.ജെ. എബ്രാഹം പ്രൊഫ. കെ.വി. ജോസഫ് എന്നിവർ ആശംസാപ്രസംഗങ്ങൾ അഡാർട്ട് കൗൺസിലേഴ്സ് ഷാജി കച്ചിറമറ്റം സ്വാഗതവും ഡിജോദാസ് കൃതജ്ഞതയും പറയും അഡാർട്ട് ഗായകസംഘം ദേശഭക്തിഗാനം ആലപിക്കും.

**എ.എ. പ്രോഗ്രാം ഓൺലൈനിൽ**

ലഹരിവിമുക്തരുടെ ആഗോളകൂട്ടായ്മയാണ് എ.എ. അഥവാ ആൽക്കഹോളിക്സ് അനോനിമസ്. കോവിഡ് പശ്ചാത്തലത്തിൽ എ.എ. മീറ്റിംഗുകൾ നടത്താൻ സാധിക്കാത്തതുകൊണ്ട് എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെയും ഗൂഗിൾ മീറ്റിൽ ഓൺലൈനായി ഏ.എ. മീറ്റിംഗ് നടത്തിവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരം 2020 ഡിസംബർ 27-ാം തീയതി നടത്തപ്പെടുന്നതാണ്. സമയം: ഉച്ചകഴിഞ്ഞ് 2 മണിമുതൽ 3. 30 വരെ. രജിസ്ട്രേഷൻ അവസാനിക്കുന്നത് 2020 ഒക്ടോബർ 31.

പഠനഭാഗം : മർക്കോസ് 1-8, നിയമാവർത്തനം 22-34, പ്രഭാഷകൻ : 18-22,1 കോറിന്തോസ് 1-8.

**2. ലോഗോസ് ഫാമിലി.**

ലോഗോസ് ഫാമിലി മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് റവ. ഡോ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 10,000

രൂപ ക്യാഷ് അവാർഡും ലഭിക്കുന്നതാണ്. രണ്ടാം സ്ഥാനം: 5,000 രൂപ, മൂന്നാം സ്ഥാനം 3,000 രൂപ. കൂടാതെ 14 പ്രോത്സാഹനസമ്മാനങ്ങൾ 1000 രൂപ വീതം.

- ♦ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കണം.
- ♦ ടീമിൽ പിതാവ്, മാതാവ്, മക്കൾ ഉണ്ടായിരിക്കണം.
- ♦ പ്രാഥമികപരീക്ഷ എഴുതിയിരിക്കണം.
- ♦ ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ബൈബിൾ കോഴ്സുകൾ നടന്നുവരുന്നു. വീഡിയോ കണ്ടതിനുശേഷം അതിൽ നല്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതി നല്കുന്ന രീതിയിലാണ് കോഴ്സ് നടത്തപ്പെടുന്നത്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം സെപ്റ്റംബർ 18-ാം തീയതി വെള്ളിയാഴ്ച രാത്രി 9 മുതൽ 10.30 മണിവരെ ഓൺലൈനായി നടത്തപ്പെട്ടു.

മിനിസ്ട്രികൾക്കു ചുമതലവഹിക്കുന്ന സേവനസമിതി അംഗങ്ങൾ, തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും, എൽ.എസ്. എസ്. ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെക്കുറിച്ച്, ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനശുശ്രൂഷകളെക്കുറിച്ചും പങ്കുവെച്ചു.

ഡയറക്ടർ റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിനു നേതൃത്വം നല്കി. പുതിയ സാധ്യതകൾ കണ്ടെത്തി എല്ലാ രീതിയിലും ശുശ്രൂഷകൾ നടത്തിയവരെ അഭിനന്ദിച്ചു. 10.30 ന് സേവനസമിതി സമ്മേളനം സമാപനാശീർവാദപ്രാർത്ഥനയിലൂടെ അവസാനിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭംകുറിച്ച ട്രെയിനിങ് പ്രോഗ്രാം സെപ്റ്റംബർ മാസവും ഓൺലൈനായി നാലു ക്ലാസ്സ് നടത്തി. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**3. L.S.S (Life in Spirit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S.

നമ്മുടെ രൂപത സോണിൽനിന്ന് 73 ഓളം പേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടിരിക്കുന്നു.

വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധ്യമാകുന്നു. LSS സെൻട്രൽ മോണിറ്ററിങ് ടീം പാലാ സോണൽ ടീമുമായി മോണിറ്ററിങ് ഓൺലൈൻ ട്രെയിങ് പ്രോഗ്രാമുകൾ നിശ്ചയിച്ചു.

**4. കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനമനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവകതലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. അഞ്ഞൂറോളം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തിയെഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നല്കുന്നു.

**5. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് ഒരു പ്രാവശ്യം ഓൺലൈനായി നടത്തി. കുട്ടികൾക്കും അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെഗ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഓഗസ്റ്റ് 6 മുതൽ സെപ്റ്റംബർ 8 ന് അവസാനിക്കുന്ന 33 ദിവസത്തെ പരിശുദ്ധ അമ്മയുടെ വിമലഹൃദയ പ്രതിഷ്ഠയും മറ്റു പ്രാർത്ഥനകളും ആഘോഷമായ പ്രാർത്ഥനാശുശ്രൂഷകളോടെ സമാപിച്ചു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**6. പ്രാർത്ഥനാകൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണ യ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 2 മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രുഷകൾ നടത്തപ്പെടുന്നു. സെപ്റ്റംബർ 6 ന് ബ്രദർ ജോൺസൻ തടത്തിൽ 13 ന് റവ. ഫാ. റോബർട്ട് ചവരാനിക്കൽ വി.സി., 20 ന് റവ.ഫാ. ജോയി മൂലച്ചേ രി, 27-ന് റവ.ഫാ. ആന്റണി അടിച്ചേരിയും വചനസന്ദേശം നല്കി. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**7. കോവിഡ്-19 വ്യാപനത്തിന് എതിരേ മധ്യസ്ഥപ്രാർത്ഥന**

കോവിഡ് 19 വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്നതിനാൽ പ്രാർത്ഥനയാണ് നമ്മുടെ ശക്തി എന്നു മനസ്സിലാക്കിക്കൊണ്ട് സബ് സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ, രാമപുരം, പാലാ, പൂഞ്ഞാർ, കൂട്ടിക്കൽ, തുടങ്ങനാട്, കടനാട്, മൂലമറ്റം, ചേർപ്പുങ്കൽ തുടങ്ങിയ സബ് സോണുകളിൽ എല്ലാ ആഴ്ചകളിലും ഒന്നും രണ്ടു മണിക്കൂർവീതം മധ്യസ്ഥപ്രാർത്ഥനകൾ നടത്തിവരുന്നു.

**L7) എട്ടുനോമ്പാചരണവും വിമലഹൃദയ പ്രതിഷ്ഠ ശുശ്രൂഷ സമാപനവും**

ദൈവമാതാവും സഹരക്ഷകയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായിട്ട് ആരംഭിച്ച 8 നോമ്പിനോട് അനുബന്ധിച്ച് പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ പാലാ ളാലം പഴയപള്ളിയിൽ സെപ്തംബർ 1-ാം തീയതി ചൊവ്വാഴ്ചമുതൽ 8-ാം തിയതി ചൊവ്വാഴ്ചവരെ എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ പാലാ രൂപത കരിസ്മാറ്റിക് ടീമിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യസന്നിധിയിൽ അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെട്ടു. 18 സബ് സോണുകളുടെ നേതൃത്വത്തിൽ ആയിരിന്നു ഈ ശുശ്രൂഷ നടത്തപ്പെട്ടത്. ഓരോ സബ് സോണിനും നിശ്ചയിച്ചിരിക്കുന്ന തീയതിയും സമയവും അനുസരിച്ച് എല്ലാവരും ശുശ്രൂഷയിൽ പങ്കാളികളായി. കോവിഡ് 19 മഹാമാരിയിൽനിന്നും പ്രകൃതിദുരന്തങ്ങളിൽനിന്നും മോചനം ലഭിക്കാനും തിരുസഭയുടെ ശാക്തീകരണത്തിനും ലോകമാനസാന്തരത്തിനുംവേണ്ടി പ്രാർത്ഥനകൾ ഉയർത്തപ്പെട്ടു.

പരിശുദ്ധ അമ്മയുടെ വിമലഹൃദയപ്രതിഷ്ഠ പ്രാർത്ഥനകളും ഇതിനോടൊപ്പം സമർപ്പിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് എല്ലാ ദിവസവും വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു. അനേകർക്ക് കുമ്പസാരിക്കാൻ സൗകര്യങ്ങളൊരുക്കപ്പെട്ടു. റവ. ഫാ. ജോൺസൻ പുള്ളിറ്റ്, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**8. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനം ശനിയാഴ്ചകളിൽ നടത്തിവരുന്ന രാത്രി ആരാധന കോവിഡ് 19 പശ്ചാത്തലത്തിൽ സെപ്റ്റംബർ 26-ാം തീയതി ശനിയാഴ്ച ഓൺലൈനായി നടത്തപ്പെട്ടു. രണ്ടായിരത്തോളംപേർ ഓൺലൈനായി വിശുദ്ധ കുർബാനയിലും പരിശുദ്ധ ആരാധനയിലും ജപമാലയിലും പങ്കെടുത്തു. വൈകുന്നേരം 5.30 മുതൽ രാത്രി ഒമ്പത് മണിവരെയാണ് ശുശ്രൂഷകൾ നടത്തപ്പെട്ടത് റവ.ഫാ. തോമസ് കടുത്താനം OCD വചനശുശ്രൂഷയും ആരാധനയും നയിച്ചു.

റവ. ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ, 'ദൈവശക്തി വ്യാപരിക്കുന്നു' എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി ഏപ്രിൽ പതിനാലാം തിയതി ആരംഭിച്ച ഓൺലൈൻ ധ്യാനം തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം, ഈ ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos എന്ന പേരിൽ ഒരു പുതിയ യൂട്യൂബ് ചാനലായി പ്രക്ഷേപണം ആരംഭിച്ചിട്ടുണ്ട്. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികൾ ലഭ്യമാണ്; രണ്ട് പരിപാടികളുടെയും ലിങ്കുകൾ ചുവടെ ചേർക്കുന്നു:

Online Retreat:

https://www.youtube.com/

playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8

Mount Nebo Short Videos:

https://www.youtube.com/results?search_query=mount+nebo+short+videos

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ: പുസ്തകം 11 - പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നവർ; പുസ്തകം 12 - പിശാചിനെക്കുറിച്ച് എന്തിനിങ്ങനെ ചിന്തിക്കണം. പുസ്തകത്തിന്റെ കോപ്പികൾ പാലാ സെന്റ് തോമസ് ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ആലോചനകൾ നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## ഇൻഫാം

**1. ചിങ്ങം ഒന്ന് കർഷക കണ്ണീർദിനം**

സർക്കാർ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചപ്പോൾ കർഷകരോടുള്ള സർക്കാർ അവഗണനയ്ക്കെതിരെ ഇൻഫാം കർഷക കണ്ണീർദിനമായി ആച

രിച്ചു. ഇൻഫാം യൂണിറ്റുകളിൽ അംഗങ്ങൾ അന്ന് ഉപവാസദിനമായി ആചരിക്കുകയും കർഷകരുടെ ബുദ്ധിമുട്ടുകൾ കൃഷി ഓഫീസർമാർ ഉൾപ്പെടെ സർക്കാർ കൃഷി ഡിപ്പാർട്ടുമെന്റുകളുടെ ശ്രദ്ധയിൽ പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്തു.

**2. പുതിയ തോട്ടവിളകൾ പരിധിയില്ലാതെ കൃഷിചെയ്യാൻ അനുവദിക്കണം.**

1963 ലെ ഭൂപരിഷ്കൃത നിയമത്തിൽ ആവശ്യമായ ഭേദഗതികൾകൊണ്ടുവന്ന് നഷ്ടത്തിലായ തോട്ടവിളകളുടെ സ്ഥാനത്ത് നിശ്ചിതഭൂപരിധി വയ്ക്കാതെതന്നെ റംബൂട്ടാൻ, അവാക്കാടോ, ദുരിയാൻ, മംഗോസ്റ്റിൻ, ഗ്രാമ്പൂ, മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ തോട്ടവിളകൾ കൃഷി ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കമെന്ന് ഇൻഫാം മെമ്മോറാണ്ടങ്ങൾ വഴി ആവശ്യപ്പെട്ടു. ഭൂമിയുടെ ഉപയോഗം, മാറുന്ന പശുവളർത്തൽ, മീൻവളർത്തൽ, ടൂറിസം തുടങ്ങിയ പദ്ധതികൾക്ക് മൊത്തം ഭൂമിയുടെ 5% എന്നത് 20% മാക്കി വർദ്ധിപ്പിക്കണമെന്നും ഇൻഫാം സർക്കാരിനോട് ആവശ്യപ്പെട്ടു.

**കാർഷികബില്ലുകൾ കർഷകവിരുദ്ധം**

കേന്ദ്ര സർക്കാരിന്റെ പുതിയ മൂന്ന് കാർഷിക ബില്ലുകൾ കർഷകരുടെ ക്ഷേമത്തിനല്ല, തകർച്ചയ്ക്ക് കാരണമാകുമെന്ന് ഇൻഫാം വിലയിരുത്തി. കർഷകരുടെ താത്പര്യം മാനിക്കാതെ കോർപ്പറേറ്റുകളെ പ്രീണിപ്പിക്കുന്ന സർക്കാർ നടപടികൾ കേന്ദ്രം തിരുത്തണമെന്ന് ഇൻഫാം ആവശ്യപ്പെട്ടു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

**ഫാ. സിറിൽ തയ്യിൽ** (അസി. മാനേജർ)




# ആദരാഞ്ജലികൾ



## ഫാ. ജോസഫ് പടന്നമാക്കൽ

പടന്നമാക്കൽ ഔസേപ്പ് - മറിയാമ്മ ദമ്പതികളുടെ മകനായി ഫാ. ജോസഫ് പടന്നമാക്കൽ 1931 ഏപ്രിൽ 13-ാം തീയതി ജനിച്ചു. 27-04-1931 ൽ ഇടവക ദൈവാലയമായ അരുവിത്തുറ പള്ളിയിൽവച്ച് മാമ്മോദീസാ സ്വീകരിച്ചു. കുഞ്ഞേപ്പ് എന്നായിരുന്നു വിളിപ്പേര്. പൂഞ്ഞാർ പനച്ചികപ്പാറ എൽ.പി. സ്കൂളിലും പൂഞ്ഞാർ പള്ളിവക കെയിംബ്രിഡ്ജ് സ്കൂളിലും എസ്.എം.വി. ഹൈസ്കൂൾ പനച്ചികപ്പാറയിലും പഠിച്ച് 1950- ൽ ഇ.എസ്.എൽ.സി. പാസ്സായി. 1950 ജൂൺ 18-ാം തീയതി ചങ്ങനാശ്ശേരി രൂപതയിലെ മൈനർ സെമിനാരിയിൽ ചേർന്നു. 1950 ചങ്ങനാശ്ശേരി രൂപത വിഭജിച്ച് പാലാ രൂപത സ്ഥാപിതമായി. ആയതിനാൽ അടുത്ത വർഷം പാലാ രൂപതയുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലാണു പഠിച്ചത്. 1952 മുതൽ 1959 വരെ ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ പഠിച്ചു. സെമിനാരി ചാപ്പലിൽ വച്ച് 1959 മാർച്ച് 17-ാം തീയതി പാലാ രൂപതയുടെ പ്രഥമമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. 19-ാം തീയതി അരുവിത്തുറ പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

പാലാ ളാലം പഴയപള്ളി, ചേർപ്പുങ്കൽ പള്ളികളിൽ അസ്തേന്തിയായും, 1962 മുതൽ 1966 വരെ മണിയംകുളം പള്ളിവികാരിയായും സേവനമനുഷ്ഠിച്ചു. 1966 മുതൽ 1970 വരെ പാരിസിലെ കത്തോലിക്കാ സർവ്വകലാശാലയിൽ ഉന്നത വിദ്യാഭ്യാസം ചെയ്ത് ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കി.

വിദേശപഠനം കഴിഞ്ഞു തിരിച്ചെത്തിയ ഉടനെ ചുരുങ്ങിയ കാലത്തേക്ക് പാലാ രൂപത വിശ്വാസപരിശീലനത്തിന്റെയും മിഷൻ ലീഗിന്റെയും ജോയിന്റ് ഡയറക്ടറായി ജോലി ചെയ്തു. 1970 ഏപ്രിൽ മുതൽ 8 വർഷം മേലമ്പാറയുള്ള സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ദീപ്തി കോളേജിൽ ആധ്യാത്മികപിതാവും പ്രൊഫസറും റെക്ടറുമായി സേവനം അനുഷ്ഠിച്ചു. 1978

മുതൽ 3 വർഷം ചെമ്മലമറ്റം പള്ളിയിലും 1981 മുതൽ 2 വർഷക്കാലം കടനാട് പള്ളിയിലും വികാരിയായിരുന്നു.

1983 മുതൽ 13 വർഷം ആലുവാ കാർമ്മൽഗിരി സെന്റ് ജോസഫ്സ് സെമിനാരിയിൽ പ്രൊഫസർ, ആധ്യാത്മിക പിതാവ്, തത്ത്വശാസ്ത്ര വിഭാഗം വൈസ് റെക്ടർ എന്നി നിലകളിൽ സേവനമനുഷ്ഠിച്ചു. 1956 മുതൽ ഒരു വർഷം മോനിപ്പള്ളി, അന്ത്യാളം, പള്ളികളിൽ വികാരിയായും മരിയൻ മെഡിക്കൽ സെന്ററിൽ ചാപ്ലയിനായും ജോലി ചെയ്തു. 1997 മുതൽ മൂന്നു വർഷം പാലാ രൂപതയുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ റെക്ടർ ആയിരുന്നു. 2000 മുതൽ 5 വർഷം മല്ലികശ്ശേരി അഡോർണോ ആശ്രമത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയി ജോലി ചെയ്തു. ദീർഘകാലം പാലാ രൂപത ആലോചനസമിതിയിലും, പ്രസ്ബിറ്റർ കൗൺസിലിലും രൂപത പാസ്റ്ററൽ കൗൺസിലിലും അംഗമായിരുന്നു. 13-12-2009 മുതൽ 5-02-2010 വരെ നെല്ലിയാനി പള്ളി വികാരിയായും, തുടന്ന് 6-2-2010 മുതൽ 22-02-2014 വരെ അഡോറേഷൻ കോൺവെന്റ് ചാപ്ലയിനായും സേവനമനുഷ്ഠിച്ചു. 2014 മുതൽ അച്ചൻ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരുകയായിരുന്നു. രോഗത്തെത്തുടർന്ന് 25-08-2020 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് പാലാ വൈദികമന്ദിരത്തിൽവച്ച് സ്വർഗ്ഗീയ സമ്മാനത്തിനു വിളിക്കപ്പെട്ടു. അന്നേദിവസംതന്നെ ഭൗതികശരീരം സഹോദരപുത്രൻ പടന്നമാക്കൽ തൊമ്മച്ചന്റെ വസതിയിലെത്തിച്ചു. 26-08-2020 ബുധനഴ്ച രാവിലെ 9 മണിക്ക് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. തുടർന്ന് വിശുദ്ധ കുർബാനയും ശുശ്രൂഷയും 10 മണിക്ക് അഭിവാന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റയും കാർമ്മികത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളിയിൽ നടത്തുകയും തുടർന്ന് സെമിത്തേരി ചാപ്പലിൽ സംസ്കരിക്കുകയും ചെയ്തു. കാരുണ്യവാനായ ദൈവം അച്ചന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| | | SEPTEMBER 2020 |
|---|---|---|
| 2 | 09.30 am | പൂവത്തോട് ഇടവകയിൽ ഡോ. പി.ജെ. ജോർജ്ജ് പേരേക്കാട്ട് സാറിന്റെ വേർപാടിൽ ഭവനത്തിലെ മൃത സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 10.30 am | ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 5 | 11.00 am | ഇടമറ്റം ഇടവകയിൽ ബഹു. ജോർജ് മണ്ടപത്തിലച്ചന്റെ സഹോദരന്റെ വേർപാടിൽ ഭവനത്തിലെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | 11.00 am | ചേർപ്പുങ്കൽ ഇടവകയിൽ ബഹു. മാത്യു ചാവേലിലച്ചന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 8 | 10.00 am | കുറവിലങ്ങാട് ഇടവകയിൽ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 03.30 pm | മുത്തോലി ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഒരു ഭവനം വെഞ്ചെരിച്ചു. |
| | 05.00 pm | ളാലം പഴയപള്ളിയിൽ പുതുതായി നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ ശിലാവെഞ്ചെരിപ്പും ഇടവക ഡയറക്ടറി പ്രകാശനവും നവീകരിച്ച പാരിഷ് ഹാളിന്റെ വെഞ്ചെരിപ്പും നിർവ്വഹിച്ചു. |
| 9 | 03.00 pm | അരമനയിൽവച്ച് ബഹു. മാത്യു പുതിയിടത്തച്ചന്റെ 'കണ്ണീരൊപ്പുന്ന ദൈവം' എന്ന പുസ്തകം പ്രകാശനം ചെയ്തു. |
| | 03.30 pm | ചേർപ്പുങ്കൽ മാർ സ്ലീവ മെഡിസിറ്റിയിൽ മീറ്റിംഗിന് നേതൃത്വം നൽകി. |
| 10 | 03.00 pm | അരമനയിൽ വച്ച് ലൂമൻ സ്റ്റഡി സെന്റർ മീറ്റിംഗിന് നേതൃത്വം നൽകി. |

| | | |
|---|---|---|
| | 04.00 pm | ഭരണങ്ങാനം എം.എസ്.ടി. ദീപ്തിഭവനിൽ ബഹു. ജോസഫ് കൊച്ചയ്യങ്കനാലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 10.30 am | ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | കിഴപറയാർ ഇടവകയിൽ പുതുതായി നിർമ്മിച്ച സി.എഫ്.ഐ.സി. സെമിനാരിക്കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. |
| 14 | 06.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 19 | 02.00 pm | മറ്റത്തിപ്പാറ ഇടവകയിൽ ബഹു. ജോസഫ് മലേപറമ്പിൽ അച്ചന്റെ പിതാവിന്റെ വേർപാടിൽ ഭവനത്തിലെ തിരുകർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| 21 | 11.30 am | കടുവാക്കുളത്ത് ബഹു. ജോർജ് മോളോപ്പറമ്പിൽ എം.സി.ബി.എസ്. അച്ചന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 03.00 pm | അരമനയിൽ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മീറ്റിംഗിൽ നേതൃത്വം നൽകി. |
| 23 | 10.00 am | അരുവിത്തുറ കോളജിൽ ലൈബ്രറിയുടെ ശിലാവെഞ്ചെരിപ്പും അരുവിത്തുറ ഇടവകയുടെ നേതൃത്വത്തിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് പണി തീർത്ത വീടുകളുടെ വെഞ്ചെരിപ്പും പുതിയ കോംപ്ലക്സിന്റെ വെഞ്ചെരിപ്പും നിർവ്വഹിച്ചു. |
| 24 | 06.00 pm | അരമനയിൽ വച്ച് സെന്റ് തോമസ് കോളജിന്റെ മാനേജിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 10.30 am | ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | കയ്യൂർ ഇടവകയിൽ പൗവ്വംചിറ ഭവനത്തിൽ ജോസഫ് ചേട്ടന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 26 | 10.30 am | മാർ സ്ലീവ മെഡിസിറ്റിയിൽ മീറ്റിംഗിന് നേതൃത്വം നൽകി. |
| 27 | 11.00 am | മരങ്ങാട്ടുപിള്ളി ഇടവകയിൽ ബഹു. പെരിങ്ങാമല അച്ചന്റെ സഹോദരിയുടെ വേർപാടിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| 28 | 10.30 am | അരമനയിൽ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ എൻ. എസ്.എസ്. അവാർഡ് ജേതാവായ പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി, അറക്കുളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളെ ആദരിച്ചു. |
| 29 | 10.30 am | അരമനയിൽ വച്ച് ഡി.സി.എം.എസ്. കുട്ടികൾക്ക് ലഭിച്ച എസ്.ഡി.വി.എസ്. സ്കോളർഷിപ്പ് വിതരണം ചെയ്തു. |
| 30 | 03.00 pm | അരമനയിൽ സിവിൽ സർവ്വീസ് മാനേജിംഗ് ബോഡി മീറ്റിംഗിൽ നേതൃത്വം വഹിച്ചു. |




| | | SEPTEMBER 2020 |
|---|---|---|
| 01 | 09.00 am | ചക്കാമ്പുഴ ഇടവകയിൽ മറിയക്കുട്ടി വാഴക്കമലയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 06.00 pm | പൂവത്തോട് ഇടവകയിൽ ഡോ. പി.ജെ. ജോർജ് പേരേക്കാട്ട് സാറിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 06.15 am | ളാലം മാർ സ്ലീവാ ക്ലാരിസ്റ്റ് അഡോറേഷൻ മൊണാസ്ട്രി(മിണ്ടാമഠം)യിൽ പരി. കുർബാനയർപ്പിച്ചു. |
| | 11.00 am | എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടക്കുന്ന റബ്ബർ ടാപ്പിംഗ് പരിശീലനപദ്ധതിയുടെ രണ്ടാമത്തെ ബാച്ചിന് അരമനയിൽ വച്ച് സർട്ടിഫിക്കറ്റുകൾ നൽകി. |
| 05 | 11.30 am | ഇടമറ്റം പള്ളിയിൽ ബഹു. ജോർജ് മണ്ഡപത്തിലച്ചന്റെ സഹോദരൻ ശ്രീ എബ്രാഹം ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 06 | 11.45 am | ചേർപ്പുങ്കൽ പള്ളിയിൽ എം.എസ്.എഫ്.എസ്. സഭാംഗമായ ബഹു. മാത്യു ചാവേലിയച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 07 | 09.15 pm | താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് കല്യാൺ, താമരശ്ശേരി രൂപതകളുടെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 08 | 10.00 am | കത്തീഡ്രലിൽ കണ്ണാടിയുറുമ്പ് എഫ്.സി. കോൺവെന്റ് പുതുതായി നിർമ്മിച്ച മേരിമാതാ പബ്ലിക് സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 09 | 11.00 am | നീലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 10 | 09.30 am | കടപ്ലാമറ്റം ഇടവകയിൽ എം.എസ്.റ്റി. സഭാംഗമായ ബഹു. ജോസഫ് കൊച്ചയ്യങ്കനാലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.00 am | കത്തീഡ്രലിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 12 | 11.00 am | നീലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | കടനാട് ഇടവകയിൽ ശ്രീ വി.ടി. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് സാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 04.00 pm | കുന്നോന്നി ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി. |
| | 05.00 pm | പയ്യാനിത്തോട്ടം ഇടവകയിൽ ശ്രീമതി ലിസി കളപ്പുരയ്ക്കൽപറമ്പിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.45 pm | ചക്കാമ്പുഴ ഇടവകയിൽ ശ്രീമതി സെൽമ സിജു വല്യാനാലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 14-18 | | കോട്ടയത്തുള്ള മിഷണറി ഓറിയന്റേഷൻ സെന്ററിൽ (എം.ഒ.സി.) സന്ന്യാസിനിയർത്ഥികൾക്കുള്ള ധ്യാനം നയിച്ചു. |
| 19 | 12.00 noon | കുടക്കച്ചിറ ഇടവകയിൽ ബഹു. റാഫേൽ OFM അച്ചന്റെ മാതാവ് ശ്രീമതി ചിന്നമ്മ കണിയാംപാറയ്ക്കലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 02.45 pm | ഗാഗുൽത്താ (മറ്റത്തിപ്പാറ) ഇടവകയിൽ പെരിയ ബഹു. മോൺ. ജോസഫ് മലേപ്പറമ്പിലച്ചന്റെ പിതാവ് ശ്രീ മത്തായി മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| 21 | 03.00 pm | കാഞ്ഞിരപ്പള്ളി മുൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ പീരുമേട്ടിൽ അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് നൽകി. |
| | 06.00 pm | കോട്ടയം അതിരൂപത ഭദ്രാസനത്തിൽ വച്ച് അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന് നാമഹേതുകതിരുനാൾ മംഗളങ്ങൾ നൽകി. |
| 26 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | തെള്ളകം ആമോസ് സെന്ററിൽ വച്ച് ജസ്റ്റിസ് സൺഡേ സംസ്ഥാനതല ആചരണത്തിൽ ആമുഖ സന്ദേശം നൽകി. |
| 27 | 08.30 am | കാവുംകണ്ടം പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഇടവകയുടെ 'തണൽ' ഭവന നിർമ്മാണപദ്ധതിയോടനുബന്ധിച്ച് പണിയാനാരംഭിക്കുന്ന രണ്ട് വീടുകളുടെ തറക്കല്ലിടൽ കർമ്മവും നടത്തി. |
| 28 | 08.45 am | ചങ്ങനാശേരിയിൽ ബഹു. സി.എഫ്.തോമസ് എം.എൽ.എ. സാറിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കൂത്രപ്പള്ളി എസ്റ്റേറ്റ്, മണലുങ്കൽ, കൊഴുവനാൽ, മേവട, മുത്തോലി, അരുണാപുരം എന്നിവിടങ്ങളിൽ ഹ്രസ്വസന്ദർശനം നടത്തി. |
| 30 | 06.00 am | കരൂർ സി.എം.സി. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. |



താമരശ്ശേരി രൂപതയുടെ ഇടയനായിരുന്ന മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ
വേർപാടിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുന്നു




ജസ്റ്റിസ് സൺഡേ സംസ്ഥാനതല ആചരണത്തിൽ
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുന്നു.

2020
OCTOBER

# ★ SANTHWANAPRAKASHAM ★

PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Edettu